
VOL NO: 06 I ISSUE 23
www.nerpatham.com
mail@nerpatham.com
2022 JUNE 04 I ₹10

# നേർപഥം

വാരിക

## നരകത്തിലേക്ക് നയിക്കുന്ന പണ്ഡിതന്മാർ!

കുറുമ്പും കുസൃതിയുംകൊണ്ട് സന്തോഷം തീർക്കുന്നവരാണ് കുഞ്ഞുങ്ങൾ. എന്നാൽ കൊച്ചുകൊച്ചു സന്തോഷങ്ങൾക്ക് അതിരും വരമ്പും നിർണയിച്ച് നൽകിയില്ലെങ്കിൽ അത് പ്രതിലോമകരമായ ഇടങ്ങളിലേക്ക് കൊണ്ടുചെന്നെത്തിക്കും. പുതിയ തലമുറയുടെ പ്രവർത്തനമണ്ഡലം വിശാലവും ദുർഗ്രഹവുമാണെന്ന വസ്തുത ഉൾക്കൊണ്ടു വേണം അവരുടെ ആസ്വാദനങ്ങൾക്ക് വഴിയൊരുക്കാൻ.



# മക്കൾ കൈവിട്ടു പോകുന്നുവോ?

|| അയൽക്കാരന്റെ അവകാശങ്ങൾ

|| പുതുതലമുറ മൂല്യനിരാസത്തിന്റെ വഴിയിൽ

|| സിഗ്നൽ അവസരോചിതമായി കൊടുത്തില്ലെങ്കിൽ



ഇനി പഠനം രസകരമാകും
peaceradio
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ
കൂട്ടുകാരെ
രജിസ്റ്റർ ചെയ്യാൻ
മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
zameel
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ
ഫോണിൽ ലഭിക്കുവാൻ
ANDROID APP ON
Google play
Available on the
App Store
Peace Radio
RadioForPeace

0280
നേർപഥം
വാരിക
2022 ജൂൺ 4
1443 ദുൽഖഅദ 3
പുസ്തകം 06 / ലക്കം 23




Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




05
മുഖമൊഴി
പുതുതലമുറ
മൂല്യനിരാസത്തിന്റെ വഴിയിൽ

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം
അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

17
കാഴ്ച
സിഗ്നൽ അവസരോചിതമായി
കൊടുത്തില്ലെങ്കിൽ...
സലാം സുറുമ, എടത്തനാട്ടുകര

18
ലേഖനം
അയൽക്കാരന്റെ
അവകാശങ്ങൾ
ഡോ.ടി.കെ. യൂസുഫ്

23
ലേഖനം
നരകത്തിലേക്ക്
നയിക്കുന്ന പണ്ഡിതന്മാർ!
അബ്ദുൽ മാലിക് സലഫി

26
ചരിത്രപഥം
പ്രവാചകന്റെ
വിവാഹങ്ങൾ
ഹുസൈൻ സലഫി

29
ക്വുർആൻ ദർശനം
മുഹമ്മദ്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

31
ലേഖനം
തശഹ്ഹുദിലെ പ്രാർഥന;
നാം അറിയേണ്ടത്
ദുൽക്കർഷാൻ
അലനല്ലൂർ

34
കവിത
കാവി തെളിയാത്ത
കണ്ണട
സുലൈമാൻ പെരുമുക്ക്

# കറാമത്ത് കഥകളുടെ അർഥശൂന്യത തുറന്നുകാട്ടിയ ആദർശ സമ്മേളനം ഉജ്ജ്വലമായി

'കറാമത്ത് കഥകൾ അഹ്‌ലുസ്സുന്നക്ക് പറയാനുള്ളത്' എന്ന വിഷയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ  മെയ് 27 മലപ്പുറത്ത് സംഘടിപ്പിച്ച ആദർശ സമ്മേളനം കറാമത്തിന്റെ മറവിൽ പൗരോഹിത്യം പ്രചരിപ്പിക്കുന്ന നിരർഥകമായ വാദങ്ങളുടെ പൊള്ളത്തരം ജനസമക്ഷം തുറന്നുകാണിച്ചു. ലോകത്തെ നിയന്ത്രിക്കുന്നത് പോലും കോഴിക്കോട് ജില്ലയിൽ ഖബ്‌റടക്കപ്പെട്ട സി.എം മടവൂരാണെന്ന ജൽപനത്തെ സത്യവിശ്വാസികൾ തള്ളിക്കളയുമെന്നും ഇതുവഴി പൗരോഹിത്യത്തിന്റെ വിശ്വാസ്യത പൊതുജനമധ്യത്തിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണെന്നും ആദർശ സമ്മേളനം ഉദ്ഘാടനം ചെയ്ത കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ വ്യക്തമാക്കി.

ഹ്രസ്വമായ വാക്കുകളിൽ സുചിന്തിതമായ ആശയങ്ങൾ പങ്കുവെച്ച കുഞ്ഞിമുഹമ്മദ് മദനി പറപ്പൂരിന്റെ ഉദ്ഘാടന ഭാഷണവും, പി. എൻ അബ്ദുല്ലത്വീഫ് മദനിയുടെ അധ്യക്ഷ പ്രസംഗവും, ഫൈസൽ മൗലവിയുടെ വിഷ്വൽ പ്രസന്റേഷനോടു കൂടിയുള്ള പ്രാമാണികമായ വിഷയാവതരണവും ആദർശ സമ്മേളനത്തെ ഉജ്ജ്വലമാക്കി.

മുൻവിധിയില്ലാതെ പരിപാടി വീക്ഷിക്കുന്നവരെ പുനർവിചിന്തനത്തിന് പ്രേരിപ്പിക്കും വിധം, ഹാരിസുബ്നു സലീം നടത്തിയ ക്രോഡീകരണവും അബ്ദുൽ മാലിക് സലഫിയുടെ സമാപന വാക്കുകളും സമ്മേളനത്തിന്റെ ഉദ്ദേശശുദ്ധി അടയാളപ്പെടുത്തുന്നതായിരുന്നു.

സമകാലിക സാഹചര്യത്തിൽ മുസ്‌ലിംകൾ നേരിടുന്ന വിവിധ വെല്ലുവിളികളെ അതിജയിക്കാൻ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കേണ്ട സമുദായത്തെ, കറാമത്ത് കഥകളിലൂടെ കുഫ്‌റിലേക്ക് നയിക്കുന്നത് അത്യന്തം അപകടകരമാണെന്നും അതിനെ ഗുണകാംക്ഷയോടെ തിരുത്തുക എന്നത് മുസ്‌ലിം നേതൃത്വത്തിന്റെ ദൗത്യമാണെന്നും ആമുഖ ഭാഷണത്തിൽ ടി.കെ അശ്‌റഫ് വ്യക്തമാക്കി. മലപ്പുറം ജില്ലാ സെക്രട്ടറി അബ്ദുറഹ്മാൻ പുളിക്കൽ നന്ദി പറഞ്ഞു.

ആത്മീയ ചൂഷണത്തിനെതിരെ സമൂഹ മനസ്സാക്ഷിയുടെ അതീവ ജാഗ്രത വിളിച്ചോതുന്നതായിരുന്നു പരിപാടിയിലെ വൻ ജനപങ്കാളിത്തം.

ശിർക്കിലേക്ക് സാധാരണക്കാരെ കൂട്ടത്തോടെ കൊണ്ടുപോകാൻ കറാമത്തിന്റെ പേരിൽ കഥകൾ മെനയുമ്പോൾ അതിനെ പ്രമാണികമായി ചെറുത്തു തോൽപിക്കുകയെന്ന മുജാഹിദ് പ്രസ്ഥാനത്തിന്റെ ചരിത്ര ദൗത്യമാണ് ആദർശ സമ്മേളനത്തിലൂടെ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നിർവഹിക്കുന്നത്. വരുംദിനങ്ങളിൽ കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിലും ആദർശ സമ്മേളനം സംഘടിപ്പിക്കും.

ഇസ്‌ലാമിൽ കറാമത്തിന്റെ യഥാർഥ സ്ഥാനമെന്താണെന്ന് ഉൾകൊള്ളാനും പൗരോഹിത്യം പ്രചരിപ്പിക്കുന്ന കറാമത്ത് കഥകൾക്ക് പിന്നിലെ സാമ്പത്തിക ചൂഷണം തിരിച്ചറിയാനും ഈ പരിപാടി ആദ്യാവസാനം വീക്ഷിക്കുന്ന, അല്ലാഹുവിനെ ഭയപ്പെടുന്ന ഏതൊരു സാധാരണക്കാരനും സാധിക്കും.

# പുതുതലമുറ മൂല്യനിരാസത്തിന്റെ വഴിയിൽ

പുതിയൊരു അധ്യയനവർഷം കടന്നുവന്നിരിക്കുകയാണ്. കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കാനായി ഉന്നത കലാലയങ്ങളിൽ പ്രവേശനം ലഭിക്കുവാനായുള്ള ഓട്ടത്തിലാണ് സമ്പന്നരായ മാതാപിതാക്കൾ. മധ്യവർഗത്തിൽ പെട്ടവർ ലോണെടുത്തും മറ്റും പഠിപ്പിക്കാൻ പാടുപെടുന്നു. ദരിദ്രരായവർ സർക്കാർ സ്ഥാപനങ്ങളിൽ അഭയം പ്രാപിക്കുന്നു. എല്ലാവരുടെയും ലക്ഷ്യം മക്കളുടെ ഭാവി ഭദ്രമാവണം എന്നതുതന്നെ.

മക്കളെ പഠിപ്പിച്ച് ഉയർന്ന ശമ്പളം പറ്റുന്ന ജോലിക്കാരാക്കി മാറ്റണം, അല്ലെങ്കിൽ നല്ല ലാഭം കൊയ്യുന്ന ബിസിനസ്സുകാരാക്കണം എന്നൊക്കെയാണ് പൊതുവെ എല്ലാ രക്ഷിതാക്കളുടെയും ആഗ്രഹം. അതിനപ്പുറമൊരു ചിന്തയും അവർക്കില്ല. ധാർമികമോ മൂല്യപരമോ ആയ യാതൊരു സംസ്കാരവും പകർന്നു നൽകാതെയാണ് പല മാതാപിതാക്കളും കുട്ടികളെ വളർത്തുന്നത്. കുട്ടികളാണ് ഓരോ വീടും ഭരിക്കുന്നത്. അവരുടെ ആവശ്യങ്ങളാണ് മാതാപിതാക്കളുടെ ആവശ്യം. ഏത് ഭക്ഷണം കഴിക്കണം, ഏത് വസ്ത്രം ധരിക്കണം, അവധിക്ക് എവിടെ പോകണം, ഏത് വാഹനം വാങ്ങണം എന്നെല്ലാം കുട്ടികൾ തീരുമാനിക്കും. പ്രോവിഡന്റ് ഫണ്ടിൽനിന്നോ ബാങ്കിൽനിന്നോ ലോണെടുത്താണെങ്കിലും മാതാപിതാക്കൾ മക്കളുടെ ആഗ്രഹം നിറവേറ്റിക്കൊടുക്കും. നേർവഴി പറഞ്ഞുകൊടുക്കാൻ മാതാപിതാക്കൾക്ക് മക്കളെ പേടിയാണ്. ഭാവിയിലേക്കുള്ള സാമ്പത്തിക നിക്ഷേപം മാത്രമായിട്ടാണ് അവർ മക്കളെ കാണുന്നത്.

രക്ഷിതാക്കൾ തങ്ങളുടെ കടമ യഥാവിധി നിർവഹിക്കുന്നുവെങ്കിൽ തിന്മയുടെ ഒഴുക്കിനെതിരെ നീന്താൻ മക്കൾക്ക് കഴിയുമെന്നതിൽ സംശയമില്ല. അവർ മക്കൾക്ക് സർവ സ്വാതന്ത്ര്യവും നൽകുകയാണ്. എന്നാൽ അവർക്ക് അത്യാവശ്യമുള്ളതെന്തോ അത് നൽകുന്നില്ല. അത് നൽകിയാലേ അവർ മനുഷ്യരാവൂ. അതാണ് ധാർമിക ബോധം അഥവാ ദൈവചിന്ത. ധർമാധർമവും സത്യാസത്യവും വ്യവഛേദിച്ചറിയാനും ധർമത്തിനും സത്യത്തിനും വേണ്ടി നിലകൊള്ളാനും സഹപാഠികളെ ഉടപ്പിറപ്പുകളായി കാണാനും മാതാപിതാക്കളെ സ്നേഹിക്കാനും ആദരിക്കാനും ഗുരുനാഥന്മാരെ ബഹുമാനിക്കാനും കഴിയണമെങ്കിൽ നന്മതിന്മകൾക്ക് തക്കതായ രക്ഷാശിക്ഷകൾ ലഭിക്കുന്ന ഒരു ലോകമുണ്ട് എന്ന ബോധം മക്കളുടെ മനസ്സിൽ ചെറുപ്പം മുതലേ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കണം.

മരണത്തോടുകൂടി എല്ലാം അവസാനിക്കും, ദൈവവും പരലോകവുമൊക്കെ സാങ്കൽപികം മാത്രമാണ് എന്നൊക്കെയാണ് പുതുതലമുറയെ യുക്തിവാദികൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആ കെണിയിൽ വിശ്വാസികളായ യുവാക്കൾ അകപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് നാം കാണാതിരുന്നുകൂടാ. മരണാനന്തര ജീവിതം സത്യവും ബുദ്ധിയുള്ളവരുടെ തേട്ടവുമാണ്, നന്മതിന്മകൾകൾക്കുള്ള രക്ഷാശിക്ഷകൾ ഈ ലോകത്ത് പൂർണമായി ഒരു കോടതിക്കും നൽകാനാവില്ല, ഒരാളെ കൊന്നാലും നൂറുപേരെ കൊന്നാലും ഭൗതിക കോടതികൾക്കു നൽകാനുള്ള ശിക്ഷകൾ വ്യത്യസ്തമല്ല തുടങ്ങിയ യാഥാർഥ്യം പുതുതലമുറയുടെ മനസ്സിൽ വേരുറക്കേണ്ടതുണ്ട്. അതിനുള്ള കൃത്യമായ വേദിയാണ് പരലോകം. ക്വുർആൻ പറയുന്നത് കാണുക.

"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല"(3:185).

ദൈവനിഷേധം വളർത്തുന്ന പ്രത്യയശാസ്ത്രങ്ങൾക്കും മൂല്യങ്ങളെ നിരാകരിക്കുന്ന സിനിമകൾക്കും മറ്റു കലകൾക്കും സാഹിത്യത്തിനുമിടയിൽ വളരുന്ന വിദ്യാർഥികൾക്ക് ദിശാബോധം നൽകാൻ മാതാപിതാക്കൾ മടി കാണിക്കുന്നതിന്റെ ദുരന്തഫലങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.



ലേഖനം

# രോഗവും മരുന്നും ⑥

ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്



**14. പാപം ചെയ്യൽ നശിച്ചവരുടെ പാരമ്പര്യമാണ്**

ഇന്ന് നമ്മൾ കാണുന്ന മുഴുവൻ പാപങ്ങളും ആദ്യം ചെയ്തവരിൽ നിന്ന് പകർന്നുവന്നതാണ്. എല്ലാവരും ശുദ്ധരാണ്. എന്നാൽ ആരെങ്കിലും ഒരാൾ തുടങ്ങിവയ്ക്കും. അതിലൂടെ പാപം പടരും. വിശിഷ്യാ ഗുരുതരമായ ചില പാപങ്ങൾ അല്ലാഹു നശിപ്പിച്ച മുൻകാല ജനതകളിൽനിന്നും പകർന്നുവന്നതാണ്. ഉദാ: സ്വവർഗരതി ആദ്യം തുടങ്ങിവച്ചത് ലൂത്വ് നബി(അ)യുടെ ജനതയാണ്. കൂടുതൽ അളന്നെടുക്കുകയും കുറച്ച് മാത്രം കൊടുക്കുകയും ചെയ്യുന്ന സമ്പ്രദായം ശുഐബ് നബി(അ)യുടെ ജനത തുടങ്ങിയതാണ്. അക്രമം ഫിർഔനിന്റെയും കൂട്ടരുടെയും പക്കൽനിന്നും ലഭിച്ചതാണ്. ആദമിന്റെ സന്തതിയെ അല്ലാഹു മഹത്ത്വപ്പെടുത്തിയതാണ്. പിന്നെ നാം നാശകരമായ പാപങ്ങളിലൂടെ എന്തിനാണ് സ്വയം നിന്ദ്യരാകുന്നത്?

ഹസനുൽ ബസ്വരി(റഹി) പറഞ്ഞു: "ആളുകൾ പാപികളെയും അക്രമകാരികളെയും മഹത്ത്വപ്പെടുത്തുന്നതു കണ്ട് അതിൽ വഞ്ചിതരാകരുത്. അനുസരണക്കേട് ആർക്കും ഒരു വിലയും നൽകുന്നതല്ല. ആളുകൾ അയാളെ ബഹുമാനിക്കുന്നുണ്ടെങ്കിൽ പോലും അയാൾ നിന്ദ്യനായിരിക്കും. കാരണം പാപി എടുത്തണിയുന്നത് അല്ലാഹുവിന്റെ ശത്രുക്കളായ മുൻകാല ജനതയുടെ വസ്ത്രമാണ്. യഥാർഥത്തിൽ മനുഷ്യൻ അണിയേണ്ടത് ഭയഭക്തിയുടെ വസ്ത്രമാണ്. അല്ലാഹു പറയുന്നു: 'ആദം സന്തതികളേ, നിങ്ങൾക്ക് നാം നിങ്ങളുടെ നഗ്നത മറയ്ക്കുവാനും ശരീരം അലങ്കരിക്കുവാനും പറ്റിയ വസ്ത്രങ്ങൾ ഉത്പാദിപ്പിച്ചുതന്നിരിക്കുന്നു. എന്നാൽ ഭക്തിയുടെ വസ്ത്രമാണ് ഏറ്റവും ഉത്തമം. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒന്നാണിത്. അവർ മനസ്സിലാക്കി പാഠം ഉൾക്കൊള്ളുവാൻ വേണ്ടിയാണ് അല്ലാഹു ഈ ഉപദേശം നൽകിയിരിക്കുന്നത്" (അൽഅഅ്റാഫ് 26).

**15. പാപികൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിന്ദ്യരാണ്**

പാപങ്ങൾ അപമാനത്തിനും നിന്ദ്യതക്കും വഴിയൊരുക്കുന്നതാണ്. അല്ലാഹു ഗ്രന്ഥങ്ങളും ദൂതന്മാരെയും മനുഷ്യർക്ക് അയച്ചുതന്നു. മറ്റു ജീവജാലങ്ങളെ മനുഷ്യരുടെ അധീനതയിലാക്കിക്കൊണ്ട് അല്ലാഹു മനുഷ്യനെ ധന്യനാക്കി. ശരിയും തെറ്റും തിരഞ്ഞെടുക്കാനുള്ള ബുദ്ധിയും സ്വാതന്ത്ര്യവും കൂടി തന്നു. പക്ഷേ, ഒരാൾ അല്ലാഹു മനുഷ്യനെക്കൊണ്ട് ഉദ്ദേശിച്ച കാര്യങ്ങൾ ഒന്നും ചെയ്യാതെ പാപങ്ങളിൽ ഏർപെട്ട് നടക്കുമ്പോൾ മനുഷ്യന് അല്ലാഹു നൽകിയ ആദരവ് പതിയെ ഇല്ലാതാകുന്നു. അത് ക്രമേണ മനുഷ്യനെ നരകാഗ്നിക്കർഹരാക്കുന്നു. അല്ലാഹു പറയുന്നു:

"തീർച്ചയായും ആദംസന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം

**പാപങ്ങൾ അപമാനത്തിനും നിന്ദ്യതക്കും വഴിയൊരുക്കുന്നതാണ്. അല്ലാഹു ഗ്രന്ഥങ്ങളും ദൂതന്മാരെയും മനുഷ്യർക്ക് അയച്ചുതന്നു. മറ്റു ജീവജാലങ്ങളെ മനുഷ്യരുടെ അധീനതയിലാക്കിക്കൊണ്ട് അല്ലാഹു മനുഷ്യനെ ധന്യനാക്കി. ശരിയും തെറ്റും തിരഞ്ഞെടുക്കാനുള്ള ബുദ്ധിയും സ്വാതന്ത്ര്യവും കൂടി തന്നു. പക്ഷേ, ഒരാൾ അല്ലാഹു മനുഷ്യനെക്കൊണ്ട് ഉദ്ദേശിച്ച കാര്യങ്ങൾ ഒന്നും ചെയ്യാതെ പാപങ്ങളിൽ ഏർപെട്ട് നടക്കുമ്പോൾ മനുഷ്യന് അല്ലാഹു നൽകിയ ആദരവ് പതിയെ ഇല്ലാതാകുന്നു. അത് ക്രമേണ മനുഷ്യനെ നരകാഗ്നിക്കർഹരാക്കുന്നു.**

അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (അൽഇസ്‌റാഅ് 70).

പക്ഷേ, ഇതേ മനുഷ്യൻ പാപങ്ങൾ കാരണം അല്ലാഹുവിങ്കൽ നിന്ദ്യനായിത്തീരുന്നതാണ്. അല്ലാഹു പറയുന്നു: "ശേഷം നാം മനുഷ്യനെ അധമരിൽ അധമരാക്കുന്നതാണ്" (അത്തീൻ 5).

**16. പാപങ്ങൾ മനസ്സിനെ മലിനമാക്കും**

മനുഷ്യൻ എന്നും യുക്തിയുടെ അടിസ്ഥാനത്തിൽ മാത്രമെ ശരിയും തെറ്റും അളക്കുകയുള്ളൂ. ഹൃദയത്തിനും മനസ്സിനുമിടയിൽ സന്തുലിതത്വം പാലിക്കാൻ നാം ശീലിക്കണം. മനസ്സ് ഒരു കാവൽ പോലിസിനെ പോലെയാണ്. പാപങ്ങൾ മനസ്സിനെ ദുഷിപ്പിച്ചുകഴിഞ്ഞാൽ നാം സുരക്ഷിതരല്ലാതായിത്തീരുന്നതാണ്. പാപങ്ങൾ തക്‌വ നഷ്ടപ്പെടുത്തുന്നതാണ്. ചിലർ സ്വന്തം ശരീരത്തിൽ വിഷം കുത്തിവെക്കുന്നത് കണ്ട് നമുക്ക് ആശ്ചര്യം തോന്നാറില്ലേ? സ്വയം മുറിവേൽപിക്കാൻ പോലും മടിയില്ലാത്തവണ്ണം മനസ്സ് ദുഷിച്ച് പോയി. ഇപ്രകാരം പാപികളുടെമേൽ ക്വുർആൻ സൂക്തങ്ങളും ഹദീസുകളും ഒരു ഫലവും ചെയ്യുന്നതല്ല. അല്ലാഹു പറയുന്നു:

"കാര്യം അവർ വിചാരിക്കുന്നത് പോലെയല്ല, അവർ ചെയ്തുകൂട്ടുന്ന പാപങ്ങൾ അവരുടെ ഹൃദയങ്ങളിൽ കറയായി പറ്റിപ്പിടിച്ചിരിക്കുകയാണ്" (അൽമുത്വഫ്ഫിഫീൻ 14).

പാപത്തിന് മേൽ പാപം ചെയ്തുകൂട്ടുമ്പോഴാണ് ഹൃദയത്തിൽ കറ പുരളുന്നത്. നമ്മൾ ഒരു ദിവസം തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും പാപങ്ങളിൽ ഏർപ്പെട്ടുകൊണ്ടാണെങ്കിൽ നമ്മുടെ മനസ്സിൽ പാപങ്ങളുടെ നീണ്ട ഒരു നിരതന്നെ ഉണ്ടാകുന്നതാണ്.

**പാഠം 14**

**പാപങ്ങൾ മൂലമുള്ള രണ്ട് വലിയ നഷ്ടങ്ങൾ**

പാപങ്ങൾ കാരണമായി സംഭവിക്കുന്ന വിവിധ ഭൗതിക നാശങ്ങൾ വിവരിച്ചുകഴിഞ്ഞു. ഈ പാഠത്തിൽ പാപങ്ങളുടെ ആത്മീയവും ഭൗതികവും പാരത്രികവുമായ രണ്ട് നാശനഷ്ടങ്ങൾ കൂടി വിവരിക്കുകയാണ്.

**17. അല്ലാഹുവിന്റെ ദൂതരുടെയും മലക്കുകളുടെയും സത്യവിശ്വാസികളുടെയും പ്രാർഥനയിൽ പെടുന്നതല്ല**

അല്ലാഹുവിന്റെ റസൂലും മലക്കുകളും സത്യവിശ്വാസികളും സത്കർമകാരികളുമായ അടിമകൾക്ക് വേണ്ടി നന്മയ്ക്കായി ധാരാളം ദുആ (പ്രാർഥന) ചെയ്തിട്ടുണ്ട്. പാപികളായ ആളുകൾക്ക് ഈ ദുആകളൊന്നും ലഭിക്കുകയില്ല. അവർ മഹത്തായ ഈ ദുആകളിൽനിന്നും ഒഴിവാകുന്നതാണ്. സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടി പാപമോചനം നടത്തണമെന്ന് അല്ലാഹു റസൂലിനോട് കൽപിച്ചിട്ടുണ്ട്. റസൂൽ(സ്വ) നിരവധി സന്ദർഭങ്ങളിൽ അവർക്കുവേണ്ടി പാപമോചനം തേടുകയും ഇരുലോക നന്മകൾക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്നവർ ഈ ദുആയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്. കൂടാതെ അല്ലാഹുവിന്റെ മലക്കുകൾ, വിശിഷ്യാ അർശിനെ ചുമക്കുന്ന സമീപസ്ഥരായ മലക്കുകൾ സത്യവിശ്വാസികൾക്കും സത്കർമികൾക്കും വേണ്ടി നിരന്തരം ദുആ ചെയ്തുകൊണ്ടിരിക്കുകയാണ്. പരിശുദ്ധ ക്വുർആനിൽ അല്ലാഹു വിവരിക്കുന്നു:

"സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും (മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും അവനിൽ വിശ്വസിക്കുകയും, വിശ്വസിച്ചവർക്ക് വേണ്ടി (ഇപ്രകാരം) പാപമോചനം തേടുകയും ചെയ്യുന്നു: ഞങ്ങളുടെ രക്ഷി

**അല്ലാഹുവിന്റെ റസൂലും മലക്കുകളും സത്യവിശ്വാസികളും സത്കർമകാരികളുമായ അടിമകൾക്ക് വേണ്ടി നന്മയ്ക്കായി ധാരാളം ദുആ (പ്രാർഥന) ചെയ്തിട്ടുണ്ട്. പാപികളായ ആളുകൾക്ക് ഈ ദുആകളൊന്നും ലഭിക്കുകയില്ല. അവർ മഹത്തായ ഈ ദുആകളിൽനിന്നും ഒഴിവാകുന്നതാണ്. സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടി പാപമോചനം നടത്തണമെന്ന് അല്ലാഹു റസൂലിനോട് കൽപിച്ചിട്ടുണ്ട്. റസൂൽ(സ്വ) നിരവധി സന്ദർഭങ്ങളിൽ അവർക്കുവേണ്ടി പാപമോചനം തേടുകയും ഇരുലോക നന്മകൾക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുന്നവർ ഈ ദുആയിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്.**

**ഒരാൾ പാപങ്ങൾക്കെതിരെ പൊരുതുകയും അത് ചെയ്യുന്നത് നിർത്തുകയും നല്ല കാര്യങ്ങൾ ചെയ്ത് തുടങ്ങുകയും ചെയ്യുമ്പോൾ അദ്ദേഹത്തിന് അതിനോട് ഇഷ്ടം ഉണ്ടാവുകയും, ആ നന്മകൾ അയാളുടെ ജീവിതത്തിന്റെ ഭാഗമായി മാറുകയും ചെയ്യുന്നതാണ്. ഇതോടൊപ്പം ആ സൽകർമങ്ങൾ സ്ഥിരപ്പെടുത്താൻ വേണ്ടി അല്ലാഹു മലക്കുകളെ അയച്ചുകൊടുക്കുന്നതുമാണ്. ഉദാ: ദീനിലുള്ള അറിവ് സമ്പാദിക്കൽ തുടക്കത്തിൽ വളരെ ബുദ്ധിമുട്ടായി അനുഭവപ്പെടും. ആ ബുദ്ധിമുട്ട് തരണംചെയ്ത് ആ അറിവ് നേടാൻ നിരന്തരം ശ്രമിക്കുമ്പോൾ നാം അത് ഇഷ്ടപ്പെട്ടുതുടങ്ങും.**

താവേ! നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾക്കൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരകശിക്ഷയിൽനിന്ന് കാക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കളെയും ഭാര്യമാർ, സന്തതികൾ എന്നിവരിൽനിന്നു സദ്‌വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും. അവരെ നീ തിന്മകളിൽനിന്ന് കാക്കുകയും ചെയ്യേണമേ. അന്നേദിവസം നീ ഏതൊരാളെ തിന്മകളിൽനിന്ന് കാക്കുന്നുവോ, അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അതുതന്നെയാകുന്നു മഹാഭാഗ്യം" (അൽഗാഫിർ 7-9).

അതെ, നാം തൗബ ചെയ്ത് ജീവിതം നന്നാക്കിക്കൊണ്ടിരിക്കുമ്പോൾ ഈ മലക്കുകളുടെ മഹത്തായ പ്രാർഥനക്ക് നാമും അർഹരാകുന്നതാണ്. എന്നാൽ തൗബ ചെയ്തു മടങ്ങാത്തപക്ഷം ഈ പ്രാർഥനകളിൽനിന്ന് നാം ഒഴിവാക്കപ്പെട്ടുപോകും. ഇത് എത്ര വലിയ നഷ്ടമാണ്!

**18. പ്രവാചകശാപത്തിന് ഇരയാകും**

പാപങ്ങൾ കാരണം അല്ലാഹുവിന്റെ റസൂലിന്റെ അനുഗൃഹീത ആശംസയും പ്രാർഥനകളും നഷ്ടപ്പെടുമെന്ന് മാത്രമല്ല, പ്രവാചകശാപത്തിന് ഇരയായിത്തീരുകയും ചെയ്യുന്നതാണ്. ഇബ്നു മസ്ഊദ്(റ) പ്രസ്താവിക്കുന്നു: "പച്ചകുത്തുന്നവരെയും പച്ചകുത്തിക്കുന്നവരെയും അല്ലാഹുവിന്റെ ദൂതൻ(സ്വ) ശപിച്ചിരിക്കുന്നു. കൃത്രിമ മുടി ഉപയോഗിക്കുന്നവരെയും അത് വെക്കുവാൻ സഹായിക്കുന്നവരെയും റസൂൽ(സ്വ) ശപിച്ചിരിക്കുന്നു. പലിശ വാങ്ങുന്നവരെയും അത് നൽകുന്നവരെയും അതിന്റെ കരാർ എഴുതുന്നവരെയും അത് ഏറ്റെടുത്ത് നടത്തുന്നവരെയും അതിന് സാക്ഷിനിൽക്കുന്നവരെയും ശപിച്ചിരിക്കുന്നു."

ഇപ്രകാരം വിവിധ പാപങ്ങൾ ചെയ്യുന്നവരെ നബി(സ്വ) ശപിച്ചതായി ഹദീസുകളിൽ വന്നിട്ടുണ്ട്. ഹറാമായ സമ്പത്ത് ശപിക്കപ്പെട്ടതാണ്. അതിൽ ഒരു സമ്പന്നതയും ലഭിക്കുകയില്ല. വെറും സൗന്ദര്യത്തിന് വേണ്ടി പല്ലുകളുടെ ഇടയിൽ അകലം ഉണ്ടാക്കി മുഖത്തിന് വ്യത്യാസം വരുത്തുന്നവരെയും അത് ചെയ്തുകൊടുക്കുന്നവരെയും റസൂലുല്ലാഹി(സ്വ) ശപിച്ചിരിക്കുന്നു. ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിച്ച ശേഷം, മുൻഭർത്താവിന് അവളെ പുനർവിവാഹം ചെയ്യുവാൻ വേണ്ടി അവരെ ഉപേക്ഷിച്ചുകളഞ്ഞാൽ ഇപ്രകാരം ചെയ്യുന്നവനും അതിന് പ്രേരിപ്പിക്കുന്നവനും ശപിക്കപ്പെട്ടവരാണ്."

'ശപിക്കപ്പെടുക' എന്നാൽ അല്ലാഹുവിന്റെ വിശാലമായ കാരുണ്യത്തിൽനിന്നും പുറത്താക്കപ്പെടുക എന്നാണർഥം. അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്നും അകറ്റപ്പെടുന്നത് നമുക്ക് എത്ര വലിയ നഷ്ടമായിരിക്കും! പാപകൃത്യങ്ങൾ ഒരിക്കലും നമുക്ക് സമൃദ്ധി നൽകില്ല. പിശാച് നമ്മെ ഇങ്ങനെ തോന്നിപ്പിക്കുമെങ്കിലും അത് വഞ്ചനയാണെന്ന് മനസ്സിലാക്കുക. ഉദാ: പെട്ടെന്ന് പണമുണ്ടാക്കാൻ സാധിക്കുന്ന തെറ്റായ പല കച്ചവടങ്ങളെയും പിശാച് അലങ്കരിച്ച് കാണിക്കാറുണ്ട്. പക്ഷേ, അവയെല്ലാം നമ്മെ ക്രമേണ നിന്ദ്യരാക്കും. നമ്മൾ പശ്ചാത്തപിച്ച് മടങ്ങുകയും ക്വുർആനും സുന്നത്തും പിന്തുടർന്ന് ജീവിക്കുകയും ചെയ്താൽ പ്രവാചകന്റെയും മലക്കുകളുടെയും സമുന്നതമായ പ്രാർഥനകൾ നമുക്ക് ലഭിക്കുന്നതാണ്. അല്ലാഹു അതിന് സഹായിക്കട്ടെ. എല്ലാ സഹായത്തിന്റെയും ഉറവിടം അല്ലാഹുവാകുന്നു.



**പാഠം 15**

**പാപങ്ങളുടെ ചില ദുഷ്ഫലങ്ങൾ**

**19. പാപങ്ങൾ ഹൃദയത്തിലെ ദീനീരോഷം ഇല്ലാതാക്കുന്നു**

സത്കർമകാരികളായ സത്യവിശ്വാസികളുടെ മനസ്സിൽ അല്ലാഹു ദീനീഗുണങ്ങളെ സംരക്ഷിക്കുവാനുള്ള ഒരു പ്രത്യേക ആവേശം

വെച്ചിട്ടുണ്ട്. ഇതിന് ഹദീസിൽ 'ഗീ റത്ത്' എന്ന് പറയപ്പെട്ടിരിക്കുന്നു. സത്യവിശ്വാസി നന്മകൾ കണ്ടാൽ സന്തോഷിക്കുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്യും. തിന്മകൾ കണ്ടാൽ ദുഃഖിക്കുകയും ദേഷ്യപ്പെടേണ്ടവരോട് ദേഷ്യപ്പെടുകയും ചെയ്യും. റസൂലുല്ലാഹി(സ്വ) സ്വന്തം കാര്യങ്ങളിൽ ആരെങ്കിലും വീഴ്ച വരുത്തിയാൽ കോപിക്കുമായിരുന്നില്ല. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ അതിർവരമ്പുകളെ ലംഘിക്കുന്നത് കണ്ടാൽ കോപിക്കുമായിരുന്നു.

ഈ രോഷം ഒരു വലിയ ശക്തിയാണ്. ദീനിന്റെയും സമൂഹത്തിന്റെയും സംരക്ഷണത്തിന് ആവശ്യവുമാണ്. എന്നാൽ പാപം കാരണം ഈ രോഷം ഇല്ലാതായിപ്പോകുന്നതാണ്. സൂറതു യൂസുഫിൽ അസീസിന്റെ കാര്യം വിവരിക്കുന്നത് നോക്കൂ; അദ്ദേഹത്തിന്റെ ഭാര്യ ഗുരുതരമായ ഒരു തെറ്റ് ചെയ്യതായി അദ്ദേഹം മനസ്സിലാക്കിയിട്ടും അതിനെ നിസ്സാരവൽക്കരിച്ചു. പ്രസ്തുത തിന്മയോട് രോഷം പുലർത്താതിരുന്നതുകൊണ്ടാണ് പിന്നീട് അതിൽനിന്നും പല പ്രശ്നങ്ങളും ഉണ്ടായത്.

**സത്കർമകാരികളായ സത്യവിശ്വാസികളുടെ മനസ്സിൽ അല്ലാഹു ദീനീ ഗുണങ്ങളെ സംരക്ഷിക്കുവാനുള്ള ഒരു പ്രത്യേക ആവേശം വെച്ചിട്ടുണ്ട്. ഇതിന് ഹദീസിൽ 'ഗീറത്ത്' എന്ന് പറയപ്പെട്ടിരിക്കുന്നു. സത്യവിശ്വാസി നന്മകൾ കണ്ടാൽ സന്തോഷിക്കുകയും അതിന് പ്രേരിപ്പിക്കുകയും ചെയ്യും. തിന്മകൾ കണ്ടാൽ ദുഃഖിക്കുകയും ദേഷ്യപ്പെടേണ്ടവരോട് ദേഷ്യപ്പെടുകയും ചെയ്യും. റസൂലുല്ലാഹി(സ്വ) സ്വന്തം കാര്യങ്ങളിൽ ആരെങ്കിലും വീഴ്ച വരുത്തിയാൽ കോപിക്കുമായിരുന്നില്ല. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ അതിർവരമ്പുകളെ ലംഘിക്കുന്നത് കണ്ടാൽ കോപിക്കുമായിരുന്നു.**

ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ അല്ലാഹു ഈ രോഷം വെച്ചിട്ടുണ്ട്. ഇത് വളരെ മഹത്തായ ഒരു ഗുണവുമാണ്. അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: "അല്ലാഹു വലിയ രോഷമുള്ളവനാണ്. അല്ലാഹുവിനെക്കാൾ രോഷം മറ്റാർക്കുമില്ല. അതിനാലാണ് പ്രത്യക്ഷവും പരോക്ഷവുമായ മ്ലേച്ഛ പ്രവൃത്തികളെ അല്ലാഹു നിരോധിച്ചിരിക്കുന്നത്" (ബുഖാരി).

എന്നാൽ ഒരു കാര്യം ഓർക്കുക: ഇപ്രകാരം രോഷം പുലർത്തിയതിലൂടെ ആരെങ്കിലും പശ്ചാത്തപിച്ചാൽ അവരുടെ പശ്ചാത്താപം സ്വീകരിക്കുവാൻ അല്ലാഹു സദാ സന്നദ്ധനാണ്. റസൂൽ(സ്വ) അരുളി: "അല്ലാഹു ഖേദിച്ച് മടങ്ങുന്നവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. അതുകൊണ്ടാണ് സന്തോഷ വാർത്തയും താക്കീതുകളും നൽകാൻ അല്ലാഹു ദൂതന്മാരെ അയച്ചത്. അല്ലാഹുവിനെ പുകഴ്ത്തുന്നത് അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്നു. അതുകൊണ്ടാണ് അല്ലാഹു അവനെത്തന്നെ പുകഴ്ത്തിയിരിക്കുന്നത്" (മുസ്‌ലിം 2760).

**20. ലജ്ജ നശിക്കുന്നു**

പാപങ്ങൾ പാപിയുടെ ലജ്ജയെ കെടുത്തിക്കളയുന്നു. അങ്ങനെ അവൻ ശരിയല്ലാത്ത കാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യും. ലജ്ജ ഉന്നതമായ ഗുണമാണ്. നബി(സ്വ) അരുളി: "ലജ്ജ മുഴുവനായും നല്ലതാകുന്നു" (മുസ്‌ലിം 37). "ലജ്ജ സത്യവിശ്വാസത്തിന്റെ ഭാഗമാകുന്നു" (ബുഖാരി).

നബി(സ്വ) വളരെയധികം ലജ്ജ പുലർത്തിയിരുന്നു. സ്വഹാബികളും ലജ്ജയുള്ളവരായിരുന്നു. വിശിഷ്യാ, ഉസ്മാനുബ്നു അഫ്ഫാൻ(റ) വളരെ ലജ്ജാശീലനായിരുന്നു. മലക്കുകൾ പോലും അദ്ദേഹത്തിന് മുമ്പിൽ ലജ്ജിച്ചിരുന്നു. ഒരിക്കൽ നബി(സ്വ) തന്റെ ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. അവിടുന്ന് ശരീരം മുഴുവൻ മറയുന്ന രീതിയിൽ വസ്ത്രധാരിയായിരുന്നില്ല. അബൂബക്ർ(റ) അകത്ത് വരാൻ അനുവാദം ചോദിച്ചു. റസൂലുല്ലാഹി(സ്വ) അനുമതി നൽകി. പിന്നീട് ഉമർ(റ) അകത്ത് പ്രവേശിക്കുവാൻ അനുവാദം ചോദിച്ചു. അദ്ദേഹത്തിനും അനുവാദം നൽകി. എന്നാൽ ഉസ്മാൻ(റ) അനുവാദം ചോദിച്ചപ്പോൾ റസൂലുല്ലാഹി(സ്വ) തന്റെ വസ്ത്രങ്ങളെല്ലാം ശരിയാക്കി അദ്ദേഹത്തെ വരവേറ്റു. ഇതിനെക്കുറിച്ച് ആഇശ(റ) ചോദിച്ചപ്പോൾ നബി(സ്വ) അരുളി: "മലക്കുകൾ ആരുടെ മുന്നിൽ ലജ്ജിക്കുന്നുവോ അദ്ദേഹത്തിന് മുമ്പിൽ ഞാനും ലജ്ജിതനാകേണ്ടതല്ലേ?" (ബുഖാരി 2401).

നബി(സ്വ) അരുളി: "നിങ്ങൾക്ക് ലജ്ജയില്ലെങ്കിൽ നിങ്ങൾ തോന്നിയത് ചെയ്തുകൊള്ളുക" (ബുഖാരി 3484).

ലജ്ജ സത്യവിശ്വാസത്തോടൊപ്പം ഉടലെടുക്കുന്ന ഒന്നാണ്. ലജ്ജ സ്ത്രീകൾക്ക് മാത്രം ഉണ്ടാകേണ്ട ഒന്നല്ല. പുരുഷന്മാർക്കും വേണം. റസൂലുല്ലാഹി(സ്വ) അവിവാഹിതകളായ കന്യകമാരെക്കാൾ ലജ്ജയുള്ള ആളായിരുന്നു. (ബുഖാരി 6119).

എന്നാൽ പാപങ്ങൾ ഒരാളിലെ ലജ്ജയെ ക്രമേണ ഇല്ലാതാക്കുന്നു. മറ്റുള്ളവർ തന്റെ പാപങ്ങളെക്കുറിച്ച് അറിയുന്നുണ്ട് എന്നത് പോലും അയാൾക്ക് പ്രശ്നമല്ലാതായി മാറും. ഒരു അടിമ ഈ അവസ്ഥയിൽ എത്തിക്കഴിഞ്ഞാൽ പിന്നെ അയാൾക്ക് നന്നാകണം എന്ന ആഗ്രഹം പോലും ഇല്ലാതാകും. ലജ്ജയാണ് ഒരാളെ മുമ്പോട്ട് പോകാൻ സഹായിക്കുന്നത്. പാപങ്ങൾ ലജ്ജയെ നശിപ്പിച്ച് കളയും. ■





**കുറുമ്പും കുസൃതിയുംകൊണ്ട് സന്തോഷം തീർക്കുന്നവരാണ് കുഞ്ഞുങ്ങൾ. എന്നാൽ കൊച്ചുകൊച്ചു സന്തോഷങ്ങൾക്ക് അതിരും വരമ്പും നിർണയിച്ച് നൽകിയില്ലെങ്കിൽ അത് പ്രതിലോമകരമായ ഇടങ്ങളിലേക്ക് കൊണ്ടുചെന്നെത്തിക്കും. പുതിയ തലമുറയുടെ പ്രവർത്തനമണ്ഡലം വിശാലവും ദുർഗ്രഹവുമാണെന്ന വസ്തുത ഉൾക്കൊണ്ടു വേണം അവരുടെ ആസ്വാദനങ്ങൾക്ക് വഴിയൊരുക്കാൻ.**

# മക്കൾ കൈവിട്ടു പോകുന്നുവോ?

നബീൽ പയ്യോളി
:+966 55 771 0981

മക്കൾ ഏതൊരാളുടെയും അഭിമാനമാണ്. അവരുടെ പേരിൽ അറിയപ്പെടാനും അവരുടെ നേട്ടങ്ങളിൽ അഭിമാനിക്കാനും രക്ഷിതാക്കൾ എന്നും കൊതിക്കാറുണ്ട്. അറബ്നാടുകളിൽ സ്വന്തം പേരുകൾ വിളിക്കുന്നതിനെക്കാൾ മക്കളുടെ പേരുചേർത്ത് വിളിക്കുന്നതാണ് എല്ലാവർക്കും ഇഷ്ടവും താല്പര്യവും. അതിനെ ആദരവായിട്ടാണ് അവർ കാണാറുള്ളതും.

മക്കളില്ലാത്തതിന്റെ പേരിൽ ദുഃഖമനുഭവിക്കുന്ന ധാരാളംപേർ നമുക്ക് ചുറ്റുമുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് ചികിത്സനടത്തി കുഞ്ഞിക്കാൽ കാണാൻ സാധിച്ചവരും സാധിക്കാത്തവരുമുണ്ട്. മാനസികമായ സന്തോഷം നൽകുന്നവരും താങ്ങും തണലുമായും ജീവിതസായാഹ്നത്തിൽ കൈത്താങ്ങായും മക്കൾ കൂടെയുണ്ടാവണമെന്നത് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. കുഞ്ഞില്ലാത്തവർ അതീവ ദുഃഖിതരായി സമൂഹത്തിന് മുമ്പിൽ പ്രത്യക്ഷപ്പെടാൻ വിമുഖത കാണിക്കുന്ന അവസ്ഥയിലേക്കുവരെ എത്താറുണ്ട്. എന്നാൽ സന്താനസൗഭാഗ്യം ഇല്ലാത്തവരെക്കാൾ ദുഃഖിതരാണിന്ന് സന്താനങ്ങൾ ഉള്ള രക്ഷിതാക്കളിൽ പലരും! മക്കളുടെ ദുഷ്ചെയ്തികൾ സ്വസ്ഥത നഷ്ടപ്പെടുത്തിയ ധാരാളം രക്ഷിതാക്കൾ നമുക്ക് ചുറ്റുമുണ്ട്. മക്കളില്ലാത്തവർ അനുഭവിക്കുന്നതിന്റെ പതിന്മടങ്ങ് പ്രതിസന്ധിയും പ്രയാസവുമാണ് അവരൊക്കെ അനുഭവിക്കുന്നത്. മരണംവരെ പിന്തുടരുന്ന പ്രയാസങ്ങളിൽ ദുഃഖഭാരം താങ്ങാനാവാതെ ഹൃദയംപൊട്ടി മരിച്ച രക്ഷിതാക്കളും മക്കളുടെ കരങ്ങളാൽ ജീവൻ നഷ്ടപ്പെട്ടവരുമെല്ലാം നാട്ടിൽ ഉണ്ടെന്നത് ഏതൊരു രക്ഷിതാവിന്റെ മനസ്സിലും കനൽകോരിയിടുന്ന യാഥാർഥ്യമാണ്.

ആധുനികതയുടെ എല്ലാവിധ സൗകര്യങ്ങളും ലോകത്താകമാനം വരുത്തിയ മാറ്റങ്ങളുടെ ഗുണഫലങ്ങളും ദോഷങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ അനുഭവിക്കുന്നവരാണ് നമ്മൾ ഓരോരുത്തരും. അതിൽ പ്രധാനമായ ഒരു കാര്യം എല്ലാവരും കൂടുതൽ സ്വതന്ത്രരായ വ്യക്തികളായി മാറി എന്നുള്ളതാണ്. വീടിന്റെ അകത്തളങ്ങളിൽ ഇരിക്കുന്നവർ പോലും ലോകത്തോട് സംവദിക്കുന്ന കാലം. 'ഞാൻ' എന്നതിലേക്ക് അമിതമായി ചുരുക്കപ്പെട്ടവർ. 'എനിക്ക്' എന്നതിനെ നെഞ്ചേറ്റുന്നവർ. ഞാൻ മറ്റുള്ളവരുടെ കീഴിൽ ജീവിക്കേണ്ടവനല്ലെന്നുള്ള ചിന്ത പുതുതലമുറയെ വല്ലാതെ ഗ്രസിച്ചിരിക്കുന്നു. ഫാന്റസികൾക്ക് പിന്നാലെ പോയി ജീവിതംതന്നെ കളയുന്ന അവസ്ഥ! തിരിച്ചറിവില്ലാതെ ആരുടെയൊക്കെയോ ചതിക്കുഴിയിലേക്ക് നടന്നുനീങ്ങുന്നവർ.

ആരുടെ കീഴിലുമല്ല, ആരോടും ബാധ്യതയുമില്ല എന്ന തോന്നൽ എത്രത്തോളം അപകടകരമാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ജീവിതം എന്നത് ബന്ധങ്ങളിലും ബാധ്യതകളിലും ഉത്തരവാദിത്തങ്ങളിലും കെട്ടിയിടപ്പെട്ട ഒരു നൗകയാണ്. കൈകാലിട്ടടിച്ച് ഈ ലോകത്തേക്ക് വരുന്നതുമുതൽ നിശ്ചലമായി ഈ ലോകത്തുനിന്ന് വിടപറയുന്നതുവരെ നമ്മൾ നിർബന്ധമായും നിർവഹിക്കേണ്ട കടമകളും ബാധ്യതകളും ഉത്തരവാദിത്തങ്ങളുമെല്ലാം ചേർന്നതാണ് ജീവിതം എന്ന തിരിച്ചറിവ് നാമോരോരുത്തർ ക്കും ഉണ്ടാവേണ്ടത് അനിവാര്യമാണ്.

പുതുതലമുറയെ സാരമായി ബാധിച്ച ചില അപകടകരമായ പ്രവണതകൾ വായനക്കാരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാനാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്. പൊതുവിൽ അതിനെ ലഹരി എന്ന് നമുക്ക് വിളിക്കാം; സാമൂഹ്യ മാധ്യമങ്ങളും മയക്കുമരുന്നുകളും നമ്മുടെ പുതുതലമുറയെ നശിപ്പിക്കുംവിധം വ്യാപിച്ചിരിക്കുന്നു എന്ന യാഥാർഥ്യം. കൊലപാതകങ്ങളും ആത്മഹത്യകളും അക്രമങ്ങളുമൊക്കെ ഈ ലഹരിയെ ചുറ്റിപ്പറ്റി നടക്കുന്നത് വ്യാപകമായി നമ്മൾ കേട്ടുതുടങ്ങിയത് കഴിഞ്ഞ രണ്ടോ മൂന്നോ വർഷങ്ങൾക്കുള്ളിലാണ്. പുതുതലമുറയാണ് ഈ ദുരന്തങ്ങളുടെ ഇരകൾ. ആരും സ്വയം നശിക്കണം എന്നാഗ്രഹിക്കുന്നവരല്ല; വ്യത്യസ്ത ഘടകങ്ങൾ ഈ ദുരന്തങ്ങളുടെ വഴിയേ അവരെ എത്തിക്കുന്നതാണ്. അതിന് സ്വന്തവും സമൂഹവും സാഹചര്യങ്ങളും ഭരണകൂടവും ഒക്കെ കാരണക്കാരാണ് എന്ന് മനസ്സിലാക്കി വിവേകപൂർവം ഇടപെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സംസ്ഥാനത്ത് കുട്ടികളുടെ ആത്മഹത്യാനിരക്ക് ഞെട്ടിക്കുന്നതാണെന്ന് ഈയിടെ ഡിജിപി അനിൽകാന്ത് പറഞ്ഞു. ഇന്റലിജൻസ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ജില്ലാ പോലീസ് മേധാവികൾക്ക് ഡിജിപി നിർദേശം നൽകിയിരിക്കുകയാണ്. കഴിഞ്ഞവർഷം 345 കുട്ടികളാണ് സംസ്ഥാനത്ത് ആത്മഹത്യചെയ്തതെന്ന് റിപ്പോർട്ട് പറയുന്നു. കുടുംബാംഗങ്ങളുടെ നിയന്ത്രണം ഇഷ്ടപ്പെടാത്തതും മാനസിക സംഘർഷവും മയക്കുമരുന്നിന്റെ ഉപയോഗവും കുട്ടികളെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നുവെന്നാണ് പൊലീസിന്റെ പഠന റിപ്പോർട്ട്.

ഇന്റർനെറ്റിന്റെയും സ്മാർട് ഫോണിന്റെയും ഉപയോഗം കുട്ടികളിൽ നിയന്ത്രിക്കണം, വിഷാദരോഗം ഒഴിവാക്കാൻ രക്ഷകർത്താക്കൾക്കിടയിൽ ബോധവൽക്കരണം നടത്തണം, കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിന്റെയും ഉത്തരവാദിത്തം ഒരു അധ്യാപികക്ക് നൽകണം., കോവിഡ് നിയന്ത്രണങ്ങൾ മാറിയതിനാൽ കുട്ടികളെ കളിക്കളങ്ങളിലേക്ക് കൊണ്ടുവരണം, മാതാപിതാക്കളുടെ പ്രശ്നങ്ങൾ കുട്ടികളിലെ മാനസിക സംഘർഷങ്ങൾക്ക് കാരണമാകരുത്, കുടുംബപ്രശ്നങ്ങളുള്ള വീടുകളിൽനിന്നും വരുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകണം, സ്കൂളുകളിൽ കൗൺസിലിംഗ് പരിപാടി സംഘടിപ്പിക്കണം, രക്ഷകർത്താക്കൾക്ക് സാങ്കേതിക പരിശീലനം നൽകണം... തുടങ്ങിയ പതിനൊന്നിന നിർദേശങ്ങളാണ് ജില്ലാ പോലീസ് മേധാവികൾക്ക് ഡിജിപി നൽകിയിട്ടുള്ളത്. വിദ്യാഭ്യാസ-ആരോഗ്യവകുപ്പുകൾ സഹകരിച്ച് നിർദേശങ്ങൾ നടപ്പാക്കും.

**മക്കളില്ലാത്തതിന്റെ പേരിൽ ദുഃഖമനുഭവിക്കുന്ന ധാരാളംപേർ നമുക്ക് ചുറ്റുമുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് ചികിത്സനടത്തി കുഞ്ഞിക്കാൽ കാണാൻ സാധിച്ചവരും സാധിക്കാത്തവരുമുണ്ട്. മാനസികമായ സന്തോഷം നൽകുന്നവരും താങ്ങും തണലുമായും ജീവിതസായാഹ്നത്തിൽ കൈത്താങ്ങായും മക്കൾ കൂടെയുണ്ടാവണമെന്നത് എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. കുഞ്ഞില്ലാത്തവർ അതീവ ദുഃഖിതരായി സമൂഹത്തിന് മുമ്പിൽ പ്രത്യക്ഷപ്പെടാൻ വിമുഖത കാണിക്കുന്ന അവസ്ഥയിലേക്കുവരെ എത്താറുണ്ട്. എന്നാൽ സന്താനസൗഭാഗ്യം ഇല്ലാത്തവരെക്കാൾ ദുഃഖിതരാണിന്ന് സന്താനങ്ങൾ ഉള്ള രക്ഷിതാക്കളിൽ പലരും!**

2019ൽ 230 കുട്ടികളാണ് സംസ്ഥാനത്ത് ആത്മഹത്യചെയ്തത്. ഇതിൽ 97 പേർ ആൺകുട്ടികളും 133 പേർ പെൺകുട്ടികളുമാണ്. 2020ൽ 311 കുട്ടികൾ ആത്മഹത്യചെയ്തു. 142 ആൺകുട്ടികളും 169 പെൺകുട്ടികളും. 2021 ആയപ്പോൾ ആത്മഹത്യാനിരക്ക് വീണ്ടും വർധിച്ചതായി പഠനത്തിൽ വ്യക്തമാക്കുന്നു. 345 ആയിരുന്നു 2021ലെ കണക്ക്, 168 ആൺകുട്ടികളും 177 പെൺകുട്ടികളും.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2020ൽ രാജ്യത്ത് ആത്മഹ്യ ചെയ്ത കുട്ടികളുടെ എണ്ണം 11,396 ആണ്. 2019 നെക്കാൾ 18 ശതമാനം കൂടുതൽ. 6,004 പെൺകുട്ടികളും 5,392 ആൺകുട്ടികളും. ഓരോദിവസവും പൊലിഞ്ഞത് ശരാശരി 31 കുട്ടികളുടെ ജീവൻ!

ലഹരിവസ്തുക്കളുടെ ഉപയോഗവും പിപണനവും തകൃതിയായി കേരളത്തിൽ നടക്കുന്നു എന്നാണ് ദിനേന പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. കിലോക്കണക്കിന് ലഹരി വസ്തുക്കൾ കേരളത്തിൽ എത്തുന്നു. മുമ്പൊക്കെ ലഹരി കടത്തുകേസിൽ സ്ത്രീകളുടെ സാന്നിധ്യം നാമമാത്രമായിരുന്നു. എന്നാൽ ഇന്ന് 'ലിംഗസമത്വം' ഈ മേഖലയിലും പ്രകടമാണ്! പുതുതലമുറയിൽ പെട്ടവരും അഭ്യസ്തവിദ്യരും ഇതിൽ പ്രധാന കണ്ണികളാണ്. ലഹരിമാഫിയകൾ പുതുതലമുറയെ കരുക്കളാക്കിക്കൊണ്ടിരിക്കുന്നു എന്നത് നമ്മൾ തിരിച്ചറിഞ്ഞേ മതിയാവൂ.

**ആരുടെ കീഴിലുമല്ല, ആരോടും ബാധ്യതയുമില്ല എന്ന തോന്നൽ എത്രത്തോളം അപകടകരമാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ജീവിതം എന്നത് ബന്ധങ്ങളിലും ബാധ്യതകളിലും ഉത്തരവാദിത്തങ്ങളിലും കെട്ടിയിടപ്പെട്ട ഒരു നൗകയാണ്. കൈകാലിട്ടടിച്ച് ഈ ലോകത്തേക്ക് വരുന്നതു മുതൽ നിശ്ചലമായി ഈ ലോകത്തുനിന്ന് വിടപറയുന്നതുവരെ നമ്മൾ നിർബന്ധമായും നിർവഹിക്കേണ്ട കടമകളും ബാധ്യതകളും ഉത്തരവാദിത്തങ്ങളുമെല്ലാം ചേർന്നതാണ് ജീവിതം എന്ന തിരിച്ചറിവ് നാമോരോരുത്തർ ക്കും ഉണ്ടാവേണ്ടത് അനിവാര്യമാണ്.**

സർക്കാർ തൊഴിലിടങ്ങളിൽ ലഹരികേന്ദ്രങ്ങൾ ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ്! മദ്യ ഉത്പാദനം കൂട്ടി വരുമാനം വർധിപ്പിക്കുവാനാണ് ശ്രമം. പ്രതിലോമകരമായ സാമ്പത്തിക നയങ്ങൾ ഭാവിതലമുറയെ സർവനാശത്തിലേക്ക് നയിക്കും എന്ന തിരിച്ചറിവ് ഭരണാധികാരികൾക്ക് ഇല്ലാതെ പോകുന്നു. ഇവിടെ നമ്മൾ കാണുന്ന വിരോധാഭാസം കേരളത്തിലെ രാഷ്ട്രീയപാർട്ടികളിൽ ലഹരി ഉപയോഗിക്കുന്നവർക്ക് സ്ഥാനമില്ലെന്ന് എല്ലാവരും ഒരുപോലെ പറയുന്നു എന്നതാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു തിന്മയാണെന്ന് എല്ലാവരും പൊതുവെ അംഗീകരിക്കുന്നു. എങ്കിൽ ആ തിന്മയുടെ വ്യാപനത്തിന് കൂടുതൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് എന്ത് ന്യായമാണുള്ളത്? പൊതുവെ കേരളക്കാർ ജനാധിപത്യ ബോധമുള്ളവരാണ്. വലിയൊരു വിഭാഗം ജനങ്ങൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരോ അനുഭാവികളോ ആണ്. ലഹരി ഉപയോഗിക്കാത്തവരാണ് കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും എന്നിരിക്കെ ആർക്കുവേണ്ടിയാണ് മദ്യഷാപ്പുകളുടെ എണ്ണം വർധിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാൻ സർക്കാരും കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മറ്റും തയ്യാറാവുമോ? ലഹരിവ്യാപനം എന്ന ദുരന്തത്തിൽ ആത്മാർഥമായി വേദനിക്കാനും പ്രൊഡക്ടീവായ വരുമാനമാർഗങ്ങൾ നിർദേശിച്ച് ഹിംസാത്മക വരുമാനങ്ങൾ ഇല്ലാതാക്കാനുമുള്ള ആത്മാർഥ പരിശ്രമങ്ങൾക്ക് ഇനിയും എത്രകാലം കാത്തിരിക്കേണ്ടിവരും? ഒരു നാടിന്റെ സമ്പത്തായ യുവതലമുറയെ നാശത്തിലേക്ക് തള്ളിവിട്ടാൽ ആ നാടും സമൂഹവും എങ്ങനെ വികസിക്കും? ലഹരി വരുത്തിവയ്ക്കുന്ന സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിലെ പ്രതിസന്ധികളും അസമാധാനവും നാടിന്റെ സർവതോമുഖ വികസനത്തിന് തടസ്സമാണെന്നത് യാഥാർഥ്യമല്ലേ?

ഓരോരുത്തരും അവരവരുടെ കുടുംബാഗങ്ങളെ ഈ ദുരന്തത്തിൽ നിന്നും രക്ഷിക്കുകയേ വഴിയുള്ളൂ. അധികാരവും സാമ്പത്തിക നേട്ടവും മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന ഭരണകൂടം ഏതൊരു രാജ്യത്തിന്റെയും ശാപമാണ്.

പുതുതലമുറ ആകെ മാറിയിട്ടുണ്ട് എന്നത് രക്ഷിതാക്കൾ തിരിച്ചറിയണം. ശാസനകളും ശിക്ഷകളുമല്ല; ചേർത്തുപിടിക്കലാണ് അവരുടെ

പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്നത് ആദ്യം രക്ഷിതാക്കൾ മനസ്സിലാക്കണം. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽനിന്ന് അണുകുടുംബങ്ങളിലേക്ക് മാറിയതും തിരക്കുപിടിച്ച ജീവിതക്രമവുമെല്ലാം കുടുംബങ്ങളിൽ ചെലവഴിക്കേണ്ട സമയത്തെ ഇല്ലാതാക്കിയിരിക്കുന്നു. പരസ്പരം കേൾക്കാനും പറയാനും ആർക്കും നേരമില്ല. അതുകൊണ്ട്തന്നെ മാനസിക വ്യഥകളും വേദനകളും സന്തോഷങ്ങളും കുടുംബത്തിനുപുറത്താണ് പലപ്പോഴും പങ്കുവയ്ക്കപ്പെടുന്നത്. ഇത് വലിയൊരു വീഴ്ചയാണ്. ഭാര്യാഭർത്താക്കന്മാർ പരസ്പരവും രക്ഷിതാക്കൾ മക്കളുമായും സമയം ചെലവഴിക്കാൻ ബോധപൂർവമായ ശ്രദ്ധചെലുത്തണം. അവരുടെ വിഷമങ്ങളും സന്തോഷങ്ങളും ആശകളും പങ്കുവയ്ക്കാൻ സാധിക്കുംവിധം സുദൃഢമായ ബന്ധം ഉണ്ടാക്കിയെടുക്കണം.

ലഹരിയുപയോഗവും ആത്മഹത്യയും ആരും സ്വയം തെരഞ്ഞെടുക്കുന്നില്ല. സാഹചര്യങ്ങൾ അവരെ അതിലേക്ക് എത്തിക്കുകയാണ്. ആ സാഹചര്യങ്ങളിൽ പ്രഥമവും പ്രധാനവുമായത് വീടകങ്ങളിലെ അസമാധാനം തന്നെയാണ്. മറ്റൊന്ന് ദുഷിച്ച കൂട്ടുകെട്ടാണ്. ജീവിതത്തിന്റെ പളപളപ്പുകൾക്കും ട്രെന്റുകൾക്കും പുറകെ പോയി തങ്ങൾ എത്തിപ്പെട്ട ദുരന്തത്തിന്റെ ആഴം മനസ്സിലാക്കുമ്പോഴേക്കും സമയം വൈകിയിട്ടുണ്ടാകും. സാമൂഹ്യമാധ്യമങ്ങളിലെ ലൈക്കും ഷെയറും ജീവിതത്തിന്റെ ലക്ഷ്യമായി മാറുന്നു. പ്രകടനപരത വല്ലാതെ അവരെ ഗ്രസിച്ചിരിക്കുന്നു.

മനസ്സിന്റെ ആഴങ്ങളിൽനിന്ന് സ്നേഹത്തിലും ഗുണകാംക്ഷയിലും ചാലിച്ച ഉപദേശങ്ങൾ നിരന്തരം നമ്മുടെ മക്കൾക്ക് നൽകിക്കൊണ്ടേയിരിക്കണം. ചുറ്റുമുള്ള ചതിക്കുഴികൾ അവരെ ബോധ്യപ്പെടുത്തണം. എന്തുകൊണ്ട് അതിൽ പെടാതെ സൂക്ഷിക്കണം എന്ന തിരിച്ചറിവ് നൽകുവാനും നമുക്ക് സാധിക്കേണ്ടതുണ്ട്.

മതവിശ്വാസം എന്നത് അഭിമാനമാണ്; സുരക്ഷയും. മുസ്‌ലിംകൾ വിശ്വസിക്കുന്നത് സർവലോക സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിലാണ്. അവന് മുകളിൽ ഒന്നുമില്ല. ആ ഉറച്ച ബോധ്യം നമുക്കും കുടുംബത്തിനും അനിവാര്യമാണ്. എന്തുകൊണ്ട് നാം യഥാർഥ വിശ്വാസികളാവണം എന്ന ബോധ്യം ഉണ്ടെങ്കിലേ മനസ്സിലേക്ക് കാര്യങ്ങൾ എത്തുകയുള്ളൂ. ആരെങ്കിലും എന്തെങ്കിലും പറയുമ്പോഴേക്ക് വലിച്ചെറിയാനുള്ളതല്ല വിശ്വാസം എന്നും അതാണ് നമ്മുടെ അസ്തിത്വം എന്നും പുതുതലമുറയെ ബോധ്യപ്പെടുത്തിക്കൊടുക്കുവാൻ സാധിക്കണം. ആരുടെ മുന്നിലും അഭിമാനത്തോടെ തന്റെ മതപരമായ വ്യക്തിത്വം ഉയരത്തിപ്പിടിക്കാനുള്ള ആത്മവിശ്വാസം നേടുകയും വേണം.

"അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും 'തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" (ക്വുർആൻ 41:33).

**ലഹരിവസ്തുക്കളുടെ ഉപയോഗവും വിപണനവും തകൃതിയായി കേരളത്തിൽ നടക്കുന്നു എന്നാണ് ദിനേന പുറത്തു വരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. കിലോക്കണക്കിന് ലഹരി വസ്തുക്കൾ കേരളത്തിൽ എത്തുന്നു. മുമ്പൊക്കെ ലഹരി കടത്തുകേസിൽ സ്ത്രീകളുടെ സാന്നിധ്യം നാമമാത്രമായിരുന്നു. എന്നാൽ ഇന്ന് 'ലിംഗസമത്വം' ഈ മേഖലയിലും പ്രകടമാണ്! പുതുതലമുറയിൽ പെട്ടവരും അഭ്യസ്തവിദ്യരും ഇതിൽ പ്രധാന കണ്ണികളാണ്. ലഹരിമാഫിയകൾ പുതുതലമുറയെ കരുക്കളാക്കിക്കൊണ്ടിരിക്കുന്നു എന്നത് നമ്മൾ തിരിച്ചറിഞ്ഞേ മതിയാവൂ.**



വിശ്വാസം പഴഞ്ചനല്ല, പഴക്കമുള്ളതാണ്; നിത്യനൂതനവും. ഇന്ന ലകളിൽ ഇസ്‌ലാമിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചവർക്ക് ആശ യപരമായി നിലനിൽക്കാൻ സാധിച്ചിട്ടില്ല. പല ആരോപകർക്കും ഈ വിശ്വാസസംഹിതയുടെ തിളക്കത്തിൽ ജീവിതം പുനഃക്രമീകരിക്കേണ്ട സാഹചര്യം വരെ ഉണ്ടായിട്ടുണ്ട്. വിശ്വാസനത്തിന് നേരെയുള്ള ആക്ര മണം പുതിയതല്ല. ആ വെല്ലുവിളികളെ അതിജയിച്ചാണ് ഇന്നും ലോ കത്തിന് മുമ്പിൽ പ്രകാശം പരത്തി ഇസ്‌ലാമികാദർശം നിലകൊള്ളു ന്നതെന്ന് യാഥാർഥ്യങ്ങളിലേക്ക് കണ്ണോടിക്കുന്നവർക്ക് മനസ്സിലാവും.

സ്വന്തത്തെയും കുടുംബത്തെയും ധാർമിക വഴിയിൽ നിലനിർ ത്താൻ പരിശ്രമിക്കുകയെന്നത് വിശ്വാസികളുടെ ബാധ്യതയായി അല്ലാ ഹു കൽപിച്ചതാണ്.

"സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെ യും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാ വമുള്ളവരും അതിശക്തൻമാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാ ഹു അവരോട് കൽപിച്ചകാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്ര വർത്തിക്കുകയും ചെയ്യും" (ക്വുർആൻ 66:6).

അടിസ്ഥാമാപരമായ മതവിജ്ഞാനം കുടുംബത്തിന് ലഭ്യമാക്കാൻ ബോധപൂർവമായ ശ്രമം കുടുംബ നാഥനിൽനിന്നും ഉണ്ടാവണം. മാ താവാണ് ആദ്യത്തെ അധ്യാപിക; മത, ഭൗതിക കാര്യങ്ങളിലെല്ലാം. മാതൃത്വം അലങ്കാരമല്ല ഉത്തരവാദിത്തം കൂടിയാണെന്ന് കുടുംബനാ ഥയും സഗൗരവം തിരിച്ചറിയണം.

ഭൗതിക വിദ്യാഭ്യാസത്തിനു മാത്രം പ്രാധാന്യം നൽകി മതബോ ധം നൽകുന്നതിൽനിന്നും കുട്ടികളെ മാറ്റിനിർത്തുന്നവർ ഭാവിയിൽ അതിന് വലിയ വില നൽകേണ്ടിവരും എന്നാണ് ദിനേന നമ്മെ തേടി വരുന്ന വാർത്തകൾ പറഞ്ഞുതരുന്നത്. എന്റെ മകൾ ആത്മഹത്യ ചെ യ്തില്ല എന്ന് നിറകണ്ണുകളോടെ പറയുന്ന മാതാവ്, മകൻ മയക്കുമരുന്ന് വില്പനക്കാരനാണെന്ന് അറിയാത്ത മറ്റൊരു മാതാവ്, ഇളംതലമുറയിൽ പെട്ട ജീവനുകൾ ജീവിതലക്ഷ്യം മറന്ന് ദുരന്തങ്ങളിൽ പെടുമ്പോൾ വി ശ്വാസികളുടെ മനസ്സ് വേദനിക്കും. ഞാനും നിങ്ങളും നമ്മുടെ മക്കൾ ക്ക് പകർന്നുനൽകേണ്ട മതത്തിന്റെ അടിസ്ഥാന പാഠങ്ങൾ പകർന്ന് നൽകാൻ മറന്നോ എന്ന് ഇനിയെങ്കിലും പുനർ വിചിന്തനം നടത്തേണ്ട തുണ്ട്. പകർന്ന് നൽകുക മാത്രമല്ല അവർ അത് നെഞ്ചേറ്റുന്നുണ്ടോ, ജീവിതത്തിൽ പകർത്തുന്നുണ്ടോ എന്നൊക്കെ സ്നേഹത്തോടെ നി രന്തരം അന്വേഷിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതുണ്ട്. മതത്തെക്കുറിച്ച് അപകർഷബോധം വളർത്തി വിശ്വാസത്തെ ഇല്ലാ താക്കാൻ ബോധപൂർവമായ ശ്രമങ്ങൾ ഒരുവശത്ത്, ആരെയും കരു വാക്കി എങ്ങനെയും പണം സമ്പാദിക്കണം എന്ന് ചിന്തിക്കുന്ന മനു ഷ്യർ മറുവശത്ത്. അവരുടെ ഇടയിലാണ് നമ്മുടെ മക്കൾ വളരുന്നത്. അതുകൊണ്ട്തന്നെ രക്ഷിതാക്കൾ കൂടുതൽ ഉത്തരവാദിത്തബോധ ത്തോടെയും കരുതലോടെയും പ്രവർത്തിക്കേണ്ടതുണ്ട്.

ഭൗതികത തലയിൽ കയറി ട്രെന്റിന് പിന്നാലെ പോയാൽ ജീവിതം സുഖകരമാവില്ലെന്ന് നമുക്ക് ചുറ്റും നടന്ന നിരവധി സംഭവങ്ങൾ ഉണർ ത്തുന്നില്ലേ? പാതിവഴിയിൽ ജീവൻ ഉപേക്ഷിച്ച് പോകുന്നവർ, ലഹ രിയുപയോഗിച്ച് ഭ്രാന്തരായി മാറിയവർ, എല്ലാവരാലും വെറുക്കപ്പെട്ട് സ്വയം ശപിച്ച് വീട്ടിൽ കഴിയേണ്ടി വരുന്നവർ... അങ്ങനെ ജീവിതം ദുരന്തമായി മാറിയ പലരും നമ്മുടെ പരിസരങ്ങളിൽ ഇല്ലേ? വിസ്മ യിപ്പിക്കുന്ന പ്രകടനങ്ങളും മാസ്മരിക വാക്കുകളുംകൊണ്ട് നമ്മെ

**പുതുതലമുറ ആകെ മാറിയിട്ടു ണ്ട് എന്നത് രക്ഷിതാക്കൾ തിരി ച്ചറിയണം. ശാസനകളും ശിക്ഷ കളുമല്ല; ചേർത്തുപിടിക്കലാണ് അവരുടെ പ്രശ്നങ്ങൾക്കു ള്ള പരിഹാരം എന്നത് ആദ്യം രക്ഷിതാക്കൾ മനസ്സിലാക്കണം. കൂട്ടുകുടുംബ വ്യവസ്ഥിതി യിൽനിന്ന് അണുകുടുംബങ്ങളി ലേക്ക് മാറിയതും തിരക്കുപിടിച്ച ജീവിതക്രമവുമെല്ലാം കുടും ബങ്ങളിൽ ചെലവഴിക്കേണ്ട സമയത്തെ ഇല്ലാതാക്കിയിരിക്കു ന്നു. പരസ്പരം കേൾക്കാനും പറയാനും ആർക്കും നേരമില്ല. അതുകൊണ്ട്തന്നെ മാനസി കവ്യഥകളും വേദനകളും സന്തോഷങ്ങളും കുടുംബത്തി നുപുറത്താണ് പലപ്പോഴും പങ്കുവയ്ക്കപ്പെടുന്നത്. ഇത് വലിയൊരു വീഴ്ചയാണ്. ഭാര്യാ ഭർത്താക്കന്മാർ പരസ്പരവും രക്ഷിതാക്കൾ മക്കളുമായും സമയം ചെലവഴിക്കാൻ ബോധ പൂർവമായ ശ്രദ്ധചെലുത്തണം. അവരുടെ വിഷമങ്ങളും സന്തോ ഷങ്ങളും ആശകളും പങ്കു വയ്ക്കാൻ സാധിക്കുംവിധം സുദൃഢമായ ബന്ധം ഉണ്ടാക്കിയെടുക്കണം.**



കണ്ണഞ്ചിപ്പിക്കുന്നവർ പറയുന്നതല്ല, മറിച്ച് നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന നാഥന്റെ വാക്കുകളും നിർദേശങ്ങളുമാണ് യാഥാർഥ്യം എന്ന് വിവേകമുള്ളവർ ഇനിയെങ്കിലും സ്വന്തത്തെയും കുടുംബത്തെയും ബോധ്യപ്പെടുത്തിയേ മതിയാവൂ.

മതാധ്യാപനങ്ങൾ നെഞ്ചേറ്റി അത് കുടുംബങ്ങളിലേക്ക് പകർന്ന് ജീവിതം ധന്യമാക്കാൻ, ഇഹപര വിജയം നേടാൻ വിശ്വാസികൾക്ക് ബാധ്യതയുണ്ട്.

"ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയെത്തുന്നതുവരെ സംരക്ഷിച്ച് വളർത്തിയാൽ പരലോകത്ത് അയാൾ എന്നോടൊപ്പം സ്വർഗത്തിലായിരിക്കും" (മുസ്‌ലിം) എന്ന പ്രവാചക വചനം ആഴത്തിൽ ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. സ്വർഗം ലഭിക്കാൻ എളുപ്പ മാർഗമില്ല. അത്രമേൽ പ്രയാസകരമായതാണ് മക്കളെ വളർത്തി, ധാർമികമൂല്യമുള്ളവരാക്കി മാറ്റുക എന്നുള്ളത്.

ഉന്നതവിദ്യാഭ്യാസം ലക്ഷ്യംവച്ച് വീട്ടിൽനിന്നും മാറിത്താമസിക്കുന്നവരാണ് വലിയൊരുവിഭാഗം പുതുതലമുറ. അത് ചൂഷണം ചെയ്യപ്പെടുന്നു എന്നത് യാഥാർഥ്യമാണ്. ഹോസ്റ്റലിൽ ഉള്ളവർ എല്ലാവരും സിനിമക്ക് പോകാൻ പ്ലാനിട്ടിരിക്കുന്നു. ഉപ്പാ, ഞാൻ ഇവിടെ ഒറ്റക്കാണ്, എന്ത് ചെയ്യും എന്ന് നിസ്സഹായയായി ചോദിച്ച ബിരുദ വിദ്യാർഥിനിയായ മകളെകുറിച്ചാണ് കഴിഞ്ഞദിവസം സുഹൃത്ത് പറഞ്ഞത്. അധ്യാപകരും സഹപാഠികളുമെല്ലാം നാടോടുമ്പോൾ നടുകെയോടുക എന്ന നയത്തിലാകുമ്പോൾ നമ്മുടെ മക്കൾ ആ ചതിക്കുഴിയിൽ വഴുതിവീഴും. പരിഹാരം അവരെ നെഞ്ചോട് ചേർത്ത് മതപാഠങ്ങൾ പകർന്നുകൊടുക്കുക, പരലോക ജീവിതമാണ് അനശ്വരമെന്ന് ബോധ്യപ്പെടുത്തുക എന്നതാണ്. എന്റെയും മാതാപിതാക്കളുടെയും സ്വർഗ പ്രവേശനത്തിന് ഞാൻകൂടി കാരണക്കാരനാവണം എന്ന സദ്‌വിചാരത്തിലേക്ക് അവരെ ഉയർത്താൻ കഴിയണം. അത് അവരെ ആഴത്തിൽ സ്വാധീനിക്കുമെന്നതിൽ സംശയമില്ല.

**നിരന്തരമായ പ്രാർഥന അനിവാര്യം**

"അവിടെവെച്ച് സകരിയ്യാ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽനിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു"(ക്വുർആൻ 3:38).

ഇബ്‌റാഹീം(അ) പ്രാർഥിച്ചത് ഇങ്ങനെയാണ്: "എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ" (37:100).

"ഐഹികജീവിതമെന്നത് കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. പാരത്രികലോകമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമമായിട്ടുള്ളത്. നിങ്ങളെന്താണ് ചിന്തിക്കാത്തത്?" (ക്വുർആൻ 6:32).

**വിശ്വാസം പഴഞ്ചനല്ല, പഴക്കമുള്ളതാണ്; നിത്യനൂതനവും. ഇന്നലകളിൽ ഇസ്‌ലാമിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചവർക്ക് ആശയപരമായി നിലനിൽക്കാൻ സാധിച്ചിട്ടില്ല. പല ആരോപകർക്കും ഈ വിശ്വാസസംഹിതയുടെ തിളക്കത്തിൽ ജീവിതം പുനഃക്രമീകരിക്കേണ്ട സാഹചര്യം വരെ ഉണ്ടായിട്ടുണ്ട്. വിശ്വാസത്തിന് നേരെയുള്ള ആക്രമണം പുതിയതല്ല. ആ വെല്ലുവിളികളെ അതിജയിച്ചാണ് ഇന്നും ലോകത്തിന് മുമ്പിൽ പ്രകാശം പരത്തി ഇസ്‌ലാമികാദർശം നിലകൊള്ളുന്നതെന്ന് യാഥാർഥ്യങ്ങളിലേക്ക് കണ്ണോടിക്കുന്നവർക്ക് മനസ്സിലാവും.**

മക്കളെ നഷ്ടപ്പെടുന്ന, അഭിമാനം തകർത്തെറിയപ്പെടുന്ന സാഹചര്യങ്ങളിലേക്ക് കാര്യങ്ങൾ എത്തുന്നതിന് മുമ്പ് അവരെ നാം ചേർത്തുപിടിക്കുക.

**മഹല്ലുകളും സാമൂഹ്യധർമവും**

ഈയിടെ ഒരു പത്രത്തിന്റെ മലപ്പുറം ജില്ലാ പ്രാദേശിക പേജ് സാമൂഹ്യമാധ്യമങ്ങളിൽ ചർച്ചയായിരുന്നു. മയക്കുമരുന്നുമായി പിടിയിലായവരെ കുറിച്ചുള്ള വാർത്തകളായിരുന്നു ആ പേജ് മുഴുവനും. എല്ലാ പ്രതികളും മുസ്‌ലിം നാമധാരികൾ! കണ്ണൂരിൽ മുസ്‌ലിം ദമ്പതികളാണ് മയക്കുമരുന്ന് കേസിൽ അറസ്റ്റിലായത്. സമുദായം ലജ്ജിച്ച് തല താഴ്ത്തേണ്ട സാഹചര്യം.

സംഘടിതബോധം ഇസ്‌ലാമിക സംസ്കാരത്തിന്റെ അടിസ്ഥാനങ്ങളിൽ പെട്ടതാണ്. ആരാധനാ കർമങ്ങളും മറ്റും സംഘടിതമായി നിർവഹിക്കാൻ കൽപിക്കപ്പെട്ടിട്ടുള്ളവരാണ് വിശ്വാസികൾ. പള്ളിയുമായി ബന്ധപ്പെട്ട് കഴിയുന്നവരായിരിക്കും വിശ്വാസികളിൽ ഭൂരിപക്ഷവും. ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ ഇത്തരം സാമൂഹിക ദുരന്തങ്ങളിൽനിന്നും നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ സാധിക്കും. വിവാഹം, മരണം എന്നിങ്ങനെയുള്ള കാര്യങ്ങൾക്കെങ്കിലും മഹല്ലുമായി ബന്ധപ്പെടാത്തവർ തുലോം തുച്ഛമായിരിക്കും.

ഓരോ പ്രദേശത്തെയും വിശ്വാസിസമൂഹത്തെ ധാർമികമായും സാമൂഹികമായും സമുദ്ധരിക്കേണ്ടത് ഉലമാക്കലും ഉമറാക്കളും ചേർന്ന മഹല്ലുകളുടെ ബാധ്യതയാണ്. ഇത് കൃത്യമായി നിർവഹിക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. മഹല്ല് നിവാസികളായ മുഴുവൻ വിശ്വാസികളുടെയും വിവരങ്ങൾ ശേഖരിച്ച് അവർക്ക് മതബോധം നൽകാൻ പദ്ധതികൾ ഉണ്ടാവണം. അവരുടെ സുഖദുഃഖങ്ങളിൽ പങ്കാളികളാവാനും ധാർമിക വഴിയിൽ യുവതലമുറയെ കൈപിടിച്ചു നടത്താനും മഹല്ലിന് സാധിക്കേണ്ടതുണ്ട്. ഏതെങ്കിലും നിലക്കുള്ള തിന്മകൾ നാട്ടിൽ ഉണ്ടാകുന്നതിനെതിരെ ജാഗ്രത പാലിക്കാനും അത്തരം അധാർമിക പ്രവണതക്കെതിരെ പുതുതമുറയെ ഉപയോഗിച്ച് ഫലപ്രദമായ ഇടപെടലുകൾ നടത്തുവാനും സാധ്യമാവണം. മത,സാമൂഹിക പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. അവരുടെ കർമശേഷിയെ സ്വന്തത്തിനും കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്പെടുന്ന രീതിയിൽ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതാവണം അത്തരം പദ്ധതികൾ.

ഒരു സുഹൃത്ത് അദ്ദേഹത്തിന്റെ മഹല്ലിൽ നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് പറഞ്ഞത് ഇവിടെ പങ്കുവയ്ക്കുന്നു: മഹല്ലിലെ എല്ലാവരുടെയും വിദ്യാഭ്യാസയോഗ്യതയടക്കം ഡാറ്റാ ബാങ്ക് തയ്യാറാക്കി. അവരുടെ യോഗ്യതയനുസരിച്ചുള്ള അവസരങ്ങളും വിദ്യാഭ്യാസ നിർദേശങ്ങളും പരിശീലനങ്ങളും ഒക്കെ ഫലപ്രദമായി അവർ നടപ്പിലാക്കിവരുന്നു. മഹല്ലിലെ വിദ്യാസമ്പന്നരെയും അവരുടെ ബന്ധങ്ങളെയും ഉപയോഗപ്പെടുത്തിയാണ് പദ്ധതികൾ നടക്കുന്നത്. സേവന പ്രവർത്തനങ്ങളും ഈ സംവിധാനത്തിന്റെ കീഴിൽ നടക്കുന്നു. പുതുതലമുറയെ നന്മയുടെ മാർഗത്തിൽ സക്രിയമാക്കുകയും അതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്താൽ സമൂഹം അതിന്റെ ഗുണഫലം അനുഭവിക്കുക തന്നെ ചെയ്യും. മറിച്ചാണെങ്കിലും ദുരന്തഫലവും.

നിരവധി വെല്ലുവിളികൾ നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ ജാഗ്രതയോടെയും ക്രിയാത്മകമായും ഇടപെട്ടില്ലെങ്കിൽ നമ്മൾ ആഗ്രഹിക്കാത്ത പലതും നമ്മുടെ വീട്ടിലും നാട്ടിലുമൊക്കെ നടക്കും. സാഹചര്യങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി കർമശേഷി നന്മയുടെ വഴിയിലേക്ക് തിരിച്ചുവിട്ട് നമ്മുടെ മക്കളെ നെഞ്ചോടുചേർക്കാം. ■

**ഉന്നതവിദ്യാഭ്യാസം ലക്ഷ്യംവച്ച് വീട്ടിൽനിന്നും മാറിത്താമസിക്കുന്നവരാണ് വലിയൊരുവിഭാഗം പുതുതലമുറ. അത് ചൂഷണം ചെയ്യപ്പെടുന്നു എന്നത് യാഥാർഥ്യമാണ്. ഹോസ്റ്റലിൽ ഉള്ളവർ എല്ലാവരും സിനിമക്ക് പോകാൻ പ്ലാനിട്ടിരിക്കുന്നു. ഉപ്പാ, ഞാൻ ഇവിടെ ഒറ്റക്കാണ്, എന്ത് ചെയ്യും എന്ന് നിസ്സഹായയായി ചോദിച്ച ബിരുദ വിദ്യാർഥിനിയായ മകളെകുറിച്ചാണ് കഴിഞ്ഞദിവസം സുഹൃത്ത് പറഞ്ഞത്. അധ്യാപകരും സഹപാഠികളുമെല്ലാം നാടോടുമ്പോൾ നടുകെയോടുക എന്ന നയത്തിലാകുമ്പോൾ നമ്മുടെ മക്കൾ ആ ചതിക്കുഴിയിൽ വഴുതിവീഴും. പരിഹാരം അവരെ നെഞ്ചോട് ചേർത്ത് മതപാഠങ്ങൾ പകർന്നുകൊടുക്കുക, പരലോക ജീവിതമാണ് അനശ്വരമെന്ന് ബോധ്യപ്പെടുത്തുക എന്നതാണ്. എന്റെയും മാതാപിതാക്കളുടെയും സ്വർഗപ്രവേശനത്തിന് ഞാൻകൂടി കാരണക്കാരനാവണം എന്ന സദ്‌വിചാരത്തിലേക്ക് അവരെ ഉയർത്താൻ കഴിയണം. അത് അവരെ ആഴത്തിൽ സ്വാധീനിക്കുമെന്നതിൽ സംശയമില്ല.**



# സിഗ്നൽ അവസരോചിതമായി കൊടുത്തില്ലെങ്കിൽ...

സലാം സുറുമ, എടത്തനാട്ടുകര
: 9447364751

'എന്താടോ നിന്റെ മുഖത്ത് കണ്ണില്ലേ?' വാഹനത്തിൽ നിന്നും ഇറങ്ങിയപാടെ ഓട്ടോ ഡ്രൈവർ അലറി. പിറകിൽനിന്നും വന്ന കാറിലെ ഡ്രൈവറും യാത്രക്കാരും സാഹചര്യങ്ങൾ വിശദീകരിക്കാൻ ശ്രമിച്ചെങ്കിലും ഓട്ടോ ഡ്രൈവർ തന്റെ അട്ടഹാസം തുടർന്നു: 'തനിക്കെന്താ കാഴ്ചക്ക് തകരാറുണ്ടോ? ഞാൻ സിഗ്നൽ ഇട്ടത് കണ്ടില്ലേ? പിന്നെ എന്തിനാ എന്റെ വാഹനത്തിനു പിന്നിൽ ഇടിച്ചത്?'

നാട്ടുകാർ കൂടി. ഉച്ചത്തിൽ സംസാരിക്കുന്ന ഡ്രൈവറുടെ ഓട്ടോയുടെ പിന്നിൽ സാരമായ കേടുപാടു പറ്റിയിരിക്കുന്നു. പിന്നിൽ വന്ന കാറുകാരൻ വാഹനം ഇടിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഓട്ടോ ഡ്രൈവറുടെ ഉറക്കെയുള്ള സംസാരത്തിൽ അതെല്ലാം മുങ്ങിപ്പോയി. അപ്പോഴേക്കും കുറച്ചുകൂടി ആളുകൾ എത്തി. അവരെല്ലാം നാട്ടുകാരനായ ഓട്ടോക്കാരന്റെ കൂടെ കൂടി, അയാൾക്ക് അനുകൂലമായി സംസാരിക്കാൻ തുടങ്ങി. അന്യനാട്ടുകാരനായ കാറുകാരൻ, ഗത്യന്തരമില്ലാതെ നഷ്ടപരിഹാരം നൽകാം എന്ന് സമ്മതിച്ചു. വർക്ക്ഷോപ്പിലെ ബില്ല് അടച്ചുകൊള്ളാം എന്ന വ്യവസ്ഥയിൽ എല്ലാവരും പിരിഞ്ഞുപോയി.

മുമ്പിൽ പോയിരുന്ന ഓട്ടോക്കാരൻ സിഗ്നൽ നൽകാതെ പെട്ടെന്ന് വാഹനം വലത്തോട്ടുതിരിച്ച് ഇടറോഡിലൂടെ പോകാൻ ശ്രമിച്ചതാണ് അപകടകാരണമായതെന്ന് കാ ർഡ്രൈവർക്ക് നല്ല ഉറപ്പായിരുന്നു. പെട്ടെന്ന് വെട്ടിച്ചുപോകുന്നതിനിടെ വാഹനത്തിൽ ഇടിച്ച ഉടനെത്തന്നെ, ഓട്ടോയുടെ ഇന്റിഗേറ്റർ ഓൺ ചെയ്യുകൊണ്ടാണ് ഡ്രൈവർ വാഹനം സൈഡാക്കിയതെന്ന് കാറിൽ കൂടെയുള്ള സഹയാത്രികൻ ഓർത്തെടുത്ത് പറഞ്ഞു. എന്നാൽ അത് ആൾക്കൂട്ടത്തോട് വിശദീകരിക്കാൻ അവസരം ലഭിക്കാത്തതിനാൽ പ്രവാസിയായ അയാൾക്ക് സാമ്പത്തിക നഷ്ടത്തിനൊപ്പം സമയനഷ്ടവും വന്നു. ഉടനെത്തന്നെ ഗൾഫിലേക്ക് തിരിച്ചുപോകേണ്ടതിനാൽ കേസാക്കാൻ അയാൾക്ക് തൽപര്യവും ഇല്ലായിരുന്നു.

വളരെ മാന്യമായി വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്ക് ചീത്തപ്പേരുണ്ടാക്കുന്ന ചുരുക്കം ചില ഡ്രൈവർമാർ നമുക്കിടയിലുണ്ട്. ഒരു സെക്കന്റ് സമയംകൊണ്ട്, തന്റെ കൈവിരലിനാൽ ഒരു സിഗ്നൽ ഇടാൻ മടികാണിക്കുന്ന ഇക്കൂട്ടർ എത്ര വലിയ അപകടമാണ് മറ്റുള്ളവർക്ക് വരുത്തിവയ്ക്കുന്നത്! ഇതുപോലെ മറ്റുള്ളവരെ പ്രശ്നത്തിലാക്കുന്ന മറ്റൊരുകൂട്ടർ കൂടിയുണ്ട്. റോഡിന്റെ ഏതെങ്കിലും വശത്തേക്ക് തിരിയുമ്പോൾ ഇട്ട സിഗ്നൽ, തിരിഞ്ഞുകഴിഞ്ഞാലും ഓഫ് ചെയ്യാൻ മറക്കുന്നവരാണ് ഇവർ. തൊട്ടുപിന്നാലെ വരുന്ന വാഹങ്ങൾ അയാൾ ഇപ്പോൾ തിരിയും എന്ന ധാരണയിൽ വേഗത കുറച്ച് അയാൾക്ക് പോകാൻ സാഹചര്യം ഒരുക്കിക്കൊടുക്കും. പക്ഷേ, വാഹനം തിരിയാതെ മുന്നോട്ടുതന്നെ കുതിക്കുമ്പോഴാണ് പുറകിലെ വാഹനത്തിലെ ഡ്രൈവർ തനിക്കു പറ്റിയ അമളി മനസ്സിലാക്കുക. ഇന്റിഗേറ്ററിന്റെ കൂടെ ബീപ് ശബ്ദം കൂടി ഉണ്ടാക്കുന്ന ബസറുകൾ ഫിറ്റ് ചെയ്താൽ ഈ മറവി ഇല്ലാതാക്കാം. ഒരു വശത്തേക്ക് വാഹനത്തിന്റെ സിഗ്നൽ ഇട്ട് മറുവശത്തേക്ക് കൂളായി വാഹനം തിരിക്കുന്ന അപൂർവം ചിലരും റോഡിലെ പ്രശ്നക്കാർതന്നെയാണ്.

വണ്ടി ഇടറോഡിലേക്ക് തിരിയുമ്പോഴും സൈഡാക്കുമ്പോഴും കൃത്യമായ സിഗ്നൽ നൽകണമെന്നത് ലേണിംഗ് ടെസ്റ്റ് സമയത്ത് എല്ലാവരും പഠിച്ചതാണ്. എന്നാൽ അത് പ്രാവർത്തികമാക്കാനുള്ള മടിയാണ് പലപ്പോഴും അപകടങ്ങൾ വരുത്തിവയ്ക്കുന്നത്. വാഹനങ്ങളെ ഓവർടേക്ക് ചെയ്യുമ്പോൾ സിഗ്നൽ ഇട്ട്, ഹോൺ അടിച്ച്, മുമ്പിലെ വാഹനത്തിന്റെ ഡ്രൈവറുടെ ശ്രദ്ധയിൽ പെടുത്തുകയാണെങ്കിൽ, വന്നേക്കാവുന്ന അപകടങ്ങൾ നമുക്ക് ഒഴിവാക്കാനായേക്കാം. ■

ലേഖനം



# അയൽക്കാരന്റെ അവകാശങ്ങൾ


ഡോ. ടി. കെ യൂസുഫ്

:9349798262


മനുഷ്യൻ ഒരു സാമൂഹ്യജീവിയായതുകൊണ്ട് അയൽപക്ക സഹകരണമില്ലാതെ അവന് ജീവിതം അസാധ്യമാണ്. അതുകൊണ്ട്തന്നെ ഇസ്‌ലാമിക പ്രമാണങ്ങളായ ക്വുർആനും സുന്നത്തും അയൽക്കാരന്റെ അവകാശങ്ങളെക്കുറിച്ച് അനവധി സ്ഥലങ്ങളിൽ പ്രതിപാദിക്കുന്നതായി കാണാം. ക്വുർആനിൽ അല്ലാഹുവിനെ മാത്രം ആരാധിക്കാൻ ആജ്ഞാപിക്കുന്ന വചനത്തിൽതന്നെ അതിനോട് അനുബന്ധമായി അയൽക്കാരന്റെ കാര്യവും പരാമർശിക്കുന്നുണ്ട്.

“നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക” (ക്വുർആൻ 4:36).

അയൽക്കാരെ ഈ വചനത്തിൽ രണ്ടായി തരംതിരിച്ചതായി കാണാം. ഒന്ന് കുടുംബബന്ധമുള്ള അയൽക്കാർ, രണ്ടാമത്തേത് കുടുംബബന്ധമില്ലാത്ത അയൽക്കാർ. അയൽക്കാരൻ കുടുംബബന്ധമുള്ളവൻ കൂടിയാകുമ്പോൾ ഇസ്‌ലാം ഏറെ പ്രോത്സാഹിപ്പിച്ച കുടുംബബന്ധം ചേർക്കുക എന്ന കടമയും അയൽപക്ക ബന്ധത്തിൽ ഉൾപെടുന്നുണ്ട്.

അയൽപക്കത്തിന്റെ പരിധി എവിടെ തുടങ്ങുന്നു, എവിടെ അവസാനിക്കുന്നു എന്നതും ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇമാം ബുഖാരി പറയുന്നു:

**മനുഷ്യൻ ഒരു സാമൂഹ്യജീവിയായതുകൊണ്ട് അയൽപക്ക സഹകരണമില്ലാതെ അവന് ജീവിതം അസാധ്യമാണ്. അതുകൊണ്ട്തന്നെ ഇസ്‌ലാമിക പ്രമാണങ്ങളായ ക്വുർആനും സുന്നത്തും അയൽക്കാരന്റെ അവകാശങ്ങളെക്കുറിച്ച് അനവധി സ്ഥലങ്ങളിൽ പ്രതിപാദിക്കുന്നതായി കാണാം. ക്വുർആനിൽ അല്ലാഹുവിനെ മാത്രം ആരാധിക്കാൻ ആജ്ഞാപിക്കുന്ന വചനത്തിൽതന്നെ അതിനോട് അനുബന്ധമായി അയൽക്കാരന്റെ കാര്യവും പരാമർശിക്കുന്നുണ്ട്**



'അയൽപക്കം എന്നാൽ നിന്റെ വീടിന്റെ മുന്നിലെ നാൽപത് വീടുകളും പിന്നിലെ നാൽപത് വീടുകളും വലതുവശത്തെ നാൽപത് വീടുകളും ഇടതുവശത്തെ നാൽപത് വീടുകളുമാണ്.' ഈ പരിധി നിർണയത്തിന് തെളിവായി ഒരു ഹദീസ് ഉദ്ധരിക്കപ്പെടുന്നുണ്ട്.

നബി(സ്വ)യുടെ അടുക്കൽ ഒരാൾ വന്നിട്ട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ ഇന്നവന്റെ സ്ഥലത്ത് താമസമാക്കിയിട്ടുണ്ട്. അയൽപക്കത്തിൽ എന്നോട് ഏറ്റവും പഴക്കമുള്ളവനാണ് അവരിൽ എനിക്ക് ഏറ്റവും ഉപദ്രവമുള്ളത്." അപ്പോൾ നബി(സ്വ) അബൂബക്കർ(റ), ഉമർ(റ), അലി(റ) എന്നിവരെ നിയോഗിച്ചു. അവരോട് പള്ളിയിൽ ചെന്ന് അതിന്റെ കവാടത്തിൽ വെച്ച് ഇപ്രകാരം മൂന്നുതവണ വിളിച്ചു പറയാൻ കൽപിച്ചു: 'അറിയുക, നാൽപത് വീടുകൾ അയൽപക്കമാണ്. ആരുടെയെങ്കിലും അയൽക്കാരൻ ഒരാളുടെ ഉപദ്രവം ഭയപ്പെടുന്നുവെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (ത്വബ്റാനി).

അയൽപക്കബന്ധത്തിന് ഈ രൂപത്തിൽ ഒരു പരിധി നിശ്ചയിക്കുകയും അയൽക്കാരന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടാത്തവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്ന് പ്രഖ്യാപിക്കുകയും ചെയ്തതോടുകൂടി മുഴുവൻ ജനങ്ങൾക്കും സുരക്ഷിതരായി ജീവിക്കാനുള്ള വഴിയൊരുക്കുകയാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത്. അയൽപക്കബന്ധത്തിന് പരിധി നിശ്ചയിച്ചപ്പോൾ വിശ്വാസി, അവിശ്വാസി എന്ന വേർതിരിവ് നടത്തിയില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. നമ്മുടെ വീടിന് ചുറ്റുമുള്ള നാൽപത് വീടുകൾ എന്ന് മാത്രമാണ് ഹദീസിൽ വ്യക്തമാക്കിയിട്ടുള്ളത്. ഒരു വിശ്വാസിയുടെ വീടിന്റെ അയൽപക്ക പരിധി അവസാനിക്കുന്നിടത്ത് മറ്റൊരു വിശ്വാസിയുടെ വീട് ആരംഭിക്കുന്നുണ്ടെങ്കിൽ ഈ സംരക്ഷണ പരിധി നീണ്ടു പോകുകയും നാട്ടിലെ മുഴുവൻ ജനങ്ങൾക്കും സുരക്ഷിതത്വം ലഭിക്കുകയും ചെയ്യും.

അയൽക്കാരുടെ കൂട്ടത്തിൽ നല്ലവരും ചീത്തയുമായ ആളുകളുണ്ടാകും. നല്ല അയൽക്കാരന്റെ ഗുണങ്ങൾ ഇസ്‌ലാമിക അധ്യാപനങ്ങളിൽ പ്രകീർത്തിക്കപ്പെട്ടതാണ്. എന്നാൽ ചീത്ത അയൽപക്കത്തിൽനിന്നും എല്ലാവരും ശരണം തേടുകയാണ് ചെയ്യാറുള്ളത്. നല്ല അയൽക്കരൻ ആരാണ് എന്നതിനുള്ള നിർവചനവും ഹദീസുകളിൽ വന്നിട്ടുണ്ട്. നബി(സ്വ) പറഞ്ഞു:

"കൂട്ടുകാരിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ഉത്തമൻ തന്റെ കൂട്ടുകാരന് ഏറ്റവും ഉത്തമനായവനാണ്. അയൽക്കാരിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ഉത്തമൻ തന്റെ അയൽക്കാരന് ഏറ്റവും ഉത്തമനായവനാണ്" (തിർമുദി).

അയൽക്കാരനെ ആദരിക്കുന്നത് വിശ്വാസത്തിന്റെ ഭാഗമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഈ വിഷയ

ത്തിൽ വന്ന ഹദീസുകളെല്ലാം അതാണ് വ്യക്തമാക്കുന്നത്. നബി (സ്വ) പറഞ്ഞു:

“ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽക്കാരെ ആദരിക്കട്ടെ” (ബുഖാരി).

മറ്റൊരു റിപ്പോർട്ടിൽ വന്നത് ഇപ്രകാരമാണ്: “ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽക്കാരനോട് നന്മചെയ്യട്ടെ” (മുസ്‌ലിം).

ഇതേ ആശയം തന്നെ മറ്റൊരു റിപ്പോർട്ടിൽ വന്നത് ഇപ്രകാരമാണ്: “ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽക്കാരനെ ഉപദ്രവിക്കാതിരിക്കട്ടെ” (ബുഖാരി).

അയൽക്കാരനെ ഉപദ്രവിക്കാതിരിക്കുന്നതുപോലെ തന്നെ അവന്റെ അടുക്കൽനിന്ന് നേരിടേണ്ടിവരുന്ന ഉപദ്രവങ്ങൾ നാം ക്ഷമിക്കുകയും ചെയ്യേണ്ടതുണ്ട്. അക്കാര്യവും നബി(സ്വ) പ്രത്യേകം പഠിപ്പിക്കുന്നുണ്ട്. ആഇശ(റ) പറയുകയാണ്: “നബി(സ്വ) ഒരു ദിവസം എന്റെ വീട്ടിലായിരുന്നു. അന്ന് ഞാൻ അദ്ദേഹത്തിനുവേണ്ടി ബാർലികൊണ്ട് റൊട്ടിയുണ്ടാക്കി വെച്ചു. വളരെ തണുപ്പുള്ള ഒരു രാത്രിയായത് കൊണ്ട് തിരുമേനി എന്റെ മടിയിൽ തലവെച്ച് കിടക്കുകയായിരുന്നു. അപ്പോൾ ഞങ്ങളുടെ അയൽക്കാരന്റെ വീട്ടിൽ വളർത്തുന്ന ഒരു ആട് കടന്നുവന്ന് ആ റൊട്ടി എടുത്ത് കൊണ്ടുപോയി. ഞാൻ അസ്വസ്ഥയായി. അപ്പോൾ നബി(സ്വ) ഉണർന്നു. ഞാൻ വാതിൽക്കലേക്ക് ആടിന്റെ പിന്നാലെ ഓടി. അപ്പോൾ നബി(സ്വ) പറഞ്ഞു: ‘നിന്റെ റൊട്ടിയിൽനിന്ന് നിനക്ക് കിട്ടിയത് എടുത്തുകൊള്ളുക. ആടിന്റെ കാര്യത്തിൽ നീ നിന്റെ അയൽക്കാരനെ ഉപദ്രവിക്കരുത്” (അദബുൽ മുഫ്റദ്, ബുഖാരി).

വളരെ തണുപ്പുള്ള രാത്രിയിൽ തന്റെ അത്താഴം മുടക്കിയ ആടിന്റെ ഉടമ തന്റെ അയൽക്കാരനായത് കൊണ്ടാണ് പ്രവാചകൻ സംയമനം പാലിക്കാൻ പ്രിയപത്നിയോട് ആവശ്യപ്പെട്ടത്. അയൽക്കാരന്റെ ശല്യവും ഉപദ്രവവും ക്ഷമിക്കാൻ ആജ്ഞാപിക്കുന്ന വേറെയും വചനങ്ങൾ നമുക്ക് കാണാൻ കഴിയും.

ഇമാം അബൂഹനീഫ(റഹി)ക്ക് ഒരു ചീത്ത അയൽക്കാരനുണ്ടായിരുന്നു. എല്ലാ ദിവസവും എന്തെങ്കിലും ഉപദ്രവം അദ്ദേഹത്തിന് അയാളിൽനിന്ന് ഏൽക്കേണ്ടിവന്നിരുന്നു. ഒരു ദിവസം പതിവുപോലെ ശല്യം ചെയ്യുന്ന അയൽക്കാരനെ കാണാതായപ്പോൾ അബൂഹനീഫ അദ്ദേഹത്തെക്കുറിച്ച് അന്വേഷിച്ചു. അപ്പോൾ അദ്ദേഹത്തെ എന്തോ കുറ്റത്തിന് ജയിലിലടച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഉടനെ അബൂഹനീഫ ജയിലധികൃതരുമായി ബന്ധപ്പെട്ട് ശുപാർശ പറഞ്ഞ് അയാളെ മോചിപ്പിച്ചു. ജയിൽമോചിതനായ പ്രതി തന്നെ പുറത്തിറക്കാൻ ആരാണ് പരിശ്രമിച്ചത് എന്ന് അന്വേഷിക്കുകയും അബൂഹനീഫയാണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തെ ഉപദ്രവിക്കുന്നത് അവസാനിപ്പിക്കുകയു ചെയ്തു.

അയൽക്കാരന്റെ ഉപദ്രവത്തിൽനിന്ന് രക്ഷ തേടാൻ വേണ്ടി നബി(സ്വ) കൽപിച്ചതായി നമുക്ക് ഹദീസുകളിൽ കാണാം.

“മൂന്ന് വിപത്തുകളിൽനിന്ന് നിങ്ങൾ അല്ലാഹുവിനോട് ശരണം തേടുക. നിങ്ങൾ ചീത്ത അയൽക്കാരന്റെ അയൽപക്കത്തിൽനിന്നും അല്ലാഹുവിനോട് രക്ഷതേടുക, അവൻ വല്ല നന്മയും കണ്ടാൽ അത് മറച്ചുവെക്കും, അവൻ വല്ല തിന്മയും കണ്ടാൽ അത് പ്രചരിപ്പിക്കും. ചീത്ത ഭാര്യയിൽനിന്ന് നിങ്ങൾ അല്ലാഹുവോട് രക്ഷചോദിക്കുക, നീ അവളുടെ അടുത്ത് ചെന്നാൽ അവൾ നിന്നെ നാവുകൊണ്ട് ഉപദ്രവിക്കും, നിന്റെ അഭാവത്തിൽ അവൾ നിന്നെ വഞ്ചിക്കും, ചീത്ത നേതാവിൽനിന്നും നിങ്ങൾ അല്ലാഹുവിനോട് രക്ഷ ചോദിക്കുക, നീ അവന് നന്മ ചെയ്താൽ അവൻ അത് സ്വീകരിക്കുകയില്ല, തിന്മ ചെയ്താൽ അവൻ നിനക്ക് വിട്ടുവീഴ്ച ചെയ്ത് തരികയുമില്ല” (ശുഅബുൽ ഈമാൻ).

അയൽവാസിക്ക് വേണ്ടി നാം ചെയ്യുന്ന ഗുണങ്ങൾ അവൻ കണ്ടില്ലെന്ന് നടിക്കുന്നത് വലിയ നന്ദികേടാണ്. അതുപോലെ അസൗകര്യങ്ങൾ വല്ലതും നേരിടേണ്ടിവന്നാൽ അത് പെരുപ്പിച്ച് കാണിക്കുകയും ചെയ്യാൻ പാടില്ലെന്നാണ് മുകളിൽ വിവരിച്ച ഹദീസ് വ്യക്തമാക്കുന്നത്.

അയൽക്കാർക്ക് ഭക്ഷണം നൽകാൻ പ്രേരിപ്പിക്കുന്ന നിരവധി തിരുവചനങ്ങളുണ്ട്. അയൽക്കാരനിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ എത്ര നിസ്സാരമാണെങ്കിലും അതിനെ അവമതിക്കരുതെന്നും നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

“അല്ലയോ മുസ്‌ലിം സ്ത്രീകളേ, നിങ്ങളിൽ ഒരു അയൽക്കാരിയും മറ്റൊരു അയൽക്കാരിയെ നിസ്സാരമായി ഗണിക്കരുത്; ഒരു ആടിന്റെ കുളമ്പ് പാരിതോഷികമായി നൽകിയാലും” (ബുഖാരി).

സാധാരണഗതിയിൽ ഒരു അയൽക്കാരനും മറ്റൊരു അയൽ

**ആഇശ(റ) പറയുകയാണ്: “നബി(സ്വ) ഒരു ദിവസം എന്റെ വീട്ടിലായിരുന്നു. അന്ന് ഞാൻ അദ്ദേഹത്തിനുവേണ്ടി ബാർലികൊണ്ട് റൊട്ടിയുണ്ടാക്കി വെച്ചു. വളരെ തണുപ്പുള്ള ഒരു രാത്രിയായത് കൊണ്ട് തിരുമേനി എന്റെ മടിയിൽ തലവെച്ച് കിടക്കുകയായിരുന്നു. അപ്പോൾ ഞങ്ങളുടെ അയൽക്കാരന്റെ വീട്ടിൽ വളർത്തുന്ന ഒരു ആട് കടന്നുവന്ന് ആ റൊട്ടി എടുത്ത് കൊണ്ടുപോയി. ഞാൻ അസ്വസ്ഥയായി. അപ്പോൾ നബി(സ്വ) ഉണർന്നു. ഞാൻ വാതിൽക്കലേക്ക് ആടിന്റെ പിന്നാലെ ഓടി. അപ്പോൾ നബി(സ്വ) പറഞ്ഞു: ‘നിന്റെ റൊട്ടിയിൽനിന്ന് നിനക്ക് കിട്ടിയത് എടുത്തുകൊള്ളുക. ആടിന്റെ കാര്യത്തിൽ നീ നിന്റെ അയൽക്കാരനെ ഉപദ്രവിക്കരുത്” (അദബുൽ മുഫ്റദ്, ബുഖാരി).**



**വളരെ പരിമിതമായ സ്ഥലങ്ങളിൽ ജനങ്ങൾ ചേരികളിലായി തിങ്ങിത്താമസിക്കുന്ന അവസ്ഥയാണ് ഇന്ന് പല രാജ്യങ്ങളിലും നിലവിലുള്ളത്. കേരളം പോലുള്ള അപൂർവം സ്ഥലങ്ങളിൽ മാത്രമാണ് ജനങ്ങൾ ഇടവിട്ട വീടുകളിൽ താമസിക്കുന്നത്. തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിൽ ഒരാളുടെ വീടിന്റെ കഴുക്കോൽ ചിലപ്പോൾ അപരന്റെ വീടിന്റെ ചുമർവരെ എത്താനിടയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ അയൽക്കാരന്റെ വീട് നിർമാണത്തിന് അനിവാര്യമായ സഹകരണങ്ങൾ നൽകണമെന്നാണ് ഹദീസുകൾ പഠിപ്പിക്കുന്നത്. നബി(സ്വ) പറഞ്ഞു: "ഒരു അയൽക്കാരനും തന്റെ അയൽക്കാരന്റെ മരക്കഷ്ണം സ്വന്തം ചുമരിൽ ഊന്നിവെക്കുന്നത് തടയാൻ പാടില്ല'' (ബുഖാരി).**

ക്കാരന് ഒരു ആടിന്റെ കുളമ്പ് പാരിതോഷികമായി നൽകാറില്ല. അറബികളെ സംബന്ധിച്ചേടത്തോളം അവർ ഒരു ആടിന്റെ നാലിലൊന്ന് പോലും മറ്റൊരാൾക്ക് നൽകാൻ മടി കാണിക്കാറുണ്ട്. കേവലം ആടിന്റെ കുളമ്പ് എന്നല്ല എത്ര നിസ്സാരമായ വസ്തുവാണെങ്കിലും അത് സന്തോഷപൂർവം സ്വീകരിക്കുകയാണ് വേണ്ടത്.

നമ്മുടെ വീടുകളിൽ വിശിഷ്ട ഭക്ഷണങ്ങൾ പാകം ചെയ്യുമ്പോഴും രുചികരമായ വസ്തുക്കൾ വാങ്ങുമ്പോഴും അയൽക്കാരെ വിസ്മരിക്കരുത്. അയൽപക്ക മര്യാദകളെക്കുറിച്ചും ബാധ്യതകളെക്കുറിച്ചും വ്യക്തമാക്കുന്ന ഒരു ഹദീസ് ഇപ്രകാരമാണ്:

"ആരെങ്കിലും തന്റെ സമ്പത്തിനെക്കുറിച്ചും കുടുംബത്തെക്കുറിച്ചും ഭയപ്പെട്ടുകൊണ്ട് അയൽക്കാരന്റെ മുന്നിൽ വാതിലടച്ചാൽ ആ അയൽക്കാരൻ വിശ്വാസിയല്ല. ഒരാളുടെ ഉപദ്രവത്തിൽനിന്ന് അയൽക്കാരൻ രക്ഷപ്പെടുന്നില്ലെങ്കിൽ അവൻ വിശ്വാസിയല്ല. അയൽക്കാരന്റെ അവകാശമെന്തെന്ന് നിനക്കറിയുമോ ? അവൻ നിന്നോട് സഹായം തേടിയാൽ നീ അവനെ സഹായിക്കണം. അവൻ നിന്നോട് കടം ചോദിച്ചാൽ നീ അവന് കടം കൊടുക്കണം, അവന് ആവശ്യം നേരിട്ടാൽ നീ അത് നിറവേറ്റിക്കൊടുക്കണം, അവൻ രോഗിയായാൽ നീ അവനെ സന്ദർശിക്കണം, അവന് വല്ല നന്മയും ലഭിച്ചാൽ നീ അവനെ അഭിനന്ദിക്കണം, അവന് വല്ല ആപത്തും ബാധിച്ചാൽ നീ അവനെ ആശ്വസിപ്പിക്കണം, അവൻ മരിച്ചാൽ അവന്റെ ജനാസയെ പിന്തുടരണം, അവന്റെ അനുമതിപ്രകാരമല്ലാതെ അവന്റെ വീട്ടിലേക്കുള്ള കാറ്റിനെ തടയുന്നവിധം നീ കെട്ടിടം ഉയർത്തരുത്, നീ പാകം ചെയ്തതിൽനിന്ന് അവന് നൽകാത്ത പക്ഷം നിന്റെ വറചട്ടിയുടെ ഗന്ധംകൊണ്ട് അവനെ ബുദ്ധിമുട്ടിക്കരുത്, നീ പഴം വാങ്ങിയാൽ അവന് നൽകണം, നീ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ നീ അത് രഹസ്യമായി വീട്ടിലേക്ക് കൊണ്ടുവരണം, അവന്റെ കുട്ടിക്ക് ഈർഷ്യതോന്നുംവിധം നിന്റെ കുട്ടി അതുമായി പുറത്ത് പോകരുത്, അയൽക്കാരന്റെ അവകാശം എന്തെന്ന് നിങ്ങൾക്കറിയുമോ? എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം, അല്ലാഹു അനുഗ്രഹിച്ച അൽപം ചിലരല്ലാതെ അയൽക്കാരന്റെ അവകാശം പ്രാപിക്കുകയില്ല.' അദ്ദേഹം അയൽക്കാരെക്കുറിച്ച് അവരോട് ഉപദേശിച്ചുകൊണ്ടേയിരുന്നു. അവന് അനന്തരാവകാശം നൽകുമോ എന്ന് അവർ വിചാരിക്കുന്നത് വരെ'' (ത്വബ്റാനി).

ആഹാര വസ്തുക്കൾ അയൽക്കാരന് നൽകാൻ പ്രേരിപ്പിക്കുന്ന വേറെയും തിരുവചനങ്ങളുണ്ട്: അബൂദർറിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "നീ കറി പാകം ചെയ്താൽ അതിൽ വെള്ളം വർധിപ്പിക്കുകയും പിന്നെ അയൽ വീടുകളെ നോക്കി അവർക്ക് അതിൽനിന്ന് നല്ലനിലയിൽ നൽകുകയും ചെയ്യുക'' (മുസ്ലിം).

അധികം അയൽക്കാർ ഉണ്ടാകുമ്പോൾ ഏറ്റവും അടുത്തവർക്കാണ് കൂടുതൽ പരിഗണന നൽകേണ്ടത്. ആഇശ(റ)യിൽനിന്ന് നിവേദനം, അവർ പറയുകയാണ്: "ഞാൻ നബി(സ്വ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് രണ്ട് അയൽക്കാരുണ്ട്. അവരിൽ ആരെക്കൊണ്ടാണ് ഞാൻ ആരംഭിക്കേണ്ടത്?' അദ്ദേഹം പറഞ്ഞു: 'അവരിൽ വാതിൽ ഏറ്റവും അടുത്തവരെക്കൊണ്ടാണ് ആരംഭിക്കേണ്ടത്'' (അബൂദാവൂദ്).

വളരെ പരിമിതമായ സ്ഥലങ്ങളിൽ ജനങ്ങൾ ചേരികളിലായി തിങ്ങിത്താമസിക്കുന്ന അവസ്ഥയാണ് ഇന്ന് പല രാജ്യങ്ങളിലും നിലവിലുള്ളത്. കേരളം പോലുള്ള അപൂർവം സ്ഥലങ്ങളിൽ മാത്രമാണ് ജനങ്ങൾ ഇടവിട്ട വീടുകളിൽ താമസിക്കുന്നത്. തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിൽ ഒരാളുടെ വീടിന്റെ കഴുക്കോൽ ചിലപ്പോൾ അപരന്റെ വീടിന്റെ ചുമർവരെ എത്താനിടയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ അയൽക്കാരന്റെ വീട് നിർമാണത്തിന് അനിവാര്യമായ സഹകരണങ്ങൾ നൽകണമെ

ന്നാണ് ഹദീസുകൾ പഠിപ്പിക്കുന്നത്. നബി(സ്വ) പറഞ്ഞു: "ഒരു അയൽക്കാരനും തന്റെ അയൽക്കാരന്റെ മരക്കഷ്ണം സ്വന്തം ചുമരിൽ ഊന്നിവെക്കുന്നത് തടയാൻ പാടില്ല" (ബുഖാരി).

മറ്റൊരു ഹദീസിൽ വന്നത് ഇപ്രകാരമാണ്, നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ഒരാളുടെ അയൽക്കാരൻ അവനോട് തന്റെ ചുമരിൽ ഒരു മരക്കഷണം നാട്ടിവെക്കാൻ അനുവാദം ചോദിച്ചാൽ അവൻ അത് തടയരുത്" (ബുഖാരി, മുസ്‌ലിം).

അയൽക്കാർക്ക് ഉപകാരം ചെയ്യുന്നത് പ്രതിഫലാർഹമാകുന്നത് പോലെ അവരോട് വല്ല തെറ്റും ചെയ്യുന്നത് പതിന്മടങ്ങ് ശിക്ഷക്ക് കാരണമായിത്തീരും. ഇക്കാര്യവും ഹദീസുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

നബി(സ്വ) തന്റെ അനുചരന്മാരോട് ചോദിച്ചു: 'വ്യഭിചാരത്തെക്കുറിച്ച് നിങ്ങൾ എന്താണ് പറയുന്നത്?' അവർ പറഞ്ഞു: 'അല്ലാഹുവും അവന്റെ ദുതനും അത് വിരോധിച്ചിട്ടുണ്ട്. അന്ത്യദിനംവരെ അത് നിഷിദ്ധവുമായിരിക്കും.' അപ്പോൾ നബി(സ്വ) തന്റെ അനുചരന്മാരോട് പറഞ്ഞു: 'ഒരാൾ പത്ത് സ്ത്രീകളെ വ്യഭിചരിക്കുന്നതാണ് അവന്റെ അയൽക്കാരന്റെ ഭാര്യയെ വ്യഭിചരിക്കുന്നതിനെക്കാൾ (ശിക്ഷയിൽ) അവന് ലളിതമായിട്ടുള്ളത്.' പിന്നീട് നബി(സ്വ) ചോദിച്ചു: 'മോഷണത്തെക്കുറിച്ച് നിങ്ങൾ എന്താണ് പറയുന്നത്.?' 'അല്ലാഹുവും റസൂലും അത് നിഷിദ്ധമാക്കിയിട്ടുണ്ട്. അത് നിഷിദ്ധമാണ്.' നബി(സ്വ) പറഞ്ഞു: 'ഒരാൾ പത്ത് വീടുകളിൽനിന്ന് മോഷ്ടിക്കുന്നതാണ് അയൽക്കാരന്റെത് മോഷ്ടിക്കുന്നതിനെക്കൾ (ശിക്ഷയിൽ) അവന് ലളിതമായിട്ടുള്ളത്' (ത്വബ്റാനി).

അയൽക്കാരെ ഉപദ്രവിക്കുന്നവർ എത്ര ആരാധനാ കർമങ്ങൾ ചെയ്താലും എന്ത് പുണ്യകർമങ്ങൾ ചെയ്താലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല എന്നാണ് ഹദീസുകൾ പഠിപ്പിക്കുന്നത്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഇന്നവൾ പകൽ നോമ്പ് അനുഷ്ഠിക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്നു. അയൽക്കാരെ ഉപദ്രവിക്കുകയും ചെയ്യുന്നു.' നബി(സ്വ) പറഞ്ഞു: 'അവൾ നരകത്തിലാണ്.' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഇന്നവൾ നിർബന്ധ നമസ്കാരങ്ങൽ നിർവഹിക്കുന്നു. പാൽക്കട്ടിയുടെ കഷ്ണങ്ങൾ ദാനം ചെയ്യുന്നു. അയൽക്കാരെ ദ്രോഹിക്കുന്നില്ല.' നബി(സ്വ) പറഞ്ഞു: 'അവൾ സ്വർഗത്തിലാണ്' (ഇബ്നു ഹിബ്ബാൻ).

അയൽക്കാരന്റെ ഭാര്യയെ വ്യഭിചരിക്കുന്നത് ഏറ്റവും ഭയങ്കരമായ ശിക്ഷകളിൽ മൂന്നാമതായിട്ടാണ് റസൂൽ(സ്വ) എണ്ണിയിട്ടുള്ളത്. അബ്ദുല്ല(റ)യിൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഞാൻ നബി(സ്വ)യോട് ചോദിച്ചു: 'ഏത് പാപമാണ് ഏറ്റവും ഭയങ്കരമായിട്ടുള്ളത്?' നബി(സ്വ) പറഞ്ഞു: 'നീ അല്ലാഹുവിന് തുല്യനെ ഉണ്ടാക്കുക, അവൻ നിന്നെ സൃഷ്ടിച്ചവനായിരിക്കെ അത് ഭയങ്കരം തന്നെയാണ്.' ഞാൻ ചോദിച്ചു: 'പിന്നെ എന്താണ്?' അദ്ദേഹം പറഞ്ഞു: 'നീ നിന്റെ കുഞ്ഞിനെ കൊല്ലുക, അവൻ നിന്റെ കൂടെ ഭക്ഷണം കഴിക്കുമെന്ന് ഭയപ്പെട്ട്.' ഞാൻ ചോദിച്ചു: 'പിന്നെ എന്താണ്?' അദ്ദേഹം പറഞ്ഞു: 'നീ നിന്റെ അയൽക്കാരന്റെ ഭാര്യയെ വ്യഭിചരിക്കുക' (ബുഖാരി).

അയൽക്കാരന്റെ ഭാര്യയുമായി സദാചാര മര്യാദ പുലർത്തുന്ന കാര്യത്തിൽ ജാഹിലിയ്യ അറബികൾ പോലും മാതൃകയാണ്. കാരണം അയൽക്കാരന്റെ ഭാര്യ തനിച്ച് വീട്ടിലാകുന്ന അവസരത്തിൽ അവർ അയൽപക്ക സന്ദർശനംപോലും ഒഴിവാക്കിയിരുന്നു.

അയൽക്കാരോട് ആലോചിക്കാതെ നാം ഭൂമി വിൽക്കുകപോലും ചെയ്യരുതെന്നാണ് അല്ലാഹുവിന്റെ ദൂതൻ(സ്വ) പഠിപ്പിക്കുന്നത്. നബി(സ്വ) പറഞ്ഞു: "നിങ്ങൾ ആരെങ്കിലും ഭൂസ്വത്ത് വിൽക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽക്കാരനോട് അനുവാദം ചോദിക്കാതെ വിൽക്കരുത്" (ഇബ്നുമാജ).

നല്ല അയൽക്കാരന് ജീവിത സൗഭാഗ്യത്തിൽ പ്രഥമ സ്ഥാനമാണ് പ്രവാചകൻ(സ്വ) നൽകിയിട്ടുള്ളത്. നബി(സ്വ) പറഞ്ഞു: "ഒരു മനുഷ്യന്റെ സൗഭാഗ്യത്തിൽ പെട്ടതാണ് നല്ല അയൽക്കാരൻ, നല്ല വാഹനം, വിശാലമായ വീട്" (അഹ്മദ്).

ഒരാൾ തനിക്ക് ഇഷ്ടപ്പെടുന്നതെല്ലാം അയൽക്കാരനും ഇഷ്ടപ്പെടേണ്ടതുണ്ട്. നബി(സ്വ) പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! ഒരു ദാസൻ താൻ ഇഷ്ടപ്പെടുന്നത് തന്റെ അയൽക്കാരന് അല്ലെങ്കിൽ സഹോദരന് ഇഷ്ടപ്പെടുന്നതുവരെ വിശ്വാസിയാകുകയില്ല" (മുസ്‌ലിം).

'അയൽക്കാരൻ പട്ടിണികിടക്കുമ്പോൾ വയറുനിറച്ചുണ്ണുന്നവൻ നമ്മിൽ പെട്ടവനല്ല' എന്ന തിരുവചനം വളരെ പ്രസിദ്ധമാണ്. നബിഫസ്വ) പറഞ്ഞു: "തന്റെ അരികിലുള്ള അയൽക്കാരൻ പട്ടിണികിടക്കുന്നുണ്ടെന്ന് അറിഞ്ഞുകൊണ്ട് വയറുനിറച്ച് രാത്രി കഴിച്ചുകൂട്ടുന്നവൻ എന്നിൽ വിശ്വസിച്ചിട്ടില്ല" (ത്വബ്റാനി).

അവകാശങ്ങളുടെ കാര്യത്തിൽ അയൽക്കാർ മൂന്ന് വിഭാഗമാണെന്നാണ് നബി(സ്വ) പഠിപ്പിക്കുന്നത്. "അയൽക്കാർ മൂന്നുതരമാണ്: അവരിൽ മൂന്ന് അവകാശങ്ങൾ ഉള്ളവരുണ്ട്, അവരിൽ രണ്ട് അവകാശങ്ങൾ ഉള്ളവരുണ്ട്, അവരിൽ ഒരു അവകാശമുള്ളവരുണ്ട്. മൂന്ന് അവകാശമുള്ളവർ അടുത്ത ബന്ധമുള്ള മുസ്‌ലിമായ അയൽക്കാരനാണ്. അവന് അയൽക്കാരന്റെ അവകാശവും ഇസ്‌ലാമിന്റെ അവകാശവും കുടുംബബന്ധത്തിന്റെ അവകാശവുമുണ്ട്. രണ്ട് അവകാശമുള്ളവൻ മുസ്‌ലിമായ അയൽക്കാരനാണ്. അവന് അയൽപക്കത്തിന്റെയും ഇസ്‌ലാമിന്റെയും അവകാശമുണ്ട്. ഒരു അവകാശമുള്ളവൻ അവിശ്വാസിയാണ്. അവന് അയൽക്കാരന്റെ അവകാശമുണ്ട്" (ത്വബ്റാനി). ■



# നരകത്തിലേക്ക് നയിക്കുന്ന പണ്ഡിതന്മാർ!

അബ്ദുൽ മാലിക് സലഫി
: 96565 30656

1926 ജൂൺ 26നാണ് സമസ്ത രൂപീകൃതമാവുന്നത്. അതിന് രണ്ടുവർഷം മുമ്പ് (1924ൽ) ഐക്യ സംഘത്തിന്റെ വാർഷിക സമ്മേളനത്തിൽവച്ച് കേരളത്തിലെ പ്രഥമ മുസ്‌ലിം മതസംഘടനയായ കേരള ജംഇയ്യതുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽജമാഅ രൂപീകൃതമായിരുന്നു. അതിൽനിന്ന് ആദ്യത്തെ ഭിന്നിപ്പ് സൃഷ്ടിച്ചാണ് സമസ്ത പിറവിയെടുക്കുന്നത്.

1934 നവംബർ 14നാണ് സമസ്ത റജിസ്റ്റർ ചെയ്യപ്പെടുന്നത്. എന്തിനായിരുന്നു സമസ്തക്കാർ കേരള മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കി വേറിട്ട് പ്രവർത്തിക്കാൻ ആരംഭിച്ചത്? മറ്റൊന്നിനുമല്ല, സമൂഹത്തെ പ്രകാശത്തിൽനിന്ന് അന്ധകാരത്തിലേക്ക് നയിക്കുവാൻ തന്നെ! വിശ്വാസരംഗത്ത് അന്ന് നിലനിന്നിരുന്ന സർവവ്യതിയാനങ്ങളെയും അരക്കിട്ടുറപ്പിക്കാനും വിദ്യാഭ്യാസപരമായും സാസ്കാരികമായും സമൂഹത്തെ പിന്നിലേക്ക് വലിക്കാനുമാണ് സമസ്ത ശ്രമിച്ചത്. പ്രമാണങ്ങൾ പഠിപ്പിക്കുന്നതിന് പകരം മാലകൾ, പക്ഷിപ്പാട്ടുകൾ, കുപ്പിപ്പാട്ടുകൾ പോലുള്ള ക്ഷുദ്രകൃതികളാണ് സമസ്തക്കാർ സമുദായത്തെ പഠിപ്പിച്ചത്.

അല്ലാഹുവിലേക്ക് ജനങ്ങളെ വിളിക്കുന്നതിന് പകരം അവന്റെ സൃഷ്ടികളായ ഔലിയാക്കളിലേക്കാണ് അവർ ജനങ്ങള ക്ഷണിച്ചത്. ക്വുർആൻ പരിഭാഷപ്പെടുത്തുന്നത് ഹറാമാക്കി ജനങ്ങൾ ക്വുർആനിന്റെ ആശയങ്ങളിലേക്ക് അടുക്കുന്നതിൽനിന്ന് അവർ തടഞ്ഞു.

വ്യാധികൾ വന്നാൽ ഏലസ്സും ഐക്കല്ലും പിഞ്ഞാണമെഴുത്തും സിഹ്‌റും ഹോമവുമൊക്കെയാണ് പരിഹാരമെന്ന് ജനങ്ങളെ പഠിപ്പിച്ചു. ശുദ്ധമലയാളം നായന്മാരുടെ ഭാഷയാണെന്ന് പറഞ്ഞ് മാതൃഭാഷാ പഠനത്തിൽനിന്ന് ആളുകളെ അകറ്റി. ചടങ്ങ് നിൽക്കുന്നതിൽ തെറ്റില്ലെന്ന് വരുത്തിത്തീർത്തു. മുടി വളർത്തലിനെ ആക്ഷേപാർഹമായി അവതരിപ്പിച്ചു. സ്ത്രീധനം വാങ്ങുന്നതിൽ തെറ്റില്ലെന്ന് നാടുനീളെ പ്രസംഗിച്ചു നടന്നു. സ്ത്രീകൾ അക്ഷരാഭ്യാസം നേടുന്നതിനെ ഹറാമാക്കി.

**അല്ലാഹുവിലേക്ക് ജനങ്ങളെ വിളിക്കുന്നതിന് പകരം അവന്റെ സൃഷ്ടികളായ ഔലിയാക്കളിലേക്കാണ് അവർ ജനങ്ങള ക്ഷണിച്ചത്. ക്വുർആൻ പരിഭാഷപ്പെടുത്തുന്നത് ഹറാമാക്കി ജനങ്ങൾ ക്വുർആനിന്റെ ആശയങ്ങളിലേക്ക് അടുക്കുന്നതിൽനിന്ന് അവർ തടഞ്ഞു. വ്യാധികൾ വന്നാൽ ഏലസ്സും ഐക്കല്ലും പിഞ്ഞാണമെഴുത്തും സിഹ്‌റും ഹോമവുമൊക്കെയാണ് പരിഹാരമെന്ന് ജനങ്ങളെ പഠിപ്പിച്ചു. ശുദ്ധ മലയാളം നായന്മാരുടെ ഭാഷയാണെന്ന് പറഞ്ഞ് മാതൃഭാഷാ പഠനത്തിൽനിന്ന് ആളുകളെ അകറ്റി. ചടങ്ങ് നിൽക്കുന്നതിൽ തെറ്റില്ലെന്ന് വരുത്തിത്തീർത്തു. മുടി വളർത്തലിനെ ആക്ഷേപാർഹമായി അവതരിപ്പിച്ചു. സ്ത്രീധനം വാങ്ങുന്നതിൽ തെറ്റില്ലെന്ന് നാടുനീളെ പ്രസംഗിച്ചു നടന്നു. സ്ത്രീകൾ അക്ഷരാഭ്യാസം നേടുന്നതിനെ ഹറാമാക്കി.**

മതപഠനത്തെ ഫിക്വ്ഹിന്റെ ഗ്രന്ഥങ്ങളിൽ പരിമിതപ്പെടുത്തി. ജാറങ്ങൾ, ഉറൂസുകൾ, ആണ്ടു നേർച്ചകൾ എന്നിവയ്ക്കൊക്ക പ്രമാണങ്ങളിൽ തെളിവുണ്ടെന്ന് വരുത്തിത്തീർത്ത് സമുഹത്തിന്റെ വിശ്വാസരംഗത്തെ മലിനപ്പെടുത്തി. ഇതിനൊല്ലാം പുറമെ, സമൂഹത്തിൽ ശിർക്കും കുഫ്റും വ്യാപിപ്പിക്കുന്നതിന് വേണ്ടി പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ച് പ്രസംഗങ്ങൾ നടത്തുകയും നിരവധി ഗ്രന്ഥങ്ങൾ അതിനായി രചിക്കുകയും ചെയ്തു.

മുകളിൽ പരാമർശിക്കപ്പെട്ട പല വിഷയങ്ങളിലും സമൂഹം സമസ്തയെ തള്ളി മുന്നോട്ട് ഗമിച്ചപ്പോൾ സമസ്തക്കാർ പലതും മാറ്റുകയും തിരുത്തുകയും ചെയ്തുവെങ്കിലും, ജനങ്ങളെ ശിർക്കിലേക്ക് നയിക്കുന്ന കാര്യം ഇതുവരെ മാറ്റിയിട്ടില്ല എന്നു മാത്രമല്ല, പൂർവാധികം ശക്തിയിൽ ആ രംഗത്ത് അവർ സജീവമായിരിക്കുന്നു!

റബ്ബിലേക്ക് ക്ഷണിക്കുന്നതിന് പകരം, റബ്ബിന്റെ പല ഗുണങ്ങളും പടപ്പുകൾക്ക് നൽകി പടപ്പുകളെ പടച്ചവനെപ്പോലെ അവതരിപ്പിക്കുന്ന കാഴ്ചയാണ് ഇപ്പോൾ നാം കാണുന്നത്!

ഈ ലോകത്തിന്റെ നിയന്ത്രണം നടത്തുന്നത് അല്ലാഹുവിന്റെ ഔലിയാക്കളിൽ പെട്ട ഖുതുബുകൾ ആണത്രെ! അത്തരത്തിൽ ഒരു ഖുതുബാണുപോലും മടവൂരിൽ മണ്ണടിഞ്ഞ സി.എം. മുഹമ്മദ് അബൂബക്കർ മുസ്‌ലിയാർ! ഇപ്പോൾ ലോകത്തിന്റെ നിയന്ത്രണം ഇദ്ദേഹമാണ് നിർവഹിക്കുന്നത് എന്നതാണ് സമസ്തക്കാർ ഗ്രൂപ്പ് വ്യത്യാസമില്ലാത്ത മത്സരിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്! അദ്ദേഹം ഒരു ഉന്മാദരോഗിയായിരുന്നു എന്ന് ഇത് പ്രചരിപ്പിക്കുന്നവർതന്നെ എഴുതിയിട്ടുണ്ട് എന്നതാണ് ഇതിലെ കൗതുകം! അഥവാ, ജീവിതസമയത്ത് തന്റെ മനസ്സിനെത്തന്നെ നിയന്ത്രിക്കാൻ കഴിയാത്ത വ്യക്തിയാണ് ഇപ്പോൾ പ്രപഞ്ചം മുഴുവൻ നിയന്ത്രിക്കുന്നതത്രെ! ഈ മണ്ടത്തരം തിരുത്താൻ ഒരാളും സമസ്തയിൽ ഉണ്ടാവുന്നില്ല എന്നതാണ് ഏറെ സങ്കടകരം! ഈ വിഷയത്തിൽ ഇസ്‌ലാമിക വിശ്വാസമെന്താണ്?

**നബി(സ)യുടെ കാലത്തെ അവിശ്വാസികൾപോലും സമസ്തക്കാർ ഇപ്പോൾ പ്രചരിപ്പിക്കുന്ന വിശ്വാസം സ്വീകരിച്ചിരുന്നില്ല എന്നതാണ് ഏറെ ശ്രദ്ധേയമായ കാര്യം. അല്ലാഹുവിന്റെ അടിമകളെ ആരാധിച്ച് ശിർക്ക് ചെയ്ത്, പ്രവാചകന്റെ എതിർപക്ഷത്ത് അവർ നിലയുറപ്പിച്ചപ്പോഴും പ്രപഞ്ചത്തിന്റെ നിയന്ത്രണം തങ്ങൾ വിളിച്ച് തേടുന്ന ഔലിയാക്കൾക്കാണെന്ന് അവർ വിശ്വസിക്കുകയോ വാദിക്കുകയോ ചെയ്തിരുന്നില്ല. പ്രപഞ്ചത്തിൽ കാര്യങ്ങളെ നിയന്ത്രിക്കുന്നത് സർവാധികാരങ്ങളുള്ള അല്ലാഹു മാത്രമാണ് എന്നതായിരുന്നു അവരുടെ വിശ്വാസം! അക്കാര്യം ക്വുർആനിൽതന്നെ കാണാവുന്നതാണ്.**

അല്ലാഹുവിന്റെ ചില ആയത്തുകൾ ശ്രദ്ധിക്കുക: "തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആകാശങ്ങളും ഭൂമിയും ആറുദിവസങ്ങളിലായി സൃഷ്ടിക്കുകയും പിന്നീട് കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ട് സിംഹാസനസ്ഥനാവുകയും ചെയ്ത അല്ലാഹുവാകുന്നു. അവന്റെ അനുവാദത്തിന് ശേഷമല്ലാതെ യാതൊരു ശുപാർശക്കാരനും ശുപാർശ നടത്തുന്നതല്ല. അവനത്രെ നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ?" (ക്വുർആൻ 10:3).

"അല്ലാഹുവാകുന്നു നിങ്ങൾക്ക് കാണാവുന്ന അവലംബങ്ങൾ കൂടാതെ ആകാശങ്ങൾ ഉയർത്തി നിർത്തിയവൻ. പിന്നെ അവൻ സിംഹാസനത്തിൽ ആരോഹണം ചെയ്യുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം ഒരു നിശ്ചിത അവധിവരെ സഞ്ചരിക്കുന്നു. അവൻ കാര്യം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു" (ക്വുർആൻ 13:2).

"അവൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരുദിവസം കാര്യം അവങ്കലേക്ക് ഉയർന്നുപോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു അതിന്റെ അളവ്" (ക്വുർആൻ 32:5).

ഈ ക്വുർആൻ സൂക്തങ്ങളിലൂടെ അല്ലാഹു വ്യക്തമായി പറയുന്നു; അവനാണ് ലോകത്തെ നിയന്ത്രിക്കുന്നതെന്ന്. ഇതിൽ ഒരു വിശ്വാസിക്ക് സംശയിക്കാനെന്തിരിക്കുന്നു? സർവശക്തനായ



അല്ലാഹുവല്ല, അശക്തനായി സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ചിലരാണ് ലോകം നിയന്ത്രിക്കുന്നത് എന്ന വാദം എന്തുമാത്രം വിഡ്ഢിത്തവും വിശ്വാസവ്യതിയാനവുമാണ്!

നബി(സ)യുടെ കാലത്തെ അവിശ്വാസികൾപോലും സമസ്തക്കാർ ഇപ്പോൾ പ്രചരിപ്പിക്കുന്ന വിശ്വാസം സ്വീകരിച്ചിരുന്നില്ല എന്നതാണ് ഏറെ ശ്രദ്ധേയമായ കാര്യം. അല്ലാഹുവിന്റെ അടിമകളെ ആരാധിച്ച് ശിർക്ക് ചെയ്ത്, പ്രവാചകന്റെ എതിർപക്ഷത്ത് അവർ നിലയുറപ്പിച്ചപ്പോഴും പ്രപഞ്ചത്തിന്റെ നിയന്ത്രണം തങ്ങൾ വിളിച്ച് തേടുന്ന ഔലിയാക്കൾക്കാണെന്ന് അവർ വിശ്വസിക്കുകയോ വാദിക്കുകയോ ചെയ്തിരുന്നില്ല. പ്രപഞ്ചത്തിൽ കാര്യങ്ങളെ നിയന്ത്രിക്കുന്നത് സർവാധികാരങ്ങളുള്ള അല്ലാഹു മാത്രമാണ് എന്നതായിരുന്നു അവരുടെ വിശ്വാസം! അക്കാര്യം ക്വുർആനിൽതന്നെ കാണാവുന്നതാണ്.

“പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽനിന്ന് ജീവനുള്ളതും ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?” (ക്വുർആൻ10:31).

കാര്യങ്ങളുടെ നിയന്ത്രണാധികാരം റബ്ബിനാണെന്നാണ് ‘മുശ്‌രിക്കുകൾ’ എന്ന് അല്ലാഹു വിശേഷിപ്പിച്ച, നബി(സ)യുടെ കാലത്ത് ജീവിച്ച അവിശ്വാസികൾവരെ വിശ്വസിച്ചത്! അതേസമയം, മുസ്‌ലിംകൾ എന്ന് പറയപ്പെടുന്ന ചിലർ വിശ്വസിക്കുന്നത് കാര്യങ്ങൾ നിയന്ത്രിക്കുന്നത് മടവൂർ ശൈഖാണ് എന്നതാണ്! അല്ലാഹുവിൽ അഭയം!

പ്രപഞ്ചത്തിൽ ഒരു ഇലപോലും മടവൂരിൽ മറമാടപ്പെട്ട അബൂബക്ർ മുസ്‌ലിയാർ അറിയാതെ വീഴുന്നില്ലത്രെ! അദ്ദേഹത്തെ കണ്ടവർക്കെല്ലാം സ്വർഗമുണ്ടെന്നും ഒരു പുരോഹിതൻ തട്ടിവിട്ടിരിക്കുന്നു! നബി(സ)യെ കണ്ടവർക്ക് പോലും സ്വർഗമുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല എന്നിരിക്കെയാണ് ഇത്തരം വിടുവായിത്തങ്ങൾ എഴുന്നള്ളിക്കുന്നത്.

ലോകത്തിന്റെ ആരംഭം മുതൽ ഇന്നുവരെ സി.എം മടവൂരിനെപ്പോലെ ഒരു മനുഷ്യൻ ഉണ്ടായിട്ടില്ല എന്നും ഒരു പുരോഹിതൻ പച്ചക്ക് പറഞ്ഞിരിക്കുന്നു! അല്ലാഹുവിന്റെ സർവ പ്രവാചകന്മാരും ശ്രേഷ്ഠതയിൽ ഈ ഉന്മാദരോഗിയായിരുന്ന വ്യക്തിയുടെ പിന്നിലാണ് എന്ന്! അല്ലാഹുവിൽ അഭയം!

ജിബ്‌രീലി(അ)നെ നിയന്ത്രിക്കുന്നതും 1991ൽ മരിച്ച സി.എം മടവൂർ ആണെന്നാണ് മറ്റൊരു പുരോഹിതന്റെ ജൽപനം! അഥവാ, മരിച്ച സി.എം ആണത്രെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ജിബ്‌രീലിനെ നിയന്ത്രിക്കുന്നത്! ഈ വിഡ്ഢിത്തം വിശ്വസിക്കാനും ആളുണ്ട് എന്നതാണ് ഏറെ ദുഃഖകരം!

**ജിബ്‌രീലി(അ)നെ നിയന്ത്രിക്കുന്നതും 1991ൽ മരിച്ച സി.എം മടവൂർ ആണെന്നാണ് മറ്റൊരു പുരോഹിതന്റെ ജൽപനം! അഥവാ, മരിച്ച സി.എം ആണത്രെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ജിബ്‌രീലിനെ നിയന്ത്രിക്കുന്നത്! ഈ വിഡ്ഢിത്തം വിശ്വസിക്കാനും ആളുണ്ട് എന്നതാണ് ഏറെ ദുഃഖകരം! സി.എം മടവൂരിനെ നോക്കിയിരിക്കൽ ഏറ്റവും വലിയ ആരാധനയാണ് എന്നതാണ് മറ്റൊരു പുരോഹിതന്റെ ജൽപനം! എന്തൊക്കെയാണിവർ സമൂഹത്തെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്! നരകത്തിലേക്ക് നയിക്കുന്ന പണ്ഡിതന്മാരായി ഇത്തരം പുരോഹിതന്മാർ മാറിയിരിക്കുന്നു എന്ന് പറയാതിരിക്കാൻ വയ്യ.**

സി.എം മടവൂരിനെ നോക്കിയിരിക്കൽ ഏറ്റവും വലിയ ആരാധനയാണ് എന്നതാണ് മറ്റൊരു പുരോഹിതന്റെ ജൽപനം! എന്തൊക്കെയാണിവർ സമൂഹത്തെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്! നരകത്തിലേക്ക് നയിക്കുന്ന പണ്ഡിതന്മാരായി ഇത്തരം പുരോഹിതന്മാർ മാറിയിരിക്കുന്നു എന്ന് പറയാതിരിക്കാൻ വയ്യ. ഈ ആയത്ത് ശ്രദ്ധിക്കുക:

“അവരെ നാം നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കൻമാരാക്കി. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കൊരു സഹായവും നൽകപ്പെടുന്നതല്ല”(ക്വുർആൻ 28: 41).

ഇനി, സമസ്തയിലെ സാധാരണക്കാർ ചിന്തിക്കട്ടെ! ഒരു വിശ്വാസിക്ക് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്ത ഇത്തരം വികല വിശ്വാസങ്ങൾ തങ്ങളുടെ നേതാക്കൾ പഠിപ്പിക്കുമ്പോൾ അത് അനുസരിക്കാനും അതിനെ ന്യായീകരിക്കാനും ഒരു മുസ്‌ലിമിന് സാധ്യമാണോ? അവരെ തിരുത്താൻ ശ്രമിക്കുക. തിരുത്തിയാൽ എല്ലാവർക്കും നല്ലത്. ഇനി, ന്യായീകരിക്കാനാണ് ഭാവമെങ്കിൽ അറിയുക, ഈ പുരോഹിതന്മാർ നിങ്ങളെ ക്ഷണിക്കുന്നത് നരകത്തിലേക്കാണ്. അല്ലാഹു ക്ഷണിക്കുന്നതാവട്ടെ സ്വർഗത്തിലേക്കും. അവിടെവച്ച് വിലപിച്ചിട്ട് കാര്യമുണ്ടാകില്ല. ഈ ആയത്തുകൾ ശ്രദ്ധിക്കുക:

“അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കൻമാരെയും പ്രമുഖൻമാരെയും അനുസരിക്കുകയും അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻ ശാപം ഏൽപിക്കുകയും ചെയ്യേണമേ (എന്നും അവർ പറയും)” (ക്വുർആൻ 33: 66-68).





# പ്രവാചകന്റെ വിവാഹങ്ങൾ

ഹുസൈൻ സലഫി
: +971 50 634 6963



വിശ്വാസിയല്ലാത്ത ഉസ്മാൻ ഇബ്നു ത്വൽഹ ഉമ്മുസലമ(റ)ക്ക് സംരക്ഷണം നൽകാൻ തീരുമാനിച്ചു. യാതൊരുവിധത്തിലുള്ള ശത്രുതയും അദ്ദേഹം മഹതിയോട് കാണിച്ചില്ല. അല്ലാഹുവിന്റെ സഹായം നാം ഇച്ഛിക്കാത്തവിധത്തിലായിരിക്കും പലപ്പോഴും വന്നെത്തുക. ശത്രുവിന്റെ മനസ്സലിവിലൂടെയാണ് മഹതിക്ക് അല്ലാഹു രക്ഷനൽകിയത്.

ഉസ്മാൻ ഇബ്നു ത്വൽഹ(റ) പിൽക്കാലത്ത് ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ട്. ഉമ്മുസലമ(റ)യെയും കുഞ്ഞിനെയും ഒട്ടകപ്പുറത്ത് കയറ്റി അതിന്റെ മൂക്കുകയർ പിടിച്ച് ഉസ്മാൻ(റ) മുന്നോട്ടു നടന്നു. അദ്ദേഹത്തിന്റെ നല്ല പെരുമാറ്റവും സൂക്ഷ്മതയും കാരണം ഉമ്മുസലമ(റ) അദ്ദേഹത്തെ പുകഴ്ത്തുന്നത് നമുക്ക് ചരിത്രത്തിൽ കാണാം. യാത്രയിൽ മഹതിക്ക് വിശ്രമം ആവശ്യമായാൽ ഒട്ടകത്തെ മുട്ടുകുത്തിക്കും. മഹതി ഒട്ടകപ്പുറത്തുനിന്നും ഇറങ്ങി വിശ്രമിക്കുമ്പോൾ ഒട്ടകത്തെ കെട്ടിയിട്ട് അടുത്തുള്ള മറ്റുവല്ലയിടത്തും അദ്ദേഹം വിശ്രമിക്കും. വിശ്രമം തീർന്നാൽ മഹതി അദ്ദേഹത്തെ വിളിക്കും. അദ്ദേഹം ഒട്ടകത്തിന്റെ അടുത്ത് വരും. പിന്നീട് അതിന്റെ മൂക്കുകയർ പിടിച്ച് യാത്ര തുടരും.

മദീനക്ക് സമീപം ക്വുബാഇൽ അവർ എത്തി. അവിടെ വെച്ച് ഉസ്മാൻ(റ) മഹതിക്ക് അബൂസലമ(റ) അടക്കം ഹിജ്റ പോന്നിട്ടുള്ളവർ കഴിച്ചുകൂട്ടുന്ന പ്രദേശം കാണിച്ചുകൊടുത്തു. അവിടേക്ക് മഹതിയോട് പോകാൻ പറയുകയും ചെയ്തു. പിന്നീട് ഉസ്മാൻ(റ) മക്കയിലേക്ക് യാത്ര തിരിച്ചു. അങ്ങനെ ഉമ്മുസലമ(റ) ഭർത്താവുമായി മദീനയിൽ സംഗമിച്ചു. അവിടെ ഇരുവരും മാതൃകാജീവിതം നയിച്ചു.

ബദ്റിലും ഉഹ്ദിലും അബൂസലമ(റ) പങ്കെടുത്തിരുന്നു. ഉഹ്ദ് യുദ്ധത്തിൽ അദ്ദേഹത്തിന് പരുക്കേറ്റു. അതു കാരണത്താൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു. അബൂസലമ(റ) മരണപ്പെടുന്ന സമയത്ത് നാല് മക്കൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഈ മക്കൾ അനാഥരായി. കുടുംബങ്ങളെല്ലാം അവരെ കയ്യൊഴിച്ചിരുന്നു. മദീനയിലെത്തി, നാല് അനാഥ മക്കളെയും കൊണ്ട് ആരും കൂട്ടിനില്ലാതെ വിഷമിച്ചുനിന്ന ഉമ്മു സലമ(റ)യെ സംരക്ഷിക്കാൻ നബി(സ്വ) തീരുമാനിച്ചു. അങ്ങനെ അവരെ അവിടുന്ന് വിവാഹം ചെയ്യുകയും ചെയ്തു.

അല്ലാഹുവിന്റെ ഉദ്ദേശങ്ങളാണല്ലോ അടിമകളിൽ നടപ്പിലാവുക. ഒരു അടിമക്ക് വല്ല ആപത്തും പിണഞ്ഞാൽ പറയേണ്ട പ്രാർഥനകളും ദിക്റുകളും

അല്ലാഹു തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഉമ്മു സലമ(റ) പറയുന്നത് കാണുക: " അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു: 'ഒരു അടിമക്ക് വല്ല ആപത്തും പിണയുകയും, അങ്ങനെ അവൻ 'തീർച്ചയായും ഞങ്ങൾ അല്ലാഹുവിനുള്ളവരാണെന്നും ഞങ്ങൾ അവനിലേക്ക് തന്നെ മടക്കപ്പെടുന്നവരാണെന്നും അല്ലാഹുവേ, ഈ ആപത്തിൽ നിന്ന് എനിക്ക് രക്ഷ നൽകുകയും ഇതിനെക്കാൾ ഉത്തമമായത് പകരം നൽകുകയും ചെയ്യണേ' എന്ന് പറയുകയും ചെയ്താൽ അല്ലാഹു ആ ആപത്തിൽനിന്ന് അവനെ രക്ഷിക്കാതിരിക്കുകയും അതിനെക്കാൾ ഉത്തമമായത് പകരം നൽകാതിരിക്കുകയും ചെയ്യുന്നതല്ല" (അഹ്മദ്).

ഉമ്മുസലമ(റ) പറഞ്ഞു: "അങ്ങനെ ഞാൻ അത് അദ്ദേഹത്തിൽനിന്നും മനഃപാഠമാക്കി. അബൂസലമ വഫാതായപ്പോൾ ഞാൻ ഇസ്തിർജാഅ് (ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന് പറയൽ) നടത്തി. തുടർന്ന് ഞാൻ പറഞ്ഞു: 'അല്ലാഹുവേ, ഈ ആപത്തിൽനിന്ന് എനിക്ക് രക്ഷ നൽകുകയും ഇതിനെക്കാൾ ഉത്തമമായത് പകരം നൽകുകയും ചെയ്യണേ.' പിന്നീട് ഞാൻ എന്റെ മനസ്സിനോട് പറഞ്ഞു: 'അബൂസലമയെക്കാൾ ഉത്തമനെ എനിക്ക് എവിടെനിന്ന് ലഭിക്കും?' അങ്ങനെ എന്റെ ദീക്ഷാകാലം കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) എന്നോട് (വീട്ടിലേക്ക്) അനുവാദം ചോദിച്ചു. ആ സമയത്ത് ഞാൻ കരഞ്ഞിരിക്കുകയാണ്. അപ്പോൾ ഞാൻ എന്റെ കൈ കഴുകി, അവിടുത്തേക്ക് അനുവാദം നൽകി. അങ്ങനെ ഒരു തലയണ അവിടുത്തേക്ക് വെച്ചുകൊടുത്തു. നബി(സ്വ) അതിൽ ഇരുന്നു. എന്നിട്ട് എന്നോട് വിവാഹാന്വേഷണം നടത്തി. സംസാരത്തിൽനിന്നും അവിടുന്ന് ഒഴിവായപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എനിക്ക് അങ്ങയിൽ ആഗ്രഹിക്കാൻ ഒന്നുമില്ലല്ലോ. ഞാൻ കടുത്ത ദേഷ്യക്കാരിയാണ്. അതിനാൽ അതു കാരണത്താൽ അല്ലാഹു എന്നെ ശിക്ഷിക്കാൻ കാരണമാകുന്ന വല്ലതും എന്നിൽ അവിടുന്ന് കാണുന്നത് എനിക്ക് പേടിയാണ്. ഞാൻ വാർധക്യത്തിൽ പ്രവേശിച്ച ഒരുവളുമാകുന്നു. ഞാൻ മക്കളുള്ളവളുമാണ്.' അപ്പോൾ അവിടുന്ന് പറഞ്ഞു: 'നിങ്ങൾ പറഞ്ഞ (നിങ്ങളുടെ) ദേഷ്യം അല്ലാഹു നിങ്ങളിൽനിന്നും പോക്കുന്നതാണ്. നിങ്ങൾ പറഞ്ഞ വാർധക്യത്തിന്റെ കാര്യം, അത് നിങ്ങളെ ബാധിച്ചതുപോലെ എനിക്കും ബാധിക്കുന്നതാണ്. നിങ്ങൾ പറഞ്ഞ മക്കളുടെ കാര്യം, നിങ്ങളുടെ മക്കൾ എന്റെയും മക്കളാകുന്നു.' അവർ പറഞ്ഞു: 'അപ്പോൾ ഞാൻ അല്ലാഹുവിന്റെ റസൂലി(സ്വ)ന് കീഴൊതുങ്ങി.' അങ്ങനെ അല്ലാഹുവിന്റെ റസൂൽ(സ്വ) അവരെ വിവാഹം ചെയ്തു. ഉമ്മുസലമ(റ) പറഞ്ഞു: 'അങ്ങനെ അബൂസലമയെക്കാൾ ഉത്തമനായ അല്ലാഹുവിന്റെ റസൂലി(സ്വ)നെ അല്ലാഹു എനിക്ക് പകരം നൽകി" (അഹ്മദ്).

ഉമ്മുസലമ(റ)യെ നബി(സ്വ) വിവാഹം ചെയ്യാനുണ്ടായ സാഹചര്യവും കാരണവും ഇതിൽനിന്നുതന്നെ വ്യക്തമാണല്ലോ. നാല് കുട്ടികളുടെയും ആരാരും സംരക്ഷിക്കാനില്ലാത്ത ഒരു സ്ത്രീയുടെയും സംരക്ഷണം മുന്നിൽ കണ്ടുകൊണ്ടാണ് നബി(സ്വ) ഉമ്മുസലമ(റ)യെ വിവാഹം ചെയ്യുന്നത്.

ബുദ്ധിമതിയായ മഹതിയായിരുന്നു ഉമ്മുസലമ(റ). ഹുദയ്ബിയ സന്ധി നടന്ന സന്ദർഭത്തിൽ ഒരു പ്രശ്നം മുസ്‌ലിംകൾക്കിടയിൽ ഉണ്ടായി. മദീനയിൽനിന്നും നബി(സ്വ)യും അനുചരന്മാരും ഉംറ നിർവഹിക്കാൻ മക്കയിലേക്ക് പുറപ്പെട്ടു. മക്കയുടെ അതിർത്തിയിൽ എത്തിയപ്പോൾ മുശ്‌രിക്കുകൾ നബി(സ്വ)യുടെ വരവിനെക്കുറിച്ചുള്ള വിവരമറിഞ്ഞു. അങ്ങനെ നബി(സ്വ)യെയും അനുചരന്മാരെയും തടയാൻ ക്വുറയ്ശികൾ തീരുമാനിച്ചു. ഹുദയ്ബിയ എന്ന സ്ഥലത്തുവെച്ച് അവർ നബി(സ്വ)യെയും സ്വഹാബിമാരെയും തടഞ്ഞു. നബി(സ്വ) അവരോട് തങ്ങളുടെ യാത്രയുടെ ലക്ഷ്യം ഉംറയാണെന്ന് ബോധ്യപ്പെടുത്താൻ ശ്രമിച്ചെങ്കിലും അവർ

**ഒരു അടിമക്ക് വല്ല ആപത്തും പിണഞ്ഞാൽ പറയേണ്ട പ്രാർഥനകളും ദിക്റുകളും അല്ലാഹു തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഉമ്മു സലമ(റ) പറയുന്നത് കാണുക: " അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു: 'ഒരു അടിമക്ക് വല്ല ആപത്തും പിണയുകയും, അങ്ങനെ അവൻ 'തീർച്ചയായും ഞങ്ങൾ അല്ലാഹുവിനുള്ളവരാണെന്നും ഞങ്ങൾ അവനിലേക്ക് തന്നെ മടക്കപ്പെടുന്നവരാണെന്നും അല്ലാഹുവേ, ഈ ആപത്തിൽനിന്ന് എനിക്ക് രക്ഷ നൽകുകയും ഇതിനെക്കാൾ ഉത്തമമായത് പകരം നൽകുകയും ചെയ്യണേ' എന്ന് പറയുകയും ചെയ്താൽ അല്ലാഹു ആ ആപത്തിൽനിന്ന് അവനെ രക്ഷിക്കാതിരിക്കുകയും അതിനെക്കാൾ ഉത്തമമായത് പകരം നൽകാതിരിക്കുകയും ചെയ്യുന്നതല്ല'' (അഹ്മദ്)**

അത് ഉൾകൊള്ളാൻ തയ്യാറായില്ല. അവസാനം അവരുമായി ഒരു കരാർ എഴുതി തിരിച്ചുപോരേണ്ടിവന്നു. കരാർ എഴുതി മുസ്‌ലിംകൾ മദീനയിലേക്ക് മടങ്ങാൻ ഒരുങ്ങിയപ്പോൾ പലർക്കും അത് വിഷമമുണ്ടാക്കി. നബി(സ്വ) ഓരോരുത്തരോടും ഇഹ്റാമിൽനിന്നും ഒഴിവാകുന്നതിന് വേണ്ടി ബലിയറുക്കാനും മുടികളയാനും നിർദേശിച്ചു. ലക്ഷ്യം പൂർത്തിയാക്കാതെ മടങ്ങുന്നതിൽ അവർക്ക് വല്ലാത്ത വിഷമം. അതിനാൽതന്നെ നബി(സ്വ) പറഞ്ഞതിനോട് അവർക്ക് വിയോജിപ്പുണ്ടായി. താൻ പറഞ്ഞത് കേൾക്കാത്തതിൽ അവിടുത്തേക്കും വലിയ വിഷമമുണ്ടായി. അങ്ങനെ നബി(സ്വ) തന്റെ കൂടാരത്തിലേക്ക് കയറി. അതിൽ മഹതി ഉമ്മുസലമ(റ) ഉണ്ടായിരുന്നു. മഹതിയോട് നബി(സ്വ) ഈ കാര്യങ്ങൾ വിവരിച്ചു. മഹതി നബി(സ്വ)ക്ക് ഒരു പരിഹാരമാർഗം പറഞ്ഞുകൊടുത്തു: 'നബിയേ, നിങ്ങൾ ഇനി അവരോട് യാതൊന്നും സംസാരിക്കരുത്. നിങ്ങൾ ആദ്യമായി പരസ്യമായി ബലിയറുക്കുക. തുടർന്ന് അങ്ങയുടെ മുടി കളയുകയും ചെയ്യുക. അപ്പോൾ അവർ അങ്ങയെ അനുഗമിക്കുന്നതായിതിക്കും.' നബി(സ്വ) അപ്രകാരം ചെയ്തു. ഇതു കണ്ട അനുചരന്മാർ നബിയെ പിന്തുടരുകയും ചെയ്തു.

നബി(സ്വ)യുടെ വഫാത്തിന് ശേഷം കൊല്ലങ്ങളോളം വിധവയായി മഹതി ജീവിച്ചു. പല പ്രശ്നങ്ങളിലും ധീരമായി ഇടപെടുകയും തന്റേതായ കർത്തവ്യം നിറവേറ്റുകയും ചെയ്തു. ഹിജ്റ 59, ദുൽഖഅ്ദ മാസത്തിൽ മഹതി ലോകത്തോട് യാത്രയായി. അന്ന് മഹതിക്ക് 84 വയസ്സായിരുന്നു.

**സയ്നബ് ബിൻത് ജഹ്ഷ്(റ)**

സയ്നബി(റ)ന്റെ പിതാവിന്റെ പേര് ജഹ്ഷ്, മാതാവ് ഉമയ്മ. നബി(സ്വ)യുടെ പിതൃസഹോദരി(അമ്മായി)യാണ് ഉമയ്മ. സയ്നബിനെ ആ പേരു വിളിച്ചത് നബി(സ്വ) യായിരുന്നു. ആദ്യകാലത്ത് അവരുടെ പേര് ബർറ എന്നായിരുന്നു. പുണ്യവതി എന്നതാണ് അതിന്റെ അർഥം. അതൊരു സ്വയം പുകഴ്ത്തൽ ആയതിനാൽ നബി(സ്വ) അത് മാറ്റുകയായിരുന്നു. കാരണം ആരാണ് പുണ്യവതിയെന്ന് അറിയുന്നവൻ അല്ലാഹുവാണല്ലോ. ഈ കാര്യം ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസിൽ നമുക്ക് കാണാൻ സാധിക്കും.

ആദ്യനാളുകളിൽ ധാരാളം പ്രയാസങ്ങൾ സഹിക്കേണ്ടിവന്ന മഹതിയാണ് സയ്നബ്(റ). തന്റെ വീട്ടുകാരിൽനിന്നും കുടുംബത്തിൽനിന്നും പീഡനങ്ങളും പ്രയാസങ്ങളും നേരിട്ടപ്പോൾ മദീനയിലേക്ക് മഹതി പലായനം ചെയ്തു. 30 വയസ്സുവരെ മഹതി അവിവാഹിതയായിരുന്നു. നബി(സ്വ) സയ്നബി(റ)നെ വിവാഹാലോചന നടത്തി. അത് നബി(സ്വ)ക്ക് വേണ്ടിയായിരുന്നില്ല; തന്റെ ദത്തുപുത്രനായ സയ്ദി(റ)ന് വേണ്ടിയായിരുന്നു. സയ്ദ് ഇബ്നു ഹാരിസ(റ) എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ നാമം. നബി(സ്വ)യുടെ ഇഷ്ടതോഴൻ എന്ന് ചരിത്രം വാഴ്ത്തിയ മഹാനായിരുന്നു സയ്ദ്(റ). ഖുർആനിൽ പേരു പരാമർശിച്ച ഏക സ്വഹാബി!

സയ്ദ്(റ) കൽബ് ഗോത്രത്തിലെ ഒരു സ്വതന്ത്രനായിരുന്നു. ചെറുപ്രായത്തിൽ മാതാവിന്റെ മടിത്തട്ടിൽ കളിച്ചുകൊണ്ടിരിക്കെ ഒരു കൊള്ളസംഘം കുട്ടിയെ തട്ടിയെടുത്തു. കുറേ കൊല്ലങ്ങൾക്കുശേഷം ഈ സംഘം ഉക്കാള് എന്ന ചന്തയിൽവെച്ച് വിറ്റു. 400 വെള്ളിക്കാണ് അവർ അദ്ദേഹത്തെ വിൽപന ചെയ്തത്. ഖദീജ(റ)യുടെ സഹോദരപുത്രനായ ഹകീം ഇബ്നുഹുസാമാണ് അദ്ദേഹത്തെ വാങ്ങിയത്. ഹകീം നബി(സ്വ)യുടെ കൂട്ടുകാരനും അടുത്തയാളുമായിരുന്നു. ഖദീജ(റ)ക്ക് വേണ്ടിയായിരുന്നു സയ്ദി(റ)നെ അദ്ദേഹം വാങ്ങിയത്. ഹകീം ഈ കുട്ടിയെ ഖദീജ(റ)ക്ക് ദാനം ചെയ്തു. പിന്നീട് ഖദീജ(റ) നബി(സ്വ)ക്ക് ഭൃത്യവേല ചെയ്യാനായി കുട്ടിയെ സമ്മാനമായി നൽകി. അങ്ങനെയാണ് സയ്ദ്(റ) നബി(സ്വ)യുടെ അടുത്ത് എത്തുന്നത്. ഈ കുട്ടിയെ നബി(സ്വ) നന്നായി ഇഷ്ടപ്പെട്ടിരുന്നു. സയ്ദ്(റ) ആദ്യ വിവാഹം ചെയ്തതിൽ ഉസാമ എന്ന ഒരു കുട്ടിയുണ്ടായിരുന്നു. ചരിത്രത്തിൽ ഉസാമ ഇബ്നു സയ്ദ്(റ) എന്ന് അറിയപ്പെട്ട മഹാനായ സ്വഹാബി. പിതാവിനെയും മകനെയും നബി(സ്വ) അതിരറ്റ് സ്നേഹിച്ചു. ഇരുവരും നബി(സ്വ)യുടെ പ്രിയങ്കരരായി.

സയ്ദി(റ)നെ നബി(സ്വ)യുടെ കൈയിൽ കിട്ടിയപ്പോൾ സ്വതന്ത്രനാക്കി. ഈ കാലത്ത് അദ്ദേഹത്തിന്റെ പിതാവിന് മകനെക്കുറിച്ചുള്ള വിവരം ലഭിച്ചു. അങ്ങനെ പിതാവും പിതൃവ്യനും നബി(സ്വ)യെ സമീപിച്ചു. കുട്ടിയെ വിട്ടുതരണമെന്ന് അവർ ആവശ്യപ്പെട്ടു. നബി(സ്വ) സയ്ദി(റ)ന്റെ ഇഷ്ടത്തിന് വിട്ടു. പിതാവ് സയ്ദി(റ)നോട് അഭിപ്രായം ചോദിച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ കൂടെ സ്വതന്ത്രനായി കഴിയുന്നതിനെക്കാൾ എനിക്കിഷ്ടം മുഹമ്മദ് നബി(സ്വ)യുടെ അടുത്ത് അടിമയായി കഴിയുന്നതാണ്.'

നബി(സ്വ)യുടെ അടുത്ത് അനുസരണയോടെ വളർന്ന കുട്ടിയെ ആളുകൾ സയ്ദ് ഇബ്നു മുഹമ്മദ് എന്നായിരുന്നു വിളിച്ചിരുന്നത്. നിങ്ങളുടെ വളർത്തുപുത്രന്മാർ നിങ്ങളുടെ മക്കളല്ല എന്ന് ഖുർആൻ വ്യക്തമാക്കിയതോടെ ആ വിളി വിരോധിക്കപ്പെട്ടു. ആദ്യകാലത്ത് ദത്തുപുത്രന്മാരെ സ്വന്തം മക്കളെപോലെയാണ് കണ്ടിരുന്നത്. അനന്തരസ്വത്തിന് പോലും അവകാശികളായിട്ടായിരുന്നു അറബികൾ അവരെ കണക്കാക്കിയിരുന്നത്.

"...നിങ്ങളിലേക്ക് ചേർത്തുവിളിക്കപ്പെടുന്ന നിങ്ങളുടെ ദത്തുപുത്രൻമാരെ അവൻ നിങ്ങളുടെ പുത്രൻമാരാക്കിയിട്ടുമില്ല. അതൊക്കെ നിങ്ങളുടെ വായ്കൊണ്ടു നിങ്ങൾ പറയുന്ന വാക്ക് മാത്രമാകുന്നു. അല്ലാഹു സത്യം പറയുന്നു. അവൻ നേർവഴി കാണിച്ചുതരികയും ചെയ്യുന്നു" (ഖുർആൻ 33:4).

അബ്ദുർറഹ്മാനുബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 47

# മുഹമ്മദ്

(മദീനയിൽ അവതരിച്ചത്)

فَهَلْ عَسَيْتُمْ إِن تَوَلَّيْتُمْ أَن تُفْسِدُوا۟ فِى ٱلْأَرْضِ وَتُقَطِّعُوٓا۟ أَرْحَامَكُمْ ﴿٢٢﴾

أُو۟لَـٰٓئِكَ ٱلَّذِينَ لَعَنَهُمُ ٱللَّهُ فَأَصَمَّهُمْ وَأَعْمَىٰٓ أَبْصَـٰرَهُمْ ﴿٢٣﴾

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ أَمْ عَلَىٰ قُلُوبٍ أَقْفَالُهَآ ﴿٢٤﴾

إِنَّ ٱلَّذِينَ ٱرْتَدُّوا۟ عَلَىٰٓ أَدْبَـٰرِهِم مِّنۢ بَعْدِ مَا تَبَيَّنَ لَهُمُ ٱلْهُدَى ۙ ٱلشَّيْطَـٰنُ سَوَّلَ لَهُمْ وَأَمْلَىٰ لَهُمْ ﴿٢٥﴾

ذَٰلِكَ بِأَنَّهُمْ قَالُوا۟ لِلَّذِينَ كَرِهُوا۟ مَا نَزَّلَ ٱللَّهُ سَنُطِيعُكُمْ فِى بَعْضِ ٱلْأَمْرِ ۖ وَٱللَّهُ يَعْلَمُ إِسْرَارَهُمْ ﴿٢٦﴾

فَكَيْفَ إِذَا تَوَفَّتْهُمُ ٱلْمَلَـٰٓئِكَةُ يَضْرِبُونَ وُجُوهَهُمْ وَأَدْبَـٰرَهُمْ ﴿٢٧﴾

22. എന്നാൽ നിങ്ങൾ തിരിഞ്ഞുകളയുകയാണെങ്കിൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നിങ്ങളുടെ കുടുംബബന്ധങ്ങൾ വെട്ടിമുറിക്കുകയും ചെയ്തേക്കുമോ?

23. അത്തരക്കാരെയാണ് അല്ലാഹു ശപിച്ചിട്ടുള്ളത്. അങ്ങനെ അവർക്ക് ബധിരത നൽകുകയും, അവരുടെ കണ്ണുകൾക്ക് അന്ധത വരുത്തുകയും ചെയ്തിരിക്കുന്നു.

24. അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിന്മേൽ പൂട്ടുകളിട്ടിരിക്കുകയാണോ?

25. തങ്ങൾക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷം പുറകോട്ട് തിരിച്ചുപോയവരാരോ, അവർക്ക് പിശാച് (തങ്ങളുടെ ചെയ്തികൾ) അലംകൃതമായി തോന്നിച്ചിരിക്കുകയാണ്; തീർച്ച. അവർക്ക് അവൻ(വ്യാമോഹങ്ങൾ) നീട്ടിയിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു.

26. അത്, അല്ലാഹു അവതരിപ്പിച്ചത് ഇഷ്ടപ്പെടാത്തവരോട് ചില കാര്യങ്ങളിൽ ഞങ്ങൾ നിങ്ങളുടെ കൽപന അനുസരിക്കാമെന്ന് അവർ പറഞ്ഞിട്ടുള്ളതുകൊണ്ടാണ്. അവർ രഹസ്യമാക്കിവെക്കുന്നത് അല്ലാഹു അറിയുന്നു.

27. അപ്പോൾ മലക്കുകൾ അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചുകൊണ്ട് അവരെ മരിപ്പിക്കുന്ന സന്ദർഭത്തിൽ എന്തായിരിക്കും അവരുടെ സ്ഥിതി!

22) തന്റെ രക്ഷിതാവിനെ അനുസരിക്കാതെ തിരിഞ്ഞുകളയുന്നവന്റെ അവസ്ഥയാണ് തുടർന്ന് അല്ലാഹു പറയുന്നത്. നന്മയിലേക്കല്ല അവൻ തിരിഞ്ഞുപോകുന്നത്. മറിച്ച് തിന്മയിലേക്കാണ്. അല്ലാഹു പറയുന്നു: (എന്നാൽ നിങ്ങൾ തിരിഞ്ഞു കളയുകയാണെങ്കിൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നിങ്ങളുടെ കുടുംബബന്ധങ്ങൾ വെട്ടിമുറിക്കുകയും ചെയ്തേക്കുമോ?)

രണ്ട് കാര്യങ്ങളുണ്ട്. ഒന്നുകിൽ അല്ലാഹുവിനെ അനുസരിച്ച് അവന്റെ കൽപനകൾ നിറവേറ്റുക. അതിലാണ് നന്മയും സന്മാർഗവും വിജയവും. അല്ലെങ്കിൽ അല്ലാഹുവിനെ അനുസരിക്കുന്നതിൽനിന്നും. തിരിഞ്ഞുകളയുക. അതിലുള്ളത് ഭൂമിയിൽ തെറ്റുകൾ ചെയ്ത് കുഴപ്പമുണ്ടാക്കുക, കുടുംബബന്ധങ്ങൾ മുറിക്കുകയും ചെയ്യുക.

23) (അത്തരക്കാരെയാകുന്നു) ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെയും കുടുംബബന്ധങ്ങളെ മുറിക്കുന്നവരെയും(അല്ലാഹു ശപിച്ചിട്ടുള്ളത്) അല്ലാഹു അവന്റെ കരുണയിൽനിന്നകറ്റുകയും അവന്റെ കോപത്തിലേക്ക് അടുപ്പിക്കുകകയും ചെയ്തവർ. (അങ്ങനെ അവർക്കവൻ ബധിരത നൽകുകയും അവരുടെ കണ്ണുകൾക്ക് അന്ധത വരുത്തുകയും ചെയ്തിരിക്കുന്നു). അതായത് ഉപകാരമുള്ളത് കാണുകയോ കേൾക്കുയോ ചെയ്യാത്തവരാക്കി. അവർക്ക് കാതുകളുണ്ട്; കീഴ്പ്പെടാനും സ്വീകരിക്കാനുമുള്ള കേൾവിയും. അവർ കേൾക്കുന്നത് അവർക്കെതിരെ അല്ലാഹുവിന് തെളിവ് നൽകാൻവേണ്ടി മാത്രമാണ്. അവർക്ക് കണ്ണുകളുണ്ട്. എന്നാൽ ദൃഷ്ടാന്തങ്ങളുടെ ഗുണഫലങ്ങളും അതുകൊണ്ടവർ കാണുന്നില്ല. തെളിവുകളിലേക്കും പ്രമാണങ്ങളിലേക്കും അവർ തിരിഞ്ഞു നോക്കുന്നുമില്ല.

24) അല്ലാഹുവിന്റെ ഗ്രന്ഥത്തെ അവഗണിക്കുന്നവർ അത് ചിന്തിക്കേണ്ടവിധം അതിനെക്കുറിച്ച് ചിന്തിച്ചു മനസ്സിലാക്കുന്നില്ല. അവരതിനെ ചിന്തിച്ച് മനസ്സിലാക്കിയിരുന്നുവെങ്കിൽ ധാരാളം നന്മകൾ അതവർക്ക് അറിയിച്ചുകൊടുക്കുമായിരുന്നു. ധാരാളം തിന്മകളെക്കുറിച്ച് അവരെ താക്കീത് ചെയ്യുകയും ചെയ്യുമായിരുന്നു. ഹൃദയങ്ങളിൽ ദൃഢവിശ്വാസവും നിറക്കുമായിരുന്നു. ഉയർന്ന സമ്മാനങ്ങളിലേക്കും ലക്ഷ്യങ്ങളിലേക്കും അതവരെ എത്തിക്കുമായിരുന്നു. അല്ലാഹുവിലേക്കും സ്വർഗത്തിലേക്കുമെത്തിക്കുന്ന വഴിയും അതിന്നാവശ്യമായതും അതിനെ തകരാറാക്കുന്നതും അവർക്കത് വ്യക്തമാക്കിക്കൊടുക്കും. ശിക്ഷയിലേക്കെത്തിക്കുന്ന വഴികളും അതിനെന്തൊക്കെ സൂക്ഷിക്കണമെന്നും അവർക്ക് അവരുടെ രക്ഷിതാവിനെയും അവന്റെ നാമങ്ങളും വിശേഷണങ്ങളും അനുഗ്രഹങ്ങളും മനസ്സിലാക്കാനുമാകും. മഹത്തായ പ്രതിഫലത്തിന് ആഗ്രഹിപ്പിക്കുകയും വിനാശകരമായ ശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തുകയും ചെയ്യും. (അതല്ല ഹൃദയങ്ങളുടെ മേൽ പൂട്ടുകൾ ഇട്ടിരിക്കയാണോ?) അശ്രദ്ധയും അവഗണനയും ആ ഹൃദയത്തിൽ പൂട്ടിട്ടിരിക്കുന്നു. ഒരു നന്മയും ഒരിക്കലും കടന്നുചെല്ലാത്ത വിധം ഇതാണ് സംഭവിച്ചത്.



25) സത്യവിശ്വാസവും സന്മാർഗവും വിട്ട് വഴികേടിലേക്കും അവിശ്വാസത്തിലേക്കും തിരിച്ചുപോയവരെക്കുറിച്ചാണ് ഇവിടെ അല്ലാഹു പരാമർശിക്കുന്നത്. അതിന്നവർക്കൊരു തെളിവും പ്രമാണവുമില്ല. അതെല്ലാം ശത്രുവായ പിശാച് ശരിയായി തോന്നിച്ചത് മാത്രമാണ്. അവർക്കവൻ അലങ്കാരമായി കാണിച്ചുകൊടുക്കുന്നു.

يَعِدُهُمْ وَيُمَنِّيهِمْ ۖ وَمَا يَعِدُهُمُ الشَّيْطَانُ
إِلَّا غُرُورًا ﴿١٢٠﴾

“അവൻ അവർക്ക് വാഗ്ദാനങ്ങൾ നൽകുകയും അവരെ വ്യാമോഹിപ്പിക്കുകയും ചെയ്യുന്നു. പിശാച് അവർക്ക് നൽകുന്ന വാഗ്ദാനം(വഞ്ചനയല്ലാതെ മറ്റൊന്നുമല്ല)” (4:120)

26) (അത്) അവർക്ക് സന്മാർഗം വ്യക്തമായി, അതിലവർ വിരക്തി കാണിച്ചു. നിരാകരിക്കുകയും ചെയ്തു. (അല്ലാഹു അവതരിപ്പിച്ചത് ഇഷ്ടപ്പെടാത്തവരോട് അവർ പറഞ്ഞത്) അല്ലാഹുവിനോടും അവന്റെ ദൂതനോടും ശത്രുത പ്രകടിപ്പിച്ചവരോട്. (ചില കാര്യങ്ങളിൽ ഞങ്ങൾ നിങ്ങളുടെ കൽപന അനുസരി ക്കാമെന്ന്) അവരുടെ താൽപര്യങ്ങളോട് യോജിക്കുന്നവ. അതിനാൽ നിത്യശിക്ഷയിലേക്കും ശാശ്വത കഷ്ടപ്പാടിലേക്കും എത്തിക്കുന്നതിൽ നിലനിൽക്കലും വഴിതെറ്റലും അവർക്ക് അല്ലാഹു ശിക്ഷയായി നൽകി(അവർ രഹസ്യമാക്കിവെക്കുന്നത് അല്ലാഹു അറിയുന്നു). അതിനാലാണ് അല്ലാഹു അവരെ വഷളാക്കുകയും അവരുടെ രഹസ്യം സത്യവിശ്വാസസികൾക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്യുന്നത്. അവർ വഞ്ചിക്കപ്പെടാതിരിക്കാൻ വേണ്ടി.

27) (അപ്പോൾ എന്തായിരിക്കും അവരുടെ സ്ഥിതി) മോശമായ അവരുടെ അവസ്ഥയും ദാരുണമായ അവരുടെ കാഴ്ചയും നീ കണ്ടാൽ (മലക്കുകൾ അവരെ മരിപ്പിക്കുന്ന സന്ദർഭം) അവരുടെ ആത്മാവിനെ പിടിക്കാൻ ഏൽപിക്കപ്പെട്ടവർ (അവരുടെ മുഖത്തും പിൻഭാഗത്തും അടിച്ചുകൊണ്ട്) ശക്തമായ ദണ്ഡുകൾകൊണ്ട്.



# തശഹ്ഹുദിലെ പ്രാർഥന; നാം അറിയേണ്ടത്

ദുൽക്കർഷാൻ അലനല്ലൂർ

: 9447745299

**3. ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽനിന്നുള്ള കാവൽ തേടൽ**

ജീവിതം പരീക്ഷണങ്ങൾ നിറഞ്ഞതാണ്. ക്ഷമയും സഹനവും പ്രാർഥനയുമാണ് ജീവിതത്തിലെ പരീക്ഷണങ്ങളെ തരണം ചെയ്യാനുള്ള ആയുധം. അതിലൂടെയാണ് ആത്യന്തിക വിജയം കൈവരിക്കാനാകുന്നതും. അല്ലാഹു മനുഷ്യരെ പരീക്ഷിക്കും എന്ന് സംശയത്തിനിടയില്ലാത്ത വിധം പ്രഖ്യാപിച്ചിട്ടുണ്ട്. പരീക്ഷണങ്ങളിൽ വിജയിക്കുക ക്ഷമാലുക്കളാണ്. ക്ഷമിക്കുന്നവർക്ക് അല്ലാഹു സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും.

ജീവിതം പരീക്ഷണങ്ങൾ നിറഞ്ഞതാണ്. ക്ഷമയും സഹനവും പ്രാർഥനയുമാണ് ജീവിതത്തിലെ പരീക്ഷണങ്ങളെ തരണം ചെയ്യാനുള്ള ആയുധം. അതിലൂടെയാണ് ആത്യന്തിക വിജയം കൈവരിക്കാനാകുന്നതും. അല്ലാഹു മനുഷ്യരെ പരീക്ഷിക്കും എന്ന് സംശയത്തിനിടയില്ലാത്തവിധം പ്രഖ്യാപിച്ചിട്ടുണ്ട്. പരീക്ഷണങ്ങളിൽ വിജയിക്കുക ക്ഷമാലുക്കളാണ്. ക്ഷമിക്കുന്നവർക്ക് അല്ലാഹു സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കുന്നുണ്ട്.

(അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2:155).

അല്ലാഹുവിങ്കൽനിന്നുള്ള പരീക്ഷണം രണ്ടുവിധത്തിലുണ്ട്; തിന്മ മുഖേനയും നന്മ മുഖേനയും. അല്ലാഹു പറയുന്നു: "ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (21:35).

തിന്മയിൽ ക്ഷമയും സഹനവും, നന്മയിൽ നന്ദിയും കൂറും പുലർത്തുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്. അപ്രകാരം അല്ലാഹുവിനോട് നന്ദി കാണിച്ചാൽ അവർക്കുതന്നെയാണ് അതിന്റെ ഗുണം ലഭിക്കുക.

അല്ലാഹു പറയുന്നു: "നിങ്ങൾ നന്ദി കാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)" (14:7).

അല്ലാഹുവിന്റെ കഠിനമായ പരീക്ഷണങ്ങൾക്ക് വിധേയമായവർ പ്രവാചകന്മാരാണ്. വിശ്വാസത്തിന്റെ ദൃഢതക്കനുസരിച്ചായിരിക്കും ഓരോരുത്തരും പരീക്ഷിക്കപ്പെടുക. ഏറ്റവും ശക്തമായ വിശ്വാസമുള്ളത് പ്രവാചകന്മാർക്കുതന്നെയാണല്ലോ. അതുകൊണ്ട് തന്നെ അവരാണ് ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെട്ടതും. അതിക്രൂരമായി കൊല്ലപ്പെട്ട പ്രവാചകന്മാർ പോലും കഴിഞ്ഞുപോയിട്ടുണ്ട്.

മുഹമ്മദ് നബി(സ്വ)യും ഏറെ ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുചരന്മാർക്കും കഠിനമായ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. പ്രവാചകനും സ്വഹാബത്തിനും ശത്രുക്കളുടെ ഉപരോധംകാരണം മൂന്ന് വർഷത്തോളം



**മുഹമ്മദ് നബി(സ്വ)യും ഏറെ ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുചരന്മാർക്കും കഠിനമായ പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നിട്ടുണ്ട്. പ്രവാചകനും സ്വഹാബത്തിനും ശത്രുക്കളുടെ ഉപരോധം കാരണം മൂന്ന് വർഷത്തോളം ആവശ്യത്തിന് ഭക്ഷണവും വെള്ളവും ലഭിക്കാതെ മലഞ്ചെരുവിൽ പോയി താമസിക്കേണ്ടിവന്നിട്ടുണ്ട്. ഇസ്‌ലാമിനുവേണ്ടി ആദ്യമായി രക്തസാക്ഷ്യം വരിച്ചത് മഹതി സുമയ്യ(റ)യായിരുന്നു. ശത്രുക്കളാൽ കൊലചെയ്യപ്പെട്ട എത്രയോ സ്വഹാബിമാരുണ്ട്.**

ആവശ്യത്തിന് ഭക്ഷണവും വെള്ളവും ലഭിക്കാതെ മലഞ്ചെരുവിൽ പോയി താമസിക്കേണ്ടിവന്നിട്ടുണ്ട്. ഇസ്‌ലാമിനുവേണ്ടി ആദ്യമായി രക്തസാക്ഷ്യം വരിച്ചത് മഹതി സുമയ്യ(റ)യായിരുന്നു. ശത്രുക്കളാൽ കൊലചെയ്യപ്പെട്ട എത്രയോ സ്വഹാബിമാരുണ്ട്.

അതിനാൽ നാം മനസ്സിലാക്കേണ്ടത് സത്യവിശ്വാസികൾക്കാണ് ജീവിതത്തിൽ കൂടുതൽ പരീക്ഷണം നേരിടേണ്ടി വരിക എന്നാണ്. പരീക്ഷണ നാളുകളിൽ ക്ഷമാപൂർവം, ദീനിൽനിന്ന് ഉൾവലിയാതെ, ഉറച്ച വിശ്വാസത്തോടെയും സൽകർമനിരതരായും മുന്നോട്ടുപോകാൻ സാധിക്കണം. അവർക്കാണ് ആത്യന്തികമായി വിജയം ലഭിക്കുക.

ജീവിതവും മരണവും അല്ലാഹു സൃഷ്ടിച്ചത് എന്തിനുവേണ്ടിയാണെന്ന് വിശുദ്ധ ക്വുർആനിലൂടെ നമ്മെ അറിയിക്കുന്നുണ്ട്. അല്ലാഹു പറഞ്ഞു: "നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (67:2).

വിശ്വാസികളെല്ലാം സൽകർമങ്ങൾ ചെയ്യുന്നവരാണ്. എന്നാൽ ഏറ്റവും നന്നായി ചെയ്യുന്നവർ വളരെ കുറച്ച് മാത്രമേയുള്ളൂ. എങ്ങനെയാണ് ഏറ്റവും നന്നായി കർമങ്ങൾ ചെയ്യുക? ഒരു ഉദാഹരണം കാണാം: സ്വുബ്ഹി നമസ്കാരത്തിനുവേണ്ടി എഴുന്നേൽക്കുകയും വുദൂഅ് ചെയ്യുകയും പള്ളിയിലേക്ക് കാൽനടയായി പുറപ്പെടുകയും പള്ളിയിലെത്തി സ്വുബ്ഹ് ജമാഅത്തിൽ പങ്കെടുക്കുകയും ചെയ്ത ഒരു വിശ്വാസി നിർബന്ധ ബാധ്യത നിറവേറ്റി. എന്നാൽ മറ്റൊരു വിശ്വാസി സ്വുബ്ഹിക്ക് നേരത്തെ എഴുന്നേൽക്കുകയും വുദൂഅ് ചെയ്യുകയും സ്വുബ്ഹിയുടെ രണ്ട് റക്അത്ത് റവാത്തിബ് സുന്നത്ത് നമസ്കരിക്കുകയും പള്ളിയിലേക്ക് കാൽനടയായി പുറപ്പെടുകയും പള്ളിയിലെത്തി തഹിയ്യത്ത് നമസ്കരിക്കുകയും ശേഷം സ്വുബ്ഹി നമസ്കാരത്തെ പ്രതീക്ഷിച്ച് കാത്തിരിക്കുകയും ചെയ്ത വ്യക്തിയും ബാധ്യത നിർവഹിച്ചു. എന്നാൽ ഇതിൽ ഒന്നാമത്തെയാളാണോ രണ്ടാമത്തെയാളാണോ ഏറ്റവും നന്നായി പ്രവർത്തിച്ചത്? സംശയമില്ല, രണ്ടാമത്തെയാൾ തന്നെ. ഇതുപോലെയായിരിക്കണം ഏതൊരു കർമത്തെയും നാം സ്വീകരിക്കേണ്ടത്.

സാധാരണ ഗതിയിലുള്ള ഒരു ബാധ്യതാനിർവഹണം എന്നതിനപ്പുറം പരലോകത്ത് ഏറ്റവും നല്ല പ്രതിഫലം ലഭിക്കണമെന്ന താൽപര്യമാണ് കർമങ്ങൾ നിർവഹിക്കുമ്പോൾ നമുക്കുണ്ടാവേണ്ടത്. സ്വന്തത്തോടുള്ള ബാധ്യതയായ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, ദാനധർമം, ജോ

ലിയിലുള്ള ഉത്തരവാദിത്ത നിർവഹണം, മാതാപിതാക്കളോടും ഇണയോടും സന്താനങ്ങളോടുമുള്ള കടമകൾ നിർവഹിക്കൽ തുടങ്ങി ഏതു കാര്യവും ഏറ്റവും നന്നായി ചെയ്യുവാൻ വിശ്വാസിക്ക് സാധിക്കണം. അത്തരം വ്യക്തികൾക്കാണ് സന്തോഷത്തോടെ ഇഹലോകത്തോട് വിട പറയുവാൻ സാധിക്കുക.

വിശ്വാസികളുടെയും അവിശ്വാസികളുടെയും ആത്മാവിനെ അല്ലാഹുവിന്റെ മലക്കുകൾ പിടികൂടുന്ന രംഗം ധാരാളം ഹദീസുകളിൽ വന്നിട്ടുണ്ട്. വിശ്വാസിയാണെങ്കിൽ അവന്റെ മരണത്തിന്റെ സമയം മുതൽ തന്നെ അവന് ലഭിക്കാനിരിക്കുന്ന സുഖാനുഭവങ്ങളെ കുറിച്ച് സന്തോഷത്തോടെ റബ്ബിലേക്ക് യാത്രതിരിക്കാനാവും.

വിശ്വാസികളുടെ മരണവേളയിൽ മലക്കുകളുടെ ആഗമനത്തെ വർണിച്ച് നബി(സ്വ) ഇപ്രകാരം പറയുകയുണ്ടായി: “നിശ്ചയം, വിശ്വാസിയായ ദാസന് ദുൻയാവിനോട് ബന്ധം മുറിയുവാനും ആഖിറത്തിലേക്ക് മുന്നിടുവാനും സമയമായാൽ അവനിലേക്ക് ആകാശത്തുനിന്നുള്ള മലക്കുകൾ ഇറങ്ങുകയായി. സൂര്യസമാനമായ വെളുത്ത മുഖമുള്ളവരായിരിക്കും അവർ. അവരോടൊപ്പം സ്വർഗീയ കഫനുകളിൽ നിന്നുള്ള ഒരു കഫനും സ്വർഗീയ സുഗന്ധങ്ങളിൽനിന്നുള്ള സുഗന്ധക്കൂട്ടുമുണ്ടായിരിക്കും. അവന്റെ ദൃഷ്ടി ചെന്നെത്തുന്ന ദൂരത്ത് അവർ ഇരിക്കും. ശേഷം മലക്കുൽ മൗത്ത് വന്ന് അവന്റെ തലക്കരികിൽ ഇരിക്കും. മലക്കുൽ മൗത്ത് പറയും: ‘അല്ലയോ ശുദ്ധവും ശാന്തവുമായ ആത്മാവേ, അല്ലാഹുവിൽനിന്നുള്ള പാപമോചനത്തിലേക്കും പ്രീതിയിലേക്കും നീ പുറപ്പെട്ടുകൊള്ളുക.’ അതോടെ, വെള്ളപ്പാത്രത്തിന്റെ വായിൽനിന്ന് വെള്ളത്തുള്ളി ഒലിച്ചിറങ്ങുന്നപ്രകാരം ആത്മാവ് അവനിൽനിന്ന് ഒലിച്ച് പുറത്തുവരും. അപ്പോൾ മലക്കുൽമൗത്ത് അതിനെ സ്വീകരിക്കും” (അഹ്മദ്, അബൂദാവൂദ്).

**സാധാരണ ഗതിയിലുള്ള ഒരു ബാധ്യതാനിർവഹണം എന്നതിനപ്പുറം പരലോകത്ത് ഏറ്റവും നല്ല പ്രതിഫലം ലഭിക്കണമെന്ന താൽപര്യമാണ് കർമങ്ങൾ നിർവഹിക്കുമ്പോൾ നമുക്കുണ്ടാവേണ്ടത്. സ്വന്തത്തോടുള്ള ബാധ്യതയായ നമസ്‌കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, ദാനധർമം, ജോലിയിലുള്ള ഉത്തരവാദിത്ത നിർവഹണം, മാതാപിതാക്കളോടും ഇണയോടും സന്താനങ്ങളോടുമുള്ള കടമകൾ നിർവഹിക്കൽ തുടങ്ങി ഏതു കാര്യവും ഏറ്റവും നന്നായി ചെയ്യുവാൻ വിശ്വാസിക്ക് സാധിക്കണം. അത്തരം വ്യക്തികൾക്കാന് സന്തോഷത്തോടെ ഇഹലോകത്തോട് വിടപറയുവാൻ സാധിക്കുക.**

അല്ലാഹു പറയുന്നു: “ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ള വരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞുകൊള്ളുക. ഐഹിക ജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിങ്കൽനിന്നുള്ള സൽക്കാരമത്രെ അത്” (41:30-32).

എന്നാൽ അവിശ്വാസിയാണെങ്കിൽ മരണത്തോടെ നിരാശയുടെയും ദുഃഖഭാരത്തിന്റെയും അവസ്ഥയിലുള്ള അവന്റെ വിലാപയാത്ര ആരംഭിക്കും.

കഠിനന്മാരും കറുത്തിരുണ്ട മുഖമുള്ളവരുമായ മലക്കുകൾ അവിശ്വാസിയെ മരണവേളയിൽ സമീപിക്കും. അവർ ‘സുവിശേഷ’ വാഹകരുമായിരിക്കും; പക്ഷേ, ശാപം ചൊരിഞ്ഞും കോപം മൊഴിഞ്ഞുമായിരിക്കും പ്രസ്തുത സുവിശേഷമറിയിക്കൽ. അവിശ്വാസിയുടെ മരണവേള വർണിച്ച് നബി(സ്വ) പറയുകയുണ്ടായി:

“നിശ്ചയം, കാഫിറും തെമ്മാടിയുമായ ദാസന് ദുൻയാവിനോട് ബന്ധം മുറിയുവാനും ആഖിറത്തിലേക്ക് മുന്നിടുവാനും സമയമായാൽ അവനിലേക്ക് കഠിനന്മാരും പരുക്കന്മാരും കറുത്ത മുഖമുള്ളവരുമായ മലക്കുകൾ ഇറങ്ങിവരും. അവരോടൊപ്പം നരകത്തിൽനിന്നുള്ള പരുത്ത രോമ വസ്ത്രം ഉണ്ടായിരിക്കും. അവനിൽനിന്ന് ദൃഷ്ടി ചെന്നെത്തുന്ന ദൂരം അവർ ഇരിക്കും. ശേഷം മലക്കുൽമൗത്ത് വന്ന് അവന്റെ തലക്കരികിൽ ഇരിക്കും. മലക്കുൽമൗത്ത് പറയും: ‘അല്ലയോ മ്ലേഛമായ ആത്മാവേ, അല്ലാഹുവിൽനിന്നുള്ള കോപത്തിലേക്കും ക്രോധത്തിലേക്കും പുറപ്പെട്ടുകൊള്ളുക.’ അതോടെ ആത്മാവ് അവന്റെ ശരീരത്തിൽ ചിതറുകയായി. അപ്പോൾ മലക്കുൽമൗത്ത് അതിനെ ഊരിയെടുക്കും. നനഞ്ഞ പഞ്ഞിയിൽ ധാരാളം കൊളുത്തുകളുള്ള ദണ്ഡുകൊണ്ട് വലിച്ച് ഊരിയെടുക്കുന്നതു പോലെ. അവന്റെ ഞരമ്പുകളെയും നാഡികളെയും അതോടെ അത് മുറിച്ചുകളയുന്നതാണ്” (അഹ്മദ്, അബൂദാവൂദ്).

അല്ലാഹു നമ്മെ ഏറ്റവും നല്ല മരണം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ചീത്ത മരണത്തിൽനിന്ന് നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ.

അല്ലാഹു പറഞ്ഞു: “ഹേ, സമാധാനമടഞ്ഞ ആത്മാവേ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് തൃപ്തിപ്പെട്ടുകൊണ്ടും, തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ അടിയാന്മാരുടെ കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക. എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക” (89: 27-30). *(തുടരും)*

കവിത

# കാവി തെളിയാത്ത കണ്ണട

സുലൈമാൻ പെരുമുക്ക്



നിറങ്ങളെല്ലാം
തെളിഞ്ഞു കാണുന്ന
കണ്ണടയായിരുന്നു പണ്ട്
എല്ലാവരും വെച്ചിരുന്നത്.
ഇന്ന്
ഒരു പ്രത്യേകനിറം മാത്രം
കടുംനിറത്തിൽ
തെളിയുന്നതും
മറ്റൊരു പ്രത്യേകനിറം
മങ്ങിമായുന്നതുമായ
കണ്ണടയ്ക്കാണ്
പലർക്കും
ഏറെ പ്രിയം!
ചില നിറങ്ങൾ
മുന്നിൽ കണ്ടാൽ
മുക്രയിട്ടോടുന്ന
പോത്തിനെ പോലെയാണ്
ഇന്ന് ചില ഇരുകാലികൾ!
ചുക്കിച്ചുളിഞ്ഞ
മൗനങ്ങൾക്കുപോലും
കണ്ണഞ്ചിപ്പിക്കുന്ന
സമ്മാനങ്ങൾ
കാവിച്ചന്തയിൽ
വെച്ചിരിക്കുന്നതു കണ്ടാൽ
ആരും ഒന്നു നോക്കും...!
നിയമം
നിയമത്തിന്റെ വഴിയിൽ
ഒഴുകുന്നതാണിഷ്ടമെന്ന്
പറയുമ്പോഴും
ഒരേ തെറ്റിന്
നിറം നോക്കിയുള്ള
ഇടുങ്ങിയ ചിന്തകളുടെ
ഇരട്ടനീതിയാണ്
പലപ്പോഴും കാണുന്നത്.

■

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JUNE 04

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App